VOL NO: 03 | ISSUE 50

# നേർപഥം


വാരിക

www.nerpatham.com | mail@nerpatham.com

2019 DECEMBER 14 | ₹12

## അവർ മണ്ണുവാരി കളിക്കുകയല്ല; മണ്ണ് തിന്നുകയാണ്!

തിരുവനന്തപുരത്ത് ഒരു കുടുംബത്തിലെ കുട്ടികൾ മണ്ണുവാരിക്കളിക്കേണ്ട പ്രായത്തിൽ മണ്ണ് വാരിത്തിന്ന് വിശപ്പടക്കുന്നു എന്ന വാർത്ത ഞെട്ടലോടെയാണ് കേട്ടത്. ഒരു സംസ്ഥാനത്ത് പട്ടിണി കിടക്കുന്ന, വിശപ്പടക്കാൻ നിവൃത്തിയില്ലാതെ കഴിയുന്ന എല്ലാവരെയും കാണാനും അറിയാനും മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കും കഴിയുകയില്ല എന്നത് വസ്തുതയാണ്. എന്നാൽ സമൂഹത്തിന്റെ താഴെ തട്ടിലുള്ളവരുടെ ഉന്നമനത്തിനായി രൂപീകരിച്ച പല ക്ഷേമകാര്യ വകുപ്പുകളും നമ്മുടെ സംസ്ഥാനത്തുണ്ട്. അവരും അവരുടെ കീഴിലുള്ള ജോലിക്കാരും തങ്ങളുടെ ജോലി ആത്മാർഥമായി ചെയ്യുകയാണെങ്കിൽ ഇനിയെങ്കിലും ഇത്തരം വാർത്തകൾ നമുക്ക് കേൾക്കേണ്ടിവരില്ല.



## നിലതെറ്റുന്ന നിയമപാലനം

നാടിന്റെ കാവൽസേനയാണ് പോലീസ് ഡിപ്പാർട്ട്മെന്റ്. മാറിവരുന്ന അധികാരകേന്ദ്രങ്ങളെ തൃപ്തിപ്പെടുത്തുക എന്നതിനപ്പുറം പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ഉത്തരവാദിത്തമുള്ളവരാണവർ. അന്യായമായ കാര്യങ്ങളെ നേരിടുന്നതോടൊപ്പം തന്നെ സമൂഹത്തിന്റെ ന്യായമായ അവകാശങ്ങളെ പരിഗണിക്കാൻ കൂടി തയ്യാറാവുമ്പോഴേ പോലീസുകാരന് താൻ ധരിക്കുന്ന യൂണിഫോമിനോട് നീതി പുലർത്താനാവൂ.

|| ഇന്ത്യ: സാമ്പത്തിക മാന്ദ്യവും രാഹുൽ ബജാജിന്റെ പ്രതികരണവും

|| മലബാറിലെ സ്വാതന്ത്ര്യസമര ചരിത്രം

|| വിമർശകരുടെ അടിത്തറയിളക്കിയ ഡയലോഗ് 2.0

|| ക്വുർആൻ ക്രോഡീകരണം

WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |

# നേർപഥം
വാരിക

0152 / 2019 ഡിസംബർ 14 / 1441 റബിഉൽ ആഖിർ 17 / പുസ്തകം 3 / ലക്കം 50





# നിലതെറ്റുന്ന നിയമപാലനം


നബീൽ പയ്യോളി / 10

**മുഖമൊഴി**

അവർ മണ്ണുവാരി കളിക്കുകയല്ല; മണ്ണ് തിന്നുകയാണ്! / 05
എഡിറ്റർ

**ലേഖനം**

പലായനം ഒളിച്ചോട്ടമല്ല / 07
അബ്ബാസ് ചെറുതുരുത്തി

ഇന്ത്യ: സാമ്പത്തിക മാന്ദ്യവും രാഹുൽ ബജാജിന്റെ പ്രതികരണവും / 14
സജ്ജാദ് ബിൻ അബ്ദു റസാക്ക്

മലബാറിലെ സ്വാതന്ത്ര്യസമര ചരിത്രം / 18
യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

ക്വുർആൻ ക്രോഡീകരണം / 29
ശമീർ മദീനി

**ക്വുർആൻ പാഠം**

അല്ലാഹു എല്ലാവരുടെയും ആരാധ്യൻ / 17
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**ചരിത്രപഥം**

സഈദ്ബ്നു ആമിർ അൽജുമഹി(റ) / 20
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

**ജാലകം**

കുടുംബത്തോടൊപ്പം സന്തോഷത്തോടെ / 26
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ക്വുർആൻ ദർശനം**

ഹാഖ്ഖ (യഥാർഥ സംഭവം) / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കൂട്ടായ്മ**

വിമർശകരുടെ അടിത്തറയിളക്കിയ ഡയലോഗ് 2.0 / 34
ടി.കെ.അശ്റഫ്



Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# വിശുദ്ധ ക്വുർആൻ:
## വർഗീയതയും വംശീയതയും നിരാകരിച്ച വേദഗ്രന്ഥം
## ആയിരങ്ങൾ പങ്കെടുത്ത ഡയലോഗ് സമാപിച്ചു

കണ്ണൂർ: വർഗീയതയും വംശീയതയും നിരാകരിക്കുകയും അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ ശക്തമായി അപലപിക്കുകയും ചെയ്ത വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആനെന്നും വിസ്ഡം യൂത്ത് സംസ്ഥാന സമിതി കണ്ണൂർ കലക്ട്രേറ്റ് മൈതാനിയിൽ സംഘടിപ്പിച്ച ഡയലോഗ് 2.0 അഭിപ്രായപ്പെട്ടു.

വിശുദ്ധ ക്വുർആൻ ദൈവികം കാലികം എന്ന പ്രമേയത്തിലാണ് ഡയലോഗ് സംഘടിപ്പിച്ചത്.

കാലാതീതമായ ഏത് സാമൂഹിക സാഹചര്യത്തിലും അനുയോജ്യമായ ധാർമിക അധ്യാപനങ്ങളും വ്യവസ്ഥകളും ഉൾക്കൊള്ളുന്ന സന്ദേശമാണ് ക്വുർആൻ മുന്നോട്ട് വെക്കുന്നത്.

മാനവിക മൂല്യങ്ങളും മനുഷ്യാവകാശങ്ങളും ശക്തമായി ഉദ്ബോധിപ്പിക്കുകയും അത്തരം സാമൂഹിക സാഹചര്യങ്ങൾക്കുവേണ്ടി ധാർമികമായ പോരാട്ടത്തിനുള്ള ആഹ്വാനം നൽകുകയുമാണ് വിശുദ്ധ ക്വുർആൻ നടത്തിയത്.

അന്ധവിശ്വാസങ്ങൾക്കും അനാചരങ്ങൾക്കുമെതിരെ വിശുദ്ധ ക്വുർആൻ മുന്നോട്ട് വെക്കുന്ന സന്ദേശങ്ങളെ സമൂഹത്തിൽ പ്രചരിപ്പിക്കാൻ യുവജന സമൂഹം മുന്നോട്ട് വരണം. വിശുദ്ധ ക്വുർആനിലെ സാമൂഹിക നവോത്ഥാനവും, സാഹോദര്യ സന്ദേശവും ആധുനിക സമൂഹം പഠനവിധേയമാക്കണം.

സ്ത്രീ സമൂഹത്തിനും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പാക്കാൻ വിശുദ്ധ ക്വുർആൻ പഠിപ്പിക്കുന്ന സന്ദേശങ്ങളുടെ പ്രചാരണം വ്യാപകമാക്കണം.

സന്ദർഭത്തിനനുസരിച്ച് ക്വുർആനിക വചനങ്ങളെ അടർത്തിയെടുത്ത് സാമൂഹത്തിൽ വിഭാഗീയതക്ക് ശ്രമിക്കുന്നവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർ തയ്യാറാകണം. വിശുദ്ധ ക്വുർആനിന്റെ വിശദീകരണമായ ഹദീസുകളെ തള്ളുകയും ക്വുർആനിനെ മഹത്വവൽകരിക്കുകയും ചെയ്യുന്നവർ ഇസ്‌ലാമിന്റെ അടിസ്ഥാന ആശയങ്ങളെ നിരാകരിക്കുകയാണ് ചെയ്യുന്നത്. ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ നവോഥാന സംരംഭങ്ങൾക്കേ സമൂഹത്തിൽ ക്രിയാത്മകമായപരിവർത്തനം സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ.

പ്രമുഖ ക്വുർആൻ പണ്ഡിതനും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡൻറുമായ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ സെക്രട്ടറി കെ.സജ്ജാദ് അധ്യക്ഷത വഹിച്ചു. വിസ്ഡം സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ.അശ്റഫ്, ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി, അബൂബക്കർ സലഫി, പ്രൊഫ. ഹാരിസ്ബ്നു സലിം, സ്വാദിഖ് മദീനി, ശമീർ മദീനി, സി.പി.സലിം, അബ്ദുൽ മാലിക് സലഫി, താജുദ്ദീൻ സ്വലാഹി, സി.മുഹമ്മദ് അജ്മൽ, സി.പി അബ്ദുല്ല ബാസിൽ, കെ.അബ്ദുല്ല ഫാസിൽ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. അബ്ദുൽ നാസർ സ്വലാഹി, മുജീബുല്ല അൻസാരി, അബൂബക്കർ ഫാറൂഖി, ഹുസൈൻ കാവന്നൂർ, കെ.സി അയ്യൂബ്, യു.മുഹമ്മദ് മദനി, മുജീബ് ഒട്ടുമ്മൽ, അൻവർ എടത്തനാട്ടുകര, ശരീഫ് ഏലാംകോട്, അഷ്റഫ് അബൂബക്കർ എന്നിവർ സംബന്ധിച്ചു.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി യുവാക്കളും സ്ത്രീകളുമടക്കം ആയിരങ്ങൾ കലക്ട്രേറ്റ് മൈതാനിയിൽ വെച്ച് നടന്ന വിസ്ഡം ഡയലോഗിൽ പങ്കെടുത്തു.

### ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

മുഖമൊഴി

# അവർ മണ്ണുവാരി കളിക്കുകയല്ല; മണ്ണ് തിന്നുകയാണ് !

**തി**രുവനന്തപുരം കൈതമുക്കിലെ പുറംപോക്കിൽ താമസിച്ചിരുന്ന ഒരു കുടുംബത്തിലെ കുട്ടികൾ മണ്ണുവാരിക്കളിക്കേണ്ട പ്രായത്തിൽ മണ്ണ് വാരിത്തിന്ന് വിശപ്പടക്കുന്നു എന്ന വാർത്ത കാട്ടുതീപോലെ പടർന്ന് പിടിക്കുകയായിരുന്നു. അതോടെ സമൂഹം ഉണർന്നു. ഭരണകൂടം ഇടപെട്ടു. ആറു കുട്ടികളിൽ നാലുപേരെ ശിശുക്ഷേമ സമിതി ഏറ്റെടുത്തു. അവരുടെ വിദ്യാഭ്യാസം, ഭക്ഷണം എന്നിവയുടെ ചുമതല സമിതി വഹിക്കും എന്ന് പ്രസ്താവിച്ചു. കുട്ടികളെ സാമൂഹ്യനീതി വകുപ്പ് സംരക്ഷിക്കുമെന്ന് മന്ത്രി കെ.കെ.ശൈലജയും പ്രഖ്യാപിച്ചു. കുട്ടികൾക്ക് കുടുംബവുമായി ചേർന്ന് താമസിക്കാൻ സൗകര്യം ഒരുക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. എല്ലാം പെട്ടെന്നായിരുന്നു! പ്രഖ്യാപനത്തിനപ്പുറം ഏതൊക്കെ നടക്കും, എത്രകാലം മുന്നോട്ട് പോകും എന്നതൊക്കെ വഴിയെ കണ്ടറിയാം.

ഒരു സംസ്ഥാനത്ത് പട്ടിണി കിടക്കുന്ന, വിശപ്പടക്കാൻ നിവൃത്തിയില്ലാതെ കഴിയുന്ന എല്ലാവരെയും കാണാനും അറിയാനും മുഖ്യമന്ത്രിക്കും മറ്റു മന്ത്രിമാർക്കും കഴിയുകയില്ല എന്നത് വസ്തുതയാണ്. അതിൽ അവരെ പഴിചാരുന്നതിൽ അർഥമില്ല. എന്നാൽ അവരിലേക്ക്, അല്ലെങ്കിൽ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരിലേക്ക് ഏത് മുക്കുമൂലയിലെ എന്ത് പ്രശ്നവും കണ്ടെത്തി ആ വിവരം എത്തിക്കുവാനും പരിഹാരം കാണുവാനുമുള്ള സംവിധാനം നമ്മുടെ നാട്ടിലില്ലേ?

കൈതമുക്ക് അങ്ങ് ഉഗാണ്ടയിലൊന്നുമല്ല. ഭരണസിരാകേന്ദ്രം നിലകൊള്ളുന്ന തിരുവനന്തപുരത്താണ്. കോർപ്പറേഷന്റെ പരിധിയിൽ പെടുന്നതാണോ അതോ പഞ്ചായത്തിൽ പെടുന്നതാണോ കൈതമുക്ക് എന്നറിയില്ല. ഒന്നുകിൽ അവിടെ കൗൺസിലർ ഉണ്ടാകും. അല്ലെങ്കിൽ പഞ്ചായത്ത് മെമ്പറുണ്ടാകും. അംഗൻവാടിയുണ്ടാകും. ഓരോ വീട്ടിലെയും വിവരങ്ങളറിയുന്ന അംഗൻവാടി ടീച്ചറുണ്ടാകും. പിന്നെ അയൽക്കാരും നാട്ടുകാരും... ആ കുടുംബത്തിന്റെ ദയനീയാവസ്ഥ ഇവരാരും അറിയാതെ പോയതെന്തേ? ഒരു പഞ്ചായത്ത് മെമ്പർ വിചാരിച്ചാൽ ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇന്ന് ഒരു പ്രയാസമുണ്ടാകില്ല. വോട്ടു യാചിച്ച് ചെല്ലുമ്പോൾ കാണിക്കുന്ന സ്നേഹവും സഹാനുഭൂതിയും ജയിച്ച് കയറിയാലും കാണിക്കാൻ കഴിയുന്ന പൊതുപ്രവർത്തകനുള്ള പ്രദേശത്ത് ഇങ്ങനെയൊരു സംഭവം നടക്കാനുള്ള സാഹചര്യം അതിവിദൂരമാണ്.


ഈ കുട്ടികളുടെ പിതാവ് മദ്യപനാണ് എന്നാണ് വാർത്തകളിൽനിന്ന് അറിയാൻ കഴിഞ്ഞത്. അയാളെ സർക്കാരിന് കുറ്റം പറയാൻ കഴിയില്ല. കാരണം അയാൾ മദ്യം കുടിച്ച് സർക്കാരിന്റെ വരുമാനം വർധിപ്പിക്കുന്ന 'സർക്കാർ സേവകനാണ്.' എന്തെങ്കിലുമൊക്കെ തൊഴിൽ ചെയ്ത് അന്തസ്സായി മക്കളെ പോറ്റുന്ന പാവപ്പെട്ട സ്ത്രീകൾ നമ്മുടെ നാട്ടിൽ അനേകമുണ്ട്. ഈ കുട്ടികളുടെ അമ്മയുടെ അവസ്ഥ എന്തെന്നറിയില്ല.

സമൂഹത്തിന്റെ താഴെ തട്ടിലുള്ളവരുടെ ഉന്നമനത്തിനായി രൂപീകരിച്ച പല ക്ഷേമകാര്യ വകുപ്പുകളും നമ്മുടെ സംസ്ഥാനത്തുണ്ട്. അവയുടെയൊക്കെ തലപ്പത്ത് വൻതുക ശമ്പളം വാങ്ങി സുഖമായി വാഴുന്ന ഉദ്യോഗസ്ഥരുണ്ട്. അവരും അവരുടെ കീഴിലുള്ള ജോലിക്കാരും തങ്ങളുടെ ജോലി ആത്മാർഥമായി ചെയ്യുകയാണെങ്കിൽ, സർക്കാർ അനുവദിക്കുന്ന ഫണ്ട് -രാഷ്ട്രീയ നേതാക്കളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥ വൃന്ദത്തിന്റെയും കയ്യിട്ടുവാരലില്ലാതെ- അർഹരായവർക്ക് ലഭിക്കുകയാണെങ്കിൽ ഇത്തരം വാർത്തകൾ നമുക്ക് കേൾക്കേണ്ടിവരില്ല.

ഒരു ദുരന്തം നടന്നു കഴിഞ്ഞാൽ മാത്രം സടകുടഞ്ഞെണീറ്റ് പരിഹാരം കാണാൻ ശ്രമിക്കുന്ന ശീലം ഭരണകൂടം പതിവാക്കരുത്. ദുരന്തം നടക്കാതിരിക്കാനുള്ള ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണമാണ് വേണ്ടത്; ആർജവവും.

അബ്ബാസ് ചെറുതുരുത്തി
cmabbascm@gmail.com

ലേഖനം




# പലായനം ഒളിച്ചോട്ടമല്ല

**പ്ര**വാചകൻﷺ മക്കയിലേക്ക് സഞ്ചരിക്കുകയും അവിടെയെത്തിയപ്പോൾ ഖുസാഅയിൽ പെട്ട ഒരു മനുഷ്യനെ മുത്ഇമ്ബ്നു അദിയ്യിന്റെ അടുക്കലേക്ക് അയക്കുകയും അദ്ദേഹത്തിന്റെ സംരക്ഷണത്തിൽ മക്കയിൽ പ്രവേശിക്കട്ടെ എന്ന് അനുവാദം തേടുകയും ചെയ്തു. മുത്ഇം അതിന് സമ്മതിക്കുകയും അദ്ദേഹം തന്റെ മക്കളെയും ജനതയെയും വിളിച്ചുകൊണ്ട് ഇപ്രകാരം പറയുകയും ചെയ്തു: "നിങ്ങൾ ആയുധങ്ങൾ എടുക്കുക. എന്നിട്ട് അദ്ദേഹത്തിന് സൗകര്യം ഒരുക്കുക. തീർച്ചയായും ഞാൻ അദ്ദേഹത്തിന് സംരക്ഷണം ഉറപ്പ് നൽകിയിരിക്കുന്നു."

അങ്ങനെ നബിﷺയും സൈദ്ബ്നു ഹാരിസുംؓ മക്കയിൽ പ്രവേശിച്ചു. മുത്ഇം ഇബ്നു അദിയ്യ് തന്റെ വാഹനപ്പുറത്ത് ഇരുന്നുകൊണ്ട് വിളിച്ചു പറഞ്ഞു: "ക്വുറൈശീ സമൂഹമേ, തീർച്ചയായും ഞാൻ മുഹമ്മദിന് സംരക്ഷണം ഉറപ്പ് നൽകിയിരിക്കുന്നു. അതിനാൽ നിങ്ങളാരും അദ്ദേഹത്തെ ആക്ഷേപിക്കരുത്."

അങ്ങനെ പ്രവാചകൻﷺ മസ്ജിദുൽ ഹറമിൽ പ്രവേശിക്കുകയും രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്തു. പിന്നീട് വീട്ടിലേക്ക് പോയി. മുത്ഇം ഇബ്നു അദിയ്യും മകനും പ്രവാചകൻﷺ വീട്ടിലേക്ക് പ്രവേശിക്കുന്നത് വരെ ആയുധങ്ങളുമായി ജാഗരൂകരായി പുറത്ത് നിന്നു.

ത്വാഇഫിലേക്കുള്ള യാത്രയിൽ പ്രവാചകൻﷺ സ്വീകരിച്ച ഈ നിലപാടിൽ നിന്നും പ്രബോധന പ്രവർത്തനങ്ങളിൽ കൃത്യവും വ്യക്തവുമായ പ്ലാനിംഗ് വേണമെന്ന് മനസ്സിലാക്കിത്തരുന്നു. പ്രബോധന പ്രവർത്തനത്തിന്റെ സുഖകരമായ നടത്തിപ്പിന് ഇത് ആവശ്യമാണ്.

നബിﷺയുടെ മഹത്തായ ഹിക്മത്തിന്റെ തെളിവാണ് അദ്ദേഹം ത്വാഇഫിലേക്ക് പ്രബോധനത്തിന് പോയപ്പോൾ അവിടുത്തെ നേതാക്കളോട് പ്രബോധനം നടത്താനുള്ള തീരുമാനം. ആ നേതാക്കൾ അനുകൂലമായ ഉത്തരം നൽകിയാൽ ത്വാഇഫിലെ എല്ലാ ഗോത്രങ്ങളും അനുകൂലമായ മറുപടി നൽകുമെന്ന് നബിﷺക്ക് അറിയാമായിരുന്നു.

നബിﷺയുടെ കാലിൽ മുറിവു പറ്റി രക്തമൊഴുകിയ സംഭവത്തിൽ പ്രബോധകർക്ക് പാഠമുണ്ട്. മഹാനായ പ്രവാചകന് പോലും ഇത്തരം പീഡനങ്ങൾ ഏൽക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ മാർഗത്തിൽ പ്രവർത്തിക്കുന്ന മറ്റാർക്കും പീഡനങ്ങളും ത്യാഗങ്ങളും സഹിക്കേണ്ടിവരും എന്ന പാഠം.

തന്റെ ജനതക്കും ത്വാഇഫുകാർക്കും എതിരിൽ പ്രാർഥിക്കാത്തതിലും പർവതങ്ങളുടെ മലക്കിനോട് തന്റെ ജനതയെ നശിപ്പിക്കരുതെന്ന് പറഞ്ഞതിലും പ്രബോധകർക്ക് ഏറെ പഠിക്കാനുണ്ട്. തങ്ങളുടെ പ്രബോധനത്തെ തള്ളിക്കളയുകയോ എതിർക്കുകയോ ചെയ്യുന്നവരോട് ക്ഷമിക്കാൻ കഴിയണം; നിരാശയുണ്ടാകരുത്. ഇന്നല്ലെങ്കിൽ നാളെ അവരിൽ മാറ്റമുണ്ടായേക്കാം എന്ന പ്രതീക്ഷ വെച്ചുപുലർത്തേണ്ടതുണ്ട്.

**പൊതുസ്ഥലങ്ങളിലെ യുക്തിപൂർണമായ പ്രബോധനം**

പ്രവാചകത്വത്തിന്റെ പത്താം വർഷം ദുൽക്വഅദ് മാസത്തിൽ (ത്വാഇഫിൽ നിന്നും മടങ്ങിവന്നതിന് ശേഷം) ജനങ്ങൾ ഒരുമിച്ച് കൂടുന്ന, ഹജ്ജിന് വേണ്ടി ജനങ്ങൾ എത്തിച്ചേരുന്ന ഉക്കാള, മജന്ന, ദുൽമജാസ് തുടങ്ങിയ അങ്ങാടികളിൽ കച്ചവടത്തിനും കവിത പാടുന്നതിനും മറ്റുമൊക്കെ വരുന്ന ജനങ്ങളെ പ്രവാചകൻﷺ അല്ലാഹുവിലേക്ക് ക്ഷണിച്ചു തുടങ്ങി. അതേ വർഷത്തിൽ തന്നെ ഹജ്ജ് കർമത്തിന് വന്ന വിവിധ ഗോത്രക്കാരെയെല്ലാം നബിﷺ സത്യപാതയിലേക്ക് ക്ഷണിച്ചു. അതിന് പുറമെ, വ്യക്തികളെ പ്രത്യേകമായും ക്ഷണിച്ചു.

പ്രവാചകത്വത്തിന്റെ പന്ത്രണ്ടാം വർഷത്തിൽ ജനങ്ങൾ ഹജ്ജ് കർമത്തിനായി വന്നു. അവരിൽ യഥ്‌രിബിൽ (മദീന) നിന്നുള്ള പന്ത്രണ്ടോളം ആളുകൾ ഉണ്ടായിരുന്നു. അവരിൽ അഞ്ചോളം പേർ കഴിഞ്ഞ വർഷം പ്രവാചകനെ കണ്ട ആറംഗ സംഘത്തിൽ പെട്ടവരായിരുന്നു. മിനായിലെ അക്വബയിൽ കരാർ ചെയ്തതിനനുസരിച്ച് നബിﷺയുമായി അവർ കണ്ടുമുട്ടി. അവിടെ വെച്ച് അവർ ഇസ്‌ലാം സ്വീകരിക്കുകയും സ്ത്രീകളുടെ ബൈഅത്ത് (അനുസരണ പ്രതിജ്ഞ) സ്വീകരിക്കുകയും ചെയ്തു.

ഉബാദത്ത് ഇബ്നു സ്വാമിത്ത്رضي الله عنه വിൽ നിന്ന് നിവേദനം: "തീർച്ചയായും റസൂൽﷺ പറഞ്ഞു: (അദ്ദേഹത്തിനു ചുറ്റും അനുചരന്മാരിൽ പെട്ട കൊച്ചു സംഘം ഉണ്ടായിരുന്നു) "നിങ്ങൾ വരൂ, എന്നിട്ട് എനിക്ക് ബൈഅത്ത് ചെയ്യൂ. അതായത് അല്ലാഹുവിൽ യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്, മോഷ്ടിക്കുകയും വ്യഭിചരിക്കുകയുമരുത്, നിങ്ങളുടെ സന്താനങ്ങളെ നിങ്ങൾ കൊല്ലരുത്, നിങ്ങൾ ആരോപണങ്ങൾ കെട്ടിച്ചമക്കരുത്, ഒരു നന്മയിലും നിങ്ങളെന്നെ ധിക്കരിക്കരുത്. നിങ്ങളിൽനിന്ന് ആരെങ്കിലും പൂർത്തീകരിച്ചാൽ അവനുള്ള പ്രതിഫലം അല്ലാഹുവിന്റെ അടുക്കലാണ്. ആരെങ്കിലും പ്രവർത്തിക്കുകയും അതിനാൽ ഇഹലോകത്ത് ശിക്ഷിക്കപ്പെടുകയും ചെയ്താൽ അതവനുള്ള പ്രായച്ഛിത്തമാണ്. ഇനി ആരെങ്കിലും പ്രവർത്തിക്കുകയും അല്ലാഹു അത് മറച്ചുവെക്കുകയും ചെയ്താൽ അവന്റെ കാര്യം അല്ലാഹുവിലേക്കാണ്. അവൻ ഉദ്ദേശിച്ചാൽ ശിക്ഷിക്കും. അവനുദ്ദേശിച്ചാൽ വിട്ട് കൊടുക്കും. ആ വിഷയത്തിൽ ഞങ്ങൾ ബൈഅത്ത് ചെയ്തു" (ബുഖാരി).

ബൈഅത്ത് അവസാനിച്ചപ്പോൾ, അവരുടെ കൂടെ മുസ്അബ് ഇബ്നു ഉമൈറിرضي الله عنهനെ ഇസ്‌ലാമിക ശരീഅത്ത് പഠിപ്പിക്കാൻ വേണ്ടി നിയോഗിച്ചു. ഇസ്‌ലാം പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം ഉറച്ച് നിന്നു. യഥ്‌രിബിൽ നിന്നും പ്രവാചകത്വത്തിന്റെ പതിമൂന്നാം വർഷത്തിൽ വന്ന ഹജ്ജ് സംഘത്തിൽ 73 പുരുഷന്മാരും രണ്ട് സ്ത്രീകളുമുണ്ടായിരുന്നു. അവരെല്ലാവരും ഇസ്‌ലാം സ്വീകരിച്ചു.

മക്കയിലേക്ക് പുറപ്പെട്ടപ്പോൾ അ

വർ പ്രവാചകന് വാഗ്ദത്തം നൽകിയിരുന്നു; അക്വബയിൽ വെച്ച് കണ്ടുമുട്ടാമെന്ന്. അവിടേക്ക് അവർ എത്തുകയും പ്രവാചകൻﷺ അവരോട് സംസാരിക്കുകയും ചെയ്തു. അവർ പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ താങ്കൾക്ക് ബൈഅത്ത് തരട്ടെയോ?" പ്രവാചകൻﷺ പറഞ്ഞു: "നിങ്ങൾ എനിക്ക് ബൈഅത്ത് ചെയ്യുക; ഉന്മേഷത്തിന്റെയും മടിയുടെയും അവസരത്തിൽ അനുസരണയും കീഴൊതുങ്ങലും ഉണ്ടാകുമെന്നും, എളുപ്പത്തിന്റെയും പ്രയാസത്തിന്റെയും സന്ദർഭത്തിൽ ചെലവഴിക്കുമെന്നും, നന്മ കൽപിക്കുമെന്നും തിന്മ വിരോധിക്കുമെന്നും, അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ പറയുകയും ഒരു ആക്ഷേപകന്റെയും ആക്ഷേപത്തെ അല്ലാഹുവിന്റെ മാർഗത്തിൽ പറയുന്നതിനെ ഭയപ്പെടില്ലെന്നും നിങ്ങളുടെ അടുക്കലേക്ക് ഞാൻ വന്നാൽ എന്നെ സഹായിക്കുകയും, നിങ്ങളുടെ സ്വന്തം ശരീരത്തെക്കാളും ഇണകളെക്കാളും മക്കളെക്കാളും എന്നെ പ്രതിരോധിക്കുകയും ചെയ്യുമെന്നും. എങ്കിൽ നിങ്ങൾക്ക് സ്വർഗമുണ്ട്." അവരെല്ലാം എഴുന്നേറ്റ് കൊണ്ട് പ്രവാചകന് ബൈഅത്ത് ചെയ്തു.

ബൈഅത്തിന് ശേഷം പ്രവാചകൻﷺ അവരിൽ നിന്ന് പന്ത്രണ്ട് നേതാക്കളെ തെരഞ്ഞെടുത്തു. അവർ അവരുടെ ജനതയിലുള്ള നേതാക്കളായിരുന്നു. ഒമ്പത് പേർ ഖസ്റജിൽ നിന്നും മൂന്ന് പേർ ഔസിൽ നിന്നും. പിന്നെ അവർ യഥ്രിബിലേക്ക് മടങ്ങി. അവർ അവിടെ എത്തിയപ്പോൾ അവരുടെ ഇസ്ലാം ആശ്ലേഷണം പരസ്യമാക്കി. അല്ലാഹുവിലേക്കുള്ള പ്രബോധനത്തിൽ അല്ലാഹു അവർക്ക് പ്രയോജനം നൽകി.

രണ്ടാം അക്വബ ഉടമ്പടി പൂർത്തിയായതിന് ശേഷം ഇസ്ലാമിക രാഷ്ട്രം സ്ഥാപിക്കുന്നതിൽ പ്രവാചകൻ വിജയിച്ചു. ഈ വാർത്ത മക്കയിൽ പ്രചരിച്ചു. യഥ്രിബുകാർ പ്രവാചകന് ബൈഅത്ത് ചെയ്തിട്ടുണ്ടെന്ന് മക്കക്കാർ ഉറപ്പിച്ചു. അതിനെ തുടർന്ന് മക്കയിൽ ഇസ്ലാം സ്വീകരിക്കുന്നവരോടുള്ള അക്രമം വർധിപ്പിച്ചു. അപ്പോൾ മദീനയിലേക്ക് ഹിജ്റപോകാൻ പ്രവാചകൻﷺ മുസ്ലിംകളോട് കൽപിച്ചു. അവർ ഹിജ്റ പോവുകയും ചെയ്തു.

പ്രവാചകത്വത്തിന്റെ പതിനാലാം വർഷം സഫർ 14ന് പ്രവാചകനെ കൊലപ്പെടുത്താൻ വേണ്ടി ക്വുറൈശികൾ യോഗം കൂടി. ഈ വിവരം വഹ്യ് മുഖേന അല്ലാഹു പ്രവാചകനെ അറിയിച്ചു. അതിനെ തുടർന്ന് പ്രവാചകൻﷺ തന്റെ വിരിപ്പിൽ കിടന്നുറങ്ങാൻ അലിؓയോട് കൽപിക്കുകയുണ്ടായി. മുശ്രിക്കുകൾ പ്രവാചകനെ പ്രതീക്ഷിച്ചുകൊണ്ട് വാതിൽ തുറന്നപ്പോൾ അലിؓയെയാണ് കണ്ടത്. അതേസമയം, പ്രവാചകൻﷺ അബൂബക്കറിؓനോടൊപ്പം ഹിജ്റ പോവുകയും ചെയ്തു.

ഇത് പ്രവാചകന്റെ വ്യക്തമായ ഹിക്മത്തിന്റെയും ക്ഷമയുടെയും ധീരതയുടെയും തെളിവാണ്. ക്വുറൈശികൾ ധിക്കരിക്കുകയും പ്രബോധനത്തെ നിരസിക്കുകയും ചെയ്യുന്നത് മനസ്സിലാക്കിയ പ്രവാചകൻ ഇസ്ലാമികമായ നിലനിൽപിന് പറ്റിയ സ്ഥലം അന്വേഷിക്കുകയും അതുകൊണ്ട് മതിയാക്കാതെ അന്നാട്ടുകാരിൽ നിന്നും ബൈഅത്ത് സ്വീകരിക്കുകയും സഹായിക്കാമെന്ന കരാർ വാങ്ങുകയും ചെയ്തു. അതാണ് അക്വബ ഒന്ന്, രണ്ട് ഉടമ്പടികളിലൂടെ ചെയ്തത്. പ്രബോധനമേഖല തെളിഞ്ഞുകാണുകയും അവിടെ സഹായികളെ കണ്ടെത്തുകയും ചെയ്തപ്പോൾ സ്വഹാബത്തിനെ അന്നാട്ടിലേക്ക് ഹിജ്റ പറഞ്ഞയച്ചു. ക്വുറൈശികൾ കൊല്ലാനും ഉപദ്രവിക്കാനും തീരുമാനിച്ചപ്പോൾ പലായനം ചെയ്തത് ഭീരുത്വം കൊണ്ടല്ല, മരണത്തെ ഭയപ്പെട്ട് ഓടിയതുമല്ല. മറിച്ച്, അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട് ഭൗതികമായ കാരണങ്ങളെ ഉപയോഗപ്പെടുത്തിയതാണ്. ഇത് പ്രവാചകന്റെ പ്രബോധന വിജയത്തിലെ നയപരമായ ഹിക്മത്താണ്. അതാണ് നേതൃഗുണത്തിന്റെ അടയാളം.



## പ്രവാചകന്റെ നിലപാടുകൾ പലായനത്തിന് ശേഷം

1. വിമലീകരണത്തിലും സംസ്ഥാപനത്തിലും ഹിക്മത്തിലധിഷ്ഠിതമായ നിലപാടുകൾ

പ്രവാചകൻﷺ മദീനയിലെത്തിയപ്പോൾ അവിടുത്തെ താമസക്കാരിൽ അധികപേരും വിശ്വാസത്തിൽ ചേർച്ചയില്ലാത്തവരും വിഭിന്നങ്ങളായ ലക്ഷ്യങ്ങളുള്ളവരും കക്ഷിത്വങ്ങളുമുള്ള സമൂഹമായിരുന്നു. പുരാതനമായി അനന്തരം കിട്ടിയിരുന്ന അധികാരങ്ങളും പുതുതായി കണ്ടെത്തിയിരുന്ന അധികാരങ്ങളും അവർക്കുണ്ടായിരുന്നു. ഈ സമൂഹത്തെ മൂന്നായി വേർതിരിക്കാം.

1) മുസ്‌ലിംകൾ: അവരിൽ പെട്ടവരാണ് ഔസ്, ഖസ്‌റജ്, മുഹാജിറുകൾ.

2) മുശ്‌രിക്കുകൾ: അവരിൽ പെട്ടവരാണ് മുസ്‌ലിംകളായിട്ടില്ലാത്ത ഔസ്, ഖസ്‌റജ്.

3)ജൂതന്മാർ: അവർ വ്യത്യസ്ത ഗോത്രങ്ങളുണ്ട്. ബനൂഖൈനുഖാഅ് ഖസ്‌റജിലെ നേതാക്കന്മാരായിരുന്നു. ബനൂനളീർ, ബനൂഖുറൈള- ഈ രണ്ട് ഗോത്രങ്ങളും ഔസിലെ നേതാക്കന്മാരായിരുന്നു.

ഔസ്, ഖസ്‌റജ് ഗോത്രങ്ങൾക്കിടയിൽ തീവ്രമായ ഭിന്നതകളുണ്ടായിരുന്നു. ജാഹിലിയ്യ കാലഘട്ടത്തിൽ അവർക്കിടയിൽ പരസ്പരം യുദ്ധങ്ങളുണ്ടായിട്ടുണ്ട്.

പ്രവാചകൻﷺ തന്റെ മഹത്തായ ഹിക്മത്തിലൂടെയും നല്ലതായ രാഷ്ട്രീയത്തിലൂടെയും ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ചു. അദ്ദേഹം അവർക്കിടയിൽ പ്രശ്ന പരിഹാരം നടത്തിയത് താഴെ പറയുന്ന രീതിയിലാണ്:

**പ്രവാചകൻﷺ ആദ്യമായി ജനങ്ങൾക്കിടയിൽ ഇസ്‌ലാഹ് നടത്തുന്നതിന്റെ ഭാഗമായി മദീനയിൽ ചെയ്തത് പള്ളി നിർമിക്കുകയാണ്. മുഴുവൻ മുസ്‌ലിംകളും ആ പ്രവർത്തനത്തിൽ പങ്കെടുത്തു. അവരുടെ നേതാവും ഇമാമും പ്രവാചകൻﷺ ആയിരുന്നു. അതിലൂടെ പരസ്പര സഹായവും ഹൃദയങ്ങൾക്കിടയിൽ ഐക്യവും ഒരേ ലക്ഷ്യത്തിന് വേണ്ടിയുള്ള പ്രവർത്തനവുമാണ് ഉദ്ദേശിച്ചത്. പ്രവാചകൻ വരുന്നതിന് മുമ്പ് വ്യത്യസ്ത ഗോത്രങ്ങൾ ഉറക്കമൊഴിച്ചും മത്സരിച്ചും കവിതകൾ രചിക്കുകയും പാടുകയും അതിൽ പരസ്പരം മത്സരിച്ച് ഭിന്നിക്കുകയും ചെയ്യുന്ന സ്ഥിതിയായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ പള്ളി നിർമിക്കപ്പെട്ടപ്പോൾ മുസ്‌ലിംകൾക്കെല്ലാം ഒരുമിച്ചുകൂടാനുള്ള കേന്ദ്രമായി അത് മാറി. എല്ലാ സമയങ്ങളിലും അവർ അവിടെ ഒരുമിച്ച് കൂടുകയും നബിﷺയോട് കാര്യങ്ങൾ ചോദിക്കുകയും അദ്ദേഹം അവരെ പഠിപ്പിക്കുകയും മാർഗനിർദേശം നൽകുകയും നേർപാതയിലേക്ക് നയിക്കുകയും ചെയ്തു.**

### പള്ളിനിർമാണം


പ്രവാചകൻﷺ ആദ്യമായി ജനങ്ങൾക്കിടയിൽ ഇസ്‌ലാഹ് നടത്തുന്നതിന്റെ ഭാഗമായി മദീനയിൽ ചെയ്തത് പള്ളി നിർമിക്കുകയാണ്. മുഴുവൻ മുസ്‌ലിംകളും ആ പ്രവർത്തനത്തിൽ പങ്കെടുത്തു. അവരുടെ നേതാവും ഇമാമും പ്രവാചകൻﷺ ആയിരുന്നു. അതിലൂടെ പരസ്പര സഹായവും ഹൃദയങ്ങൾക്കിടയിൽ ഐക്യവും ഒരേ ലക്ഷ്യത്തിന് വേണ്ടിയുള്ള പ്രവർത്തനവുമാണ് ഉദ്ദേശിച്ചത്. പ്രവാചകൻ വരുന്നതിന് മുമ്പ് വ്യത്യസ്ത ഗോത്രങ്ങൾ ഉറക്കമൊഴിച്ചും മത്സരിച്ചും കവിതകൾ രചിക്കുകയും പാടുകയും അതിൽ പരസ്പരം മത്സരിച്ച് ഭിന്നിക്കുകയും ചെയ്യുന്ന സ്ഥിതിയായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ പള്ളി നിർമിക്കപ്പെട്ടപ്പോൾ മുസ്‌ലിംകൾക്കെല്ലാം ഒരുമിച്ചുകൂടാനുള്ള കേന്ദ്രമായി അത് മാറി. എല്ലാ സമയങ്ങളിലും അവർ അവിടെ ഒരുമിച്ച് കൂടുകയും നബിﷺയോട് കാര്യങ്ങൾ ചോദിക്കുകയും അദ്ദേഹം അവരെ പഠിപ്പിക്കുകയും മാർഗനിർദേശം നൽകുകയും നേർപാതയിലേക്ക് നയിക്കുകയും ചെയ്തു.

അതുകൊണ്ട് തന്നെ ജീവിതങ്ങൾ ഇണങ്ങുകയും ഗോത്രങ്ങൾ അടുക്കുകയും അനൈക്യത്തിലുണ്ടായിരുന്നവർ ഐക്യത്തിലേക്ക് നീങ്ങുകയും ചെയ്തു. വ്യത്യസ്ത സംഘങ്ങളെ മദീനയിൽ പിന്നീട് കണ്ടില്ല. ഒരു സംഘമായി അവർ മാറി. ഒരുപാട് നേതാക്കളെയും കണ്ടില്ല, ഒരു നേതാവ് മാത്രം; അതാകട്ടെ നബിﷺയും. അദ്ദേഹം തന്റെ റബ്ബിൽ നിന്ന് കൽപനകളും നിരോധങ്ങളും നിർദേശങ്ങളും സ്വീകരിക്കുകയും അത് തന്റെ ജനതയെ പഠിപ്പിക്കുകയും ചെയ്തു. അങ്ങനെ മുസ്‌ലിംകൾ ഒരൊറ്റ അണിയായിത്തീർന്നു.

അഞ്ച് നേരത്തെ നമസ്കാരം നിർവഹിക്കാൻ മാത്രമുള്ള സ്ഥലമായിരുന്നില്ല അവർക്ക് പള്ളി. മറിച്ച്, മുസ്‌ലിംകൾക്കെല്ലാം ഒരുമിച്ചിരുന്ന് വിജ്ഞാനം നേടാനും ജീവിതം കരുപ്പിടിപ്പിക്കാനുമുള്ള സർവകലാശാല കൂടിയായിരുന്നു. **(തുടരും)**

കവർ സ്റ്റോറി

നബീൽ പയ്യോളി
nabeelpayyoly@gmail.com



**നാടിന്റെ കാവൽസേനയാണ് പോലീസ് ഡിപ്പാർട്ട്മെന്റ്. മാറിവരുന്ന അധികാരകേന്ദ്രങ്ങളെ തൃപ്തിപ്പെടുത്തുക എന്നതിനപ്പുറം പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ഉത്തരവാദിത്തമുള്ളവരാണവർ. അന്യായമായ കാര്യങ്ങളെ നേരിടുന്നതോടൊപ്പം തന്നെ സമൂഹത്തിന്റെ ന്യായമായ അവകാശങ്ങളെ പരിഗണിക്കാൻ കൂടി തയ്യാറാവുമ്പോഴേ പോലീസുകാരന് താൻ ധരിക്കുന്ന യൂണിഫോമിനോട് നീതി പുലർത്താനാവൂ.**

# നിലതെറ്റുന്ന നിയമപാലനം


വാഹന പരിശോധനയ്ക്കിടെ പോലീസ് ലാത്തിയേറിൽ നിയന്ത്രണം വിട്ട ബൈക്ക് എതിർ ദിശയിൽ വന്ന വാഹനത്തിൽ ഇടിച്ച് യുവാവിന് ഗുരുതരമായ പരിക്കു പറ്റിയത് പോയവാരത്തിൽ വലിയ ചർച്ചയായി മാറിയത് നാം കണ്ടു. കൊല്ലം കടയ്ക്കൽ സ്വദേശി സിദ്ദീഖ് സുലൈമാൻ ആണ് സാരമായ പരുക്കുകളോടെ മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്നത്. അദ്ദേഹം പാസ്പോർട്ട് വെരിഫിക്കേഷൻ പൂർത്തിയാക്കി തിരിച്ചു വരുന്ന വഴിയിലാണ് ഈ ഹെൽമെറ്റ് വേട്ട നടന്നത്. ജോലിയാവശ്യാർഥം വിദേശത്തേക്ക് പോകാനൊരുങ്ങിയ ചെറുപ്പക്കാരന്റെയും കുടുംബത്തിന്റെയും പ്രതീക്ഷകളാണ് പോലീസ് എറിഞ്ഞു വീഴ്ത്തിയത്. റോഡിലേക്ക് ചാടിയിറങ്ങി പിന്നാലെ പാ

ഞ്ഞ് ചെന്നുള്ള ഹെൽമറ്റ് വേട്ട പാടില്ലെന്ന് ഹൈക്കോടതിയുടെ കർശന നിർദേശം വന്ന് ദിവസങ്ങൾക്കകമാണ് ഈ സംഭവം അരങ്ങേറിയത്. പരിക്ക് പറ്റിയ സിദ്ദീഖിനെ തൊട്ടടുത്ത ആശുപത്രിയിൽ എത്തിച്ച് പോലീസ് സ്ഥലം വിടുകയാണത്രെ ചെയ്തത്! അദ്ദേഹത്തിന്റെ പിതാവ് എത്തിയാണ് മെഡിക്കൽ കോളേജിലേക്ക് മാറ്റിയത് എന്നത് ആ പോലീസുകാർക്ക് നീതിബോധം എത്രമാത്രമുണ്ട് എന്നതിന്റെ തെളിവാണ്. നാട്ടുകാർ പ്രകോപിതരായി ശക്തമായ നടപടിക്ക് വേണ്ടി ശബ്ദിച്ചത് കൊണ്ടാണ് കുറ്റക്കാർക്കെതിരെ നടപടി കൈക്കൊള്ളാൻ പോലീസ് അധികാരികൾ തയ്യാറായത്. കാരണക്കാരനായ പോലീസുകാരനെ സസ്പെൻഡ് ചെയ്യുകയും സംഘത്തിൽ ഉണ്ടായിരുന്ന മറ്റ് പൊലീസുകാരെ സ്ഥലം മാറ്റുകയും ചെയ്തു.

വാഹന പരിശോധനയുമായി ബന്ധപ്പെട്ട് നിരവധി അപകടങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ട്; ഹൈക്കോടതി ഇടപെടലുകളും. അതെല്ലാം അവഗണിച്ചുകൊണ്ട് പോലീസ് സേനയിൽ ചിലർ ഈ ക്രൂരത തുടരുകയാണ്. ഗതാഗത  നിയമങ്ങൾ പാലിക്കേണ്ടത് ഓരോ പൗരന്റെയും ബാധ്യതയാണ്. അത് ഉറപ്പുവരുത്തേണ്ടത് നിയമ പാലകരുടെയും. എന്നാൽ പാവങ്ങളുടെ പോക്കറ്റടിക്കാനുള്ള മാർഗമായി ഇത്തരം നിയമ പാലനങ്ങളെ കാണരുത്. മാസത്തിൽ ഉന്നതങ്ങളിൽ നിന്ന് നൽകുന്ന ടാർഗെറ്റ് പൂർത്തിയാക്കാൻ വഴിയോരങ്ങളിൽ പതിയിരുന്ന്  വാഹന പരിശോധന നടത്തുന്ന പോലീസുകാരുടെ മാനസികാവസ്ഥ മാറേണ്ടതുണ്ട്. ബോധവൽക്കരണവും സൗമ്യമായ പെരുമാറ്റവും ഉണ്ടാവണം. വാഹന ഉടമയെ വിളിച്ചു വരുത്തി പോലീസ് വാഹനത്തിനടുത്തേക്ക് വിളിച്ചു ചോദ്യം ചെയ്യുന്ന രീതിക്കെതിരെ ഹൈക്കോടതി മുമ്പും രൂക്ഷമായി വിമർശനങ്ങൾ നടത്തിയിട്ടുണ്ട്. വാഹന പരിശോധന എങ്ങനെയാവണം എന്നത് വിദേശ രാജ്യങ്ങളിൽ യാത്ര ചെയ്തവർക്ക് ബോധ്യമാകും. മാന്യമായ പെരുമാറ്റവും ഇടപെടലുകളും നിയമം പാലിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കലുമാണ് വിദേശ രാജ്യങ്ങളിൽ കാണാനാവുക. കണ്ണുരുട്ടിക്കാണിച്ച് ആരെയും ശരിയാക്കാൻ സാധ്യമല്ല. മാന്യമായ പെരുമാറ്റവും ഇടപെടലുകളും മാറ്റങ്ങൾക്ക് കാരണമാകും.

ഏതാനും മാസങ്ങൾക്ക് മുമ്പാണ് തലസ്ഥാന നഗരിയിൽ ഐ.എ.എസ് ഓഫീസറായ ശ്രീറാം വെങ്കിട്ടരാമനും യുവതിയും സഞ്ചരിച്ച കാറിടിച്ച് പത്രപ്രവർത്തകൻ ബഷീർ മരിച്ചത്. ഒരു കുടുംബത്തിന്റെ പ്രതീക്ഷകളാണ് ആ യുവ ഐ.എ.എസ് ഓഫീസർ തകർത്തത്. അദ്ദേഹം മദ്യലഹരിയിലായിരുന്നു എന്നാണ് ദൃക്സാക്ഷികളിൽ പലരും പറഞ്ഞത്. ചോരക്കറ മാറും മുമ്പ് കേസ് അട്ടിമറിക്കാനും പ്രതിയെ രക്ഷിക്കാനുമുള്ള പോലീസ് നീക്കം വലിയ വിവാദങ്ങൾക്ക് വഴിവെച്ചു. മാധ്യമപ്രവർത്തകരുടെ ശക്തമായ ഇടപെടൽ പോലീസ് നീക്കത്തിന് തിരിച്ചടിയാവുകയും പോലീസ് നിയമ നടപടികളുമായി മുന്നോട്ട് പോവുകയും ചെയ്തു.

കേരളത്തിലെ ഭരണ സിരാകേന്ദ്രം എന്ന നിലയിൽ തിരുവനന്തപുരത്തെ മാധ്യമപ്രവർത്തകരെ അറിയാത്ത രാഷ്ട്രീയക്കാരോ ഉദ്യോഗസ്ഥരോ ഉണ്ടാവുകയില്ല. പലരുമായും വലിയ അടുപ്പം സൂക്ഷിച്ചിരുന്ന ആളായിരുന്നു ബഷീർ എന്നതാണ് അന്ന് വന്ന പ്രതികരണങ്ങളിൽ നിന്നും മനസ്സിലാകുന്നത്. ശ്രീറാമിന്റെ രക്ത പരിശോധന നടത്തുന്നതിൽ ഉണ്ടായ വീഴ്ച കുറ്റപത്രം നൽകാൻ വൈകുന്നതിന് വരെ കാരണമായി. ഒരു ജീവൻ ഹനിച്ച ഐ.എ.എസ് ഉദ്യോഗസ്ഥൻ പെട്ടെന്നു തന്നെ ജാമ്യം ലഭിച്ചു പുറത്തിറങ്ങി. ഉന്നത സർക്കാർ ജീവനക്കാർ പാലിക്കേണ്ട സ്വഭാവ മര്യാദകൾ കാറ്റിൽ പറത്തി അയാൾ നിയമത്തെ വെല്ലുവിളിച്ചു. തിരുവനന്തപുരത്ത് അധികാര കേന്ദ്രങ്ങളിൽ വലിയ സൗഹൃദ വലയങ്ങളുള്ള മാധ്യമ പ്രകവർത്തകന്റെ കുടുംബത്തിന് നീതി ലഭിക്കും എന്ന് നാം കരുതിയ ഈ കേസിൽ ഉന്നത ഉദ്യോഗസ്ഥരും പോലീസും കാണിച്ച കൃത്യവിലോപം ഗുരുതരമാണ്. മാധ്യമ പ്രവർത്തകർ സഹപ്രവർത്തകനെ വേഗം മറന്നതും സെൻസേഷൻ വാർത്തകൾക്കപ്പുറം ബന്ധങ്ങൾക്ക് വിലയില്ലെന്ന് ബോധ്യപ്പെടുത്തുന്നു



നടേ സൂചിപ്പിച്ച രണ്ട് സംഭവങ്ങളും ഗതാഗത നിയമങ്ങളുടെ ലംഘനമാണ്. എന്നാൽ ഉന്നത ഉദ്യോഗസ്ഥന് ഒരു നീതിയും സാധാരണക്കാരന് മറ്റൊരു നീതിയും! ഹെൽമെറ്റ് വെക്കാത്തതിന്റെ പേരിൽ ലാത്തിയെറിഞ്ഞു വീഴ്ത്താൻ ശ്രമിക്കുന്ന അതേ പോലീസ് തന്നെ ഒരു മനുഷ്യജീവൻ കവർന്ന ഉദ്യോഗസ്ഥനെ രക്ഷപ്പെടുത്താൻ വ്യഗ്രത കാണിക്കുന്നു! നീതി നിർവഹണമല്ല അനീതി നിർവഹണമാണ് തങ്ങളുടെ ദൗത്യം എന്ന് പോലീസുകാർ തെറ്റിദ്ധരിച്ചോ എന്ന് ആരെങ്കിലും സംശയിച്ചാൽ കുറ്റം പറയാൻ സാധ്യമല്ല. നിരന്തരമായ വീഴ്ചകൾ പോലീസ് സേനയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന രീതിയിലേക്ക് മാറിയിരിക്കുന്നു. ഏതൊരു നാടിന്റെയും പുരോഗതിയുടെ അടയാളമാണ് ഗതാഗത സൗകര്യങ്ങൾ. മികച്ച ഗതാഗത സൗകര്യങ്ങൾ



**പോലീസ് സേനയിലേക്കുള്ള പി.എസ്.സി പരീക്ഷയിൽ നടന്ന ക്രമക്കേടുകൾ രാഷ്ട്രീയ പാർട്ടികൾ ക്രിമിനലുകളെ സേനയിലേക്ക് തിരുകിക്കയറ്റാൻ ആസൂത്രിത നീക്കം നടത്തുന്നുണ്ടോ എന്ന സംശയത്തിന് ബലം നൽകുന്നതാണ്. പോലീസിലെ ക്രിമിനലുകളെ നിയന്ത്രിക്കാനും നിലയ്ക്ക് നിർത്താനും ഭരണകൂടവും പോലീസിന്റെ തലപ്പത്തുള്ളവരും ശക്തമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. നിയമ സംവിധാനങ്ങളിൽ വിശ്വാസം നഷ്ടപ്പെടുന്ന സാഹചര്യം നാടിന്റെ സമാധാനത്തിനും സ്വസ്ഥതക്കും വിഘാതമാവും. ഈ തിരിച്ചറിവ് നഷ്ടപ്പെടുന്നിടത്താണ് വർഗീയ, ഭീകര സംഘടനകൾക്ക് വളർച്ചയുണ്ടാകുന്നതും അശാന്തി പരക്കുകയും ചെയ്യുന്നത്.**

ഒരുക്കാൻ ഭരണകൂടവും ഗതാഗത നിയമങ്ങൾ പാലിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കാൻ പോലീസും ഗതാഗത വകുപ്പും തയ്യാറാകുമ്പോൾ മാത്രമെ നല്ല ഗതാഗത സംസ്കാരം വളർത്തിയെടുക്കാൻ സാധിക്കുകയുള്ളൂ.

പ്രത്യക്ഷമായും പരോക്ഷമായും പോലീസ് അക്രമങ്ങളിൽ ഈ സർക്കാരിന്റെ കാലത്ത് 38ൽ അധികം പേരാണ് കൊല്ലപ്പെട്ടത്. വാളയാർ പീഡനവുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ കാണിച്ച കുറ്റകരമായ അനാസ്ഥ പ്രതികൾ രക്ഷപ്പെടുന്നതിന് കാരണമായി എന്നത് വിവാദമായി തുടരുന്നു. തലസ്ഥാന നഗരിയിൽ നടന്ന സമരവുമായി ബന്ധപ്പെട്ട് ശാഫി പറമ്പിൽ എം.എൽ.എക്ക് നേരെ നടന്ന പോലീസ് അതിക്രമം, പി.എസ്.സി പരീക്ഷ തട്ടിപ്പിന്റെ കുറ്റപത്രം സമർപ്പിക്കാതെ പ്രതികൾക്ക് ജാമ്യം ലഭിക്കാൻ ഉണ്ടായ സാഹചര്യം, വരാപ്പുഴ ശ്രീജിത്ത് മുതൽ നെടുങ്കണ്ടത്തെ രാജ്കുമാർ വരെ പോലീസ് കസ്റ്റഡിയിൽ പൊലിഞ്ഞ ജീവനുകൾ...അടിയന്തരാവസ്ഥ കാലത്ത് കക്കയം ക്യാമ്പിൽ രാജൻ പോലീസ് മർദനത്തെ തുടർന്ന് മരിച്ച സംഭവം കെ.കരുണാകരന്റെ രാഷ്ട്രീയ ജീവിതത്തിൽ വലിയ വെല്ലുവിളിയും പ്രതിസന്ധിയുമായി മാറുകയുണ്ടായി. എന്നാൽ കുറച്ചുകാലമായി പോലീസ് കസ്റ്റഡി മരണങ്ങൾ സാധാരണ സംഭവമായി മാറിയിരിക്കുന്നു. സെൻസേഷണൽ ന്യൂസുകൾക്കപ്പുറം അതിന്റെ ചർച്ചകൾക്ക് ആയുസ്സുണ്ടാകാറില്ല. രാജന്റെ പിതാവായ ഈച്ചര വാര്യരെ പോലെ പൊരുതാനുറച്ച ഒരു ബന്ധു ഈ കൊലപാതങ്ങളിലെ ഇരകൾക്ക് ഇല്ലാതെ പോയതാവാം കാരണം; പിന്നെ സമൂഹത്തിന്റെ നിസ്സംഗതയും.

എറണാകുളത്ത് ഭരണകക്ഷിയിലെ രണ്ടാമത്തെ വലിയ കക്ഷിയായ സി.പി. ഐയുടെ എം.എൽ.എ എൽദോ എബ്രഹാമിനെയും ജില്ലാ നേതാക്കളെയും പോലീസ് മർദിച്ചതും പോലീസിന് വീഴ്ചപറ്റിയെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടും ഈ രംഗത്ത് തുടർന്ന് കൊണ്ടിരിക്കുന്ന വീഴ്ചകളുടെ നേർചിത്രമാണ്. മാവോയിസ്റ്റ് വേട്ടയുടെ പേരിൽ മാവോ വാദികളെ വെടിവെച്ചു കൊല്ലുന്നത് തുടരുന്ന പോലീസ് നടപടിയും വലിയ വിമർശനങ്ങൾക്ക് കാരണമായിട്ടുണ്ട്. ഭരണകൂടത്തിന്റെ ചട്ടുകമായി പോലീസ് മാറുന്നു എന്ന വിമർശനങ്ങൾ കാലങ്ങളായി നിലനിൽക്കുന്നതാണ്. ഏതൊരു ഭരണകൂടവും തങ്ങളുടെ അധികാരം കാണിക്കാൻ പോലീസ് സംവിധാനങ്ങളെ ദുരുപയോഗം ചെയ്യാറുണ്ട്. സേനയിലെ ഉയർന്ന ഉദ്യോഗസ്ഥരുടെ മാനസികമായ പീഡനം മൂലം ഒരു പോലീസുകാരൻ നാടുവിട്ടതും പിന്നീട് തിരിച്ചുവന്ന് ചില കാര്യങ്ങൾ തുറന്നു പറഞ്ഞതുമായ സംഭവം പോലീസിന് വലിയ നാണക്കേടാണ് ഉണ്ടാക്കിയത്.

കേരളത്തിൽ വർഗീയയുടെ വിത്ത് പാകാൻ കാ

**ജനാധിപത്യ സംവിധാനത്തിൽ അധികാരത്തിന്റെ ദണ്ഡ് ഉപയോഗിച്ച് ജനങ്ങളെ നിലയ്ക്ക് നിർത്താം എന്ന് വിചാരിക്കുന്നത് വങ്കത്തമാണ്. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള നീതിയുക്തമായ നിയമപാലനം ആണ് എല്ലാവരും ആഗ്രഹിക്കുന്നത്. പോലീസ് സേന അത് തിരിച്ചറിയാതെ പോകരുത്. അതുകൊണ്ടു തന്നെയാണ് 1949 നവംബർ 29ന് ഭരണഘടനാ അസംബ്ലി മുമ്പാകെ നടത്തിയ പ്രസംഗത്തിൽ അംബേദ്കർ ഇങ്ങനെ പറഞ്ഞത്: "എത്ര നല്ല ഭരണഘടനയായായാലും അത് നടപ്പാക്കുന്നവർ മോശക്കാരാണെങ്കിൽ ആ ഭരണഘടനയും മോശമാവും."**

ലങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കുന്ന സംഘപരിവാർ ശക്തികളെ സഹായിക്കുന്ന നിലപാടുകൾ പൊലീസിന്റെ ഭാഗത്തു നിന്ന് ഉണ്ടാകുന്നു എന്ന വിമർശനവും ശക്തമാണ്. കള്ളനോട്ടുമായി ബി.ജെ.പി നേതാവ് പിടിയിലാകുന്നത് മൂന്നാം തവണയാണ് എന്ന് കേൾക്കുമ്പോൾ അത്ഭുതം തോന്നുന്നു. നിയമത്തെ വെല്ലുവിളിച്ച് ഇത്തരം പ്രവൃത്തികൾ ചെയ്യാൻ ഇവർക്ക് എങ്ങനെ സാധ്യമാകുന്നു? ഒരു കുറ്റത്തിന് പോലീസ് അറസ്റ്റ് ചെയ്ത പ്രതി അതേ കുറ്റത്തിന് വീണ്ടും രണ്ട് തവണ പിടിക്കപ്പെടുന്നു എന്നത് നിയമപാലനത്തിലെ വിശ്വാസ്യതയ്ക്ക് തെല്ലൊന്നുമല്ല പോറലേൽപിക്കുന്നത്. ആരാണ് ഇവർക്ക് സംരക്ഷണം നൽകുന്നത്? വർഗീയ വിഷം വമിക്കുന്ന പ്രസ്താവനകളും പോസ്റ്റുകളും ഇടപെടലുകളും നിരന്തരമായി നടത്തിക്കൊണ്ടിരിക്കുന്ന സംഘപരിവാർ നേതാക്കൾക്കനുകൂലമായി പോലീസ് പുലർത്തുന്ന നിസ്സംഗത നിയമ ലംഘകർക്ക് വളമേകാനെ കാരണമാകൂ. അതിനെ വിമർശിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ പോലീസ് ജാഗ്രത പുലർത്തുന്നുമുണ്ട്. വാദി പ്രതിയാകുന്ന നിരവധി സംഭവങ്ങൾ അടുത്തകാലത്ത് കേട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു.

പോലീസ് സേനയിലേക്കുള്ള പി.എസ്.സി പരീക്ഷയിൽ നടന്ന ക്രമക്കേടുകൾ രാഷ്ട്രീയ പാർട്ടികൾ ക്രിമിനലുകളെ സേനയിലേക്ക് തിരുകിക്കയറ്റാൻ ആസൂത്രിത നീക്കം നടത്തുന്നുണ്ടോ എന്ന സംശയത്തിന് ബലം നൽകുന്നതാണ്. പോലീസിലെ ക്രിമിനലുകളെ നിയന്ത്രിക്കാനും നിലയ്ക്ക് നിർത്താനും ഭരണകൂടവും പോലീസിന്റെ തലപ്പത്തുള്ളവരും ശക്തമായ നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. നിയമ സംവിധാനങ്ങളിൽ വിശ്വാസം നഷ്ടപ്പെടുന്ന സാഹചര്യം നാടിന്റെ സമാധാനത്തിനും സ്വസ്ഥതക്കും വിഘാതമാവും. ഈ തിരിച്ചറിവ് നഷ്ടപ്പെടുന്നിടത്താണ് വർഗീയ, ഭീകര സംഘടനകൾക്ക് വളർച്ചയുണ്ടാകുന്നതും അശാന്തി പരക്കുകയും ചെയ്യുന്നത്. അതിന് സമൂഹം വലിയ വിലകൊടുക്കേണ്ടി വരും.


ഈയിടെ കോഴിക്കോട് ജില്ലയിലെ മേപ്പയൂരിൽ തന്റെയും സഹോദരന്റെയും സൈക്കിൾ റിപ്പയർ ചെയ്ത് തന്നില്ലെന്ന പരാതിയുമായി പോലീസ് സ്റ്റേഷനിൽ എത്തിയ അഞ്ചാം ക്ലാസുകാരന്റെ വാർത്ത ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്. ആ വിഷയം കൈകാര്യം ചെയ്ത പോലീസ് ഉദ്യോഗസ്ഥരുടെ സമീപനവും നിലപാടും മാതൃകാപരനും അഭിനന്ദനീയവുമാണ്. നീതിക്ക് വേണ്ടി നിയമ സംവിധാനങ്ങളെ സമീപിക്കാൻ തക്ക വിശ്വാസ്യത കാത്ത് സൂക്ഷിക്കേണ്ടത് നിയമ സംവിധാങ്ങളിലെ ഓരോ തലങ്ങളിലും ഉള്ളവരുടെ ബാധ്യതയാണ്. ജനങ്ങളുമായി നേരിട്ട് ഇടപെട്ടുകൊണ്ടിരിക്കുന്നവർ എന്ന നിലയിൽ പോലീസ് സേനക്ക് ഇതിൽ വലിയ ഉത്തരവാദിത്തം ഉണ്ട്. അത് നിർവഹിക്കാൻ തയ്യാറാവണം. മദ്യവും മയക്ക് മരുന്നും വർഗീയതയും നാടിന്റെ സ്വസ്ഥത തകർക്കുന്ന സാഹചര്യം അതീവ ഗൗരവതരമാണ്. പോലീസും ജനങ്ങളും ഒരുമിച്ചുനിന്ന് ഇത്തരം സാമൂഹ്യ ദുരന്തങ്ങളെ വിപാടനം ചെയ്യാൻ പരിശ്രമിക്കണം. ജനങ്ങളെ ചേർത്ത് പിടിച്ചാൽ ഇത്തരം പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും.

ജനാധിപത്യ സംവിധാനത്തിൽ അധികാരത്തിന്റെ ദണ്ഡ് ഉപയോഗിച്ച് ജനങ്ങളെ നിലയ്ക്ക് നിർത്താം എന്ന് വിചാരിക്കുന്നത് വങ്കത്തമാണ്. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള നീതിയുക്തമായ നിയമപാലനം ആണ് എല്ലാവരും ആഗ്രഹിക്കുന്നത്. പോലീസ് സേന അത് തിരിച്ചറിയാതെ പോകരുത്. അതുകൊണ്ടു തന്നെയാണ് 1949 നവംബർ 29ന് ഭരണഘടനാ അസംബ്ലി മുമ്പാകെ നടത്തിയ പ്രസംഗത്തിൽ അംബേദ്കർ ഇങ്ങനെ പറഞ്ഞത്: "എത്ര നല്ല ഭരണഘടനയായായലും അത് നടപ്പാക്കുന്നവർ മോശക്കാരാണെങ്കിൽ ആ ഭരണഘടനയും മോശമാവും."

ഭരണഘടനാ ശിൽപിയുടെ ഈ വാചകം എന്നും എല്ലാവരും ഓർക്കണം. സമാധാനപൂർണമായ സമൂഹസൃഷ്ടിക്ക് അത് അനിവാര്യമാണ്. ●

സജ്ജാദ് ബിൻ അബ്ദു റസാക്
hikmadawah@gmail.com

ലേഖനം



# ഇന്ത്യ: സാമ്പത്തിക മാന്ദ്യവും രാഹുൽ ബജാജിന്റെ പ്രതികരണവും

**ഫേ**സ്ബുക്ക് ഉപയോഗത്തിനിടയിൽ വളരെ രസകരമായ രണ്ട് ട്രോളുകൾ ശ്രദ്ധയിൽ പെട്ടു.

ഒന്ന്). ഒരിക്കൽ ഓരാൾ പൂവൻ കോഴിയോടു ചോദിച്ചു:

"ആളുകൾ എന്തുകൊണ്ടാണ് നിന്നെ ജീവിക്കാനനുവദിക്കാത്തത്? അവർക്ക് നിന്നെ കൊല്ലാനാണല്ലോ ഇഷ്ടം!"

പൂവൻ കോഴി ഒരു മറുചോദ്യം ചോദിച്ചു: "ജനങ്ങളെ ഉണർത്തുന്ന എല്ലാവരുടെയും ഗതി ഇതുതന്നെയല്ലേ?"

രണ്ട്). കൂട്ടിലടക്കപ്പെട്ട ഒരു തത്തയോട് പുറത്ത് നിൽക്കുന്ന ഒരു കിളി ചോദിച്ചു: "നീ എന്താണ് എപ്പോഴും കൂട്ടിൽ തന്നെ കിടക്കുന്നത്?"

ഇത് കേട്ട തത്ത: "എനിക്ക് സംസാരിക്കാൻ അറിയാം, അത് കൊണ്ട് തന്നെ."

കാര്യം ട്രോളാണെങ്കിലും ആശയം വളരെ വ്യക്തമാണ്. എഴുതാനുദ്ദേശിച്ച വിഷയവുമായി മേൽ പറഞ്ഞ രണ്ട് ട്രോളുകൾക്കും നല്ല ബന്ധമുണ്ടെന്ന് മനസ്സിലാക്കിയത് കൊണ്ടാണ് ആമുഖമായി അവ എടുത്ത് കൊടുത്തത്.

'ഫ്രീഡം ഓഫ് എക്സ്പ്രഷൻ' അഥവാ ആവിഷ്കാര സ്വാതന്ത്ര്യം എന്നത് ഒരു അവകാശമാണ്. (എന്നാൽ അതിന്റെ മറവിൽ മതനിന്ദ പ്രചരിപ്പിക്കുന്നതും കലാപങ്ങൾ ഇളക്കിവിടുന്നതും വ്യക്തിഹത്യ നടത്തുന്നതും മറ്റും ഒരിക്കലും ആവിഷ്കാര സ്വാതന്ത്ര്യമല്ല, അവയെ ഈ ഗണത്തിൽ ഉൾപ്പെടുത്താനും കഴിയില്ല).

തിരിച്ച് കരകയറാൻ പറ്റാത്ത ഒരു ഗർത്തത്തിലേക്കാണ് ഇന്ത്യയുടെ സാമ്പത്തിക സ്ഥിതി വീണുകൊണ്ടിരിക്കുന്നത് എന്ന് മനസ്സിലായപ്പോഴെങ്കിലും പ്രതികരിക്കാൻ ചിലർ സന്നദ്ധരായിത്തുടങ്ങി എന്നത് ഏറെ ആശ്വാസവും പ്രതീക്ഷയും സമ്മാനിക്കുന്നു.

ഇക്കഴിഞ്ഞ ശനിയാഴ്ച മുംബൈയിൽ വെച്ച് 'ഇക്കണോമിക് ടൈംസ്' സംഘടിപ്പിച്ച അവാർഡ് വിതരണ ചടങ്ങിനിടെ നടന്ന ആശയവിനിമയ പരിപാടിയിൽ അഭ്യന്തര മന്ത്രി അമിത്ഷായെയും കേന്ദ്ര ധനകാര്യ മന്ത്രി നിർമല സീതാരാമനെയും വാണിജ്യ-റെയിൽവേ മന്ത്രി പിയൂഷ് ഗോയലിനെയും സ്റ്റേജിലിരുത്തി നല്ല ഒന്നാന്തരം പ്രകടനമാണ് നട്ടെല്ല് നിവർത്തിപ്പിടിച്ച് പ്രമുഖ വ്യവസായ ഗ്രൂപ്പായ ബജാജ് ഗ്രൂപ്പിന്റെ ചെയർമാൻ രാഹുൽ ബജാജ് കാഴ്ച വെച്ചത്!

രാജ്യത്തിന്റെ സമകാലിക സ്ഥിതിഗതികളുടെ അവസ്ഥ അറിയുന്ന ഒരു രാജ്യസനേഹി പറയേണ്ട എല്ലാ കാര്യങ്ങളും അദ്ദേഹം കൃത്യമായി അക്കമിട്ട് വിശദീകരിച്ചു.

ഇന്ത്യയിൽ നടക്കുന്ന ആൾക്കൂട്ട കൊലപാതകങ്ങളും ന്യൂനപക്ഷത്തിന് നേരെയുള്ള മർദനങ്ങളും സാമ്പത്തിക മാന്ദ്യവും നാഥുറാം വിനായക് ഗോഡ്സയെ ദേശഭക്തനാക്കാനുള്ള തീവ്രമായ പരിശ്രമങ്ങളുംതുടങ്ങി കശ്മീർ പ്രശ്നം വരെ ചർച്ചയാകുന്ന രൂപത്തിൽ കാര്യങ്ങൾ അദ്ദേഹം വെട്ടിത്തുറന്ന് അവതരിപ്പിക്കുകയായിരുന്നു.

അദ്ദേഹം അവതരിപ്പിച്ച ഓരോ കാര്യവും വസ്തുതകൾ നിറഞ്ഞതാണ് എന്ന് അതുമായി ബന്ധപ്പെട്ട ചില വിശദീകരണങ്ങൾ കണ്ടാൽ അറിയാൻ പറ്റും.

ഇന്ത്യയുടെ സാമ്പത്തിക സ്ഥിതി താറുമാറായിക്കൊണ്ടിരിക്കുന്ന ഘട്ടത്തിലും പാർലമെന്റിൽ വെച്ച് കേന്ദ്ര ധനകാര്യ മന്ത്രി നിർമല സീതാരാമൻ പറയുന്നു; രാജ്യത്തിന്റെ സാമ്പത്തിക വളർച്ച കീഴോട്ടാണെങ്കിലും മാന്ദ്യം ഇല്ല എന്ന്! ഇത് കേൾക്കുമ്പോൾ ചിരിയാണ് വരുന്നത്! ആരെയാണ് ഇവർ വിഡ്ഢികളാക്കുന്നത്?

പെണ്ണ് കാണാൻ പോയ വീട്ടിൽ വെച്ച് ചെക്കന്റെ അച്ഛൻ വീട്ടുകാരോട് 'പൊന്ന് അൽപം കൂടിയാലും സ്വർണം ഒട്ടും കുറയേണ്ടാ' എന്ന് പറഞ്ഞതായി ഒരു തമാശ കേട്ടിട്ടുണ്ട്. ധനകാര്യ മന്ത്രിയുടെ പ്രസ്താവന കേട്ടപ്പോൾ അത് ഇതിനോട് സമാനമാണെന്ന് തോന്നിപ്പോയി! സ്വർണം വേണ്ട എന്നാണ് ചെക്കന്റെ അച്ഛൻ ഉദ്ദേശിച്ചത് എന്ന് തോന്നിപ്പോകും കേൾക്കുന്ന മാത്രയിൽ. എന്നാൽ പറഞ്ഞതാകട്ടെ അതിനെതിരും.

രാജ്യത്ത് മാന്ദ്യം ഇല്ല എന്ന് എങ്ങനെയാണ് പറയാനാകുന്നത്? പ്രത്യേകിച്ചും കൃത്യമായ ചില കണക്കുകൾ ഇവിടെ അവശേഷിക്കെ?!

ഭീതിതമായ രൂപത്തിലുള്ള ധനക്കമ്മിയാണ് രാജ്യത്തെ ബാധിച്ചിരിക്കുന്നത് എന്ന് പറയുന്നത് കോൺഗ്രസ്സിന്റെ രാജ്യസഭാ ഉപനേതാവ് ആനന്ദ് ശർമയാണ്.

രാജ്യത്ത് 20 വർഷത്തിനിടയിൽ കാണാത്ത പ്രതിസന്ധികളാണ് വാഹന മേഖലയിൽ മാത്രം സംഭവിക്കുന്നത്. 2.30 ലക്ഷം ജോലികളാണത്രെ വാഹന മേഖലയിൽ മാത്രം നഷ്ടമായത്! പിന്നെ എങ്ങനെ രാഹുൽ ബജാജിനെപ്പോലെയുള്ളവർ പ്രതികരിക്കാതിരിക്കും?

ചർച്ചയിൽ എൻ.സി.പി നേതാവ് മജീദ് മേമൻ ഒരു കാര്യം കൂടി കൂട്ടിച്ചേർത്തു; 300 വിതരക്കാർക്കാണ് വാഹന മേഖലയിൽ കച്ചവടം നിർത്തി പൂട്ടി പോകേണ്ടി വന്നത് എന്ന്!

ആം ആദ്മി പാർട്ടി നേതാവ് സഞ്ജയ് സിങ് പറഞ്ഞു: 'രാജ്യത്ത് വലിയ കമ്പനികൾ വളരുമ്പോൾ ചെറിയ കമ്പനികൾ മരിക്കുന്നു...!'

രാഹുൽ ബജാജ് പിന്നീട് പറഞ്ഞത് ആൾക്കൂട്ട കൊലപാതകങ്ങളുമായി ബന്ധപ്പെട്ട അനിഷേധ്യമായ ചില വസ്തുതകളാണ്.

ഇക്കഴിഞ്ഞ വിജയദശമി ദിവസത്തിൽ ആർ.എസ്.എസ്സിന്റെ ആറാമത്തെ സർസംഘ് ചാലകായ മോഹൻ ഭാഗവത് നാഗ്പൂരിൽ വെച്ച് പ്രസംഗിച്ചത് 'ഇന്ത്യയിൽ ആൾകൂട്ട കൊലപാതകങ്ങളില്ല, അത് വിദേശ മതങ്ങളുടെ സംഭാവനയാണ്' എന്നായിരുന്നു!

കഴിഞ്ഞ ആറോ ഏഴോ വർഷത്തിനിടയിൽ ഇന്ത്യയിൽ നടന്ന ആൾക്കൂട്ട

കൊലപാതകങ്ങളുടെ കണക്കുകൾ എഴുതാൻ നിന്നാൽ ഒരു ലേഖനം അതിന് മതിയാകാതെ വരും ചിലപ്പോൾ.

പശ്ചിമ ബംഗാളിൽ പശുവിനെ മോഷ്ടിച്ച് വാനിൽ കടത്താൻ ശ്രമിച്ചു എന്നാരോപിച്ച് ചെറുപ്പക്കാരായ രണ്ട് യുവാക്കളെ (പ്രകാശ് ദാസ്, റബീഉൽ ഇസ്‌ലാം എന്നിവരെ) തല്ലിച്ചതച്ച് കൊന്നിട്ട് അധിക കാലമൊന്നും ആയിട്ടില്ല. എന്നിട്ടും നമ്മുടെ ആഭ്യന്തര മന്ത്രി പറയുന്നു; മാധ്യമങ്ങളും പത്രങ്ങളും കാര്യങ്ങളെ പെരുപ്പിച്ച് കാണിക്കുകയാണ്, ഒറ്റപ്പെട്ട ചില സംഭവങ്ങൾ മാത്രമെ ഉണ്ടായിട്ടുള്ളൂ എന്ന്!

നിലവിൽ ഭോപാലിലെ ബി.ജെ.പി എം.പിയായ, രാജ്യദ്രോഹ കുറ്റത്തിന് നിലവിൽ കേസുമുള്ള പ്രജ്ഞ സിങ് ഠാക്കൂർ നടത്തിയ ഒരു പ്രസ്താവനയുമായി ബന്ധപ്പെട്ട വിഷയമാണ് രാഹുൽ ബജാജ് മുന്നോട്ട് വെച്ച മറ്റൊരു വിഷയം. ഗാന്ധിയുടെ ഘാതകനായ നാഥൂറാം വിനായക് ഗോഡ്സയെ പറ്റി പാർലമെന്റിൽ വെച്ച് ഠാക്കൂർ നടത്തിയ ദേശഭക്തൻ എന്ന അഭിസംബോധന രീതിയുമായി ബന്ധപ്പെട്ട വിഷയം.

'How the Modi' തലക്കെട്ടിൽ നടന്ന പ്രോഗ്രാമിൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നടത്തിയ പരാമർശവും ഠാക്കൂറിന്റെ ഗാന്ധി വൈരാഗ്യവും ചേർത്ത് വായിക്കുമ്പോൾ കാര്യങ്ങൾക്ക് ഒന്നുകൂടി ഒരു വ്യക്തത കിട്ടും. ട്രംപ് പറഞ്ഞു; ഇന്ത്യക്കൊരു രാഷ്ട്രപിതാവിനെ ആവശ്യമുണ്ട് എന്ന്...!

ഈ വിഷയങ്ങൾ കേവലം ഠാക്കൂറിൽ ഒതുങ്ങുന്ന ഒന്നല്ല. സ്വൽപം പിന്നോട്ട് പോയാൽ ചില കാര്യങ്ങൾ കൂടി കാണാം.

2014 ജൂലായ് മാസത്തിൽ ഗാന്ധിയുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട 15000ൽ അധികം രേഖകൾ അഭ്യന്തര മന്ത്രാലയത്തിൽ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ 2014 സെപ്തംബർ മാസത്തിൽ വെങ്കിടേഷ് നായിക് വിവരാവകാശ രേഖ പ്രകാരം നടത്തിയ അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ പറയുന്നത് ഇങ്ങനെ: 'രേഖകൾ നശിപ്പിച്ചിട്ടുണ്ട്. പക്ഷേ, അവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല...'

എന്ത് മനസ്സിലായി നമുക്ക്? ഗാന്ധിയെക്കുറിച്ചുള്ള രേഖകൾ വലിയ പ്രാധാന്യമുള്ളവയല്ല എന്നും ആ വിവരങ്ങളെല്ലാം ഇനിയൊരു പാഴ്‌വിവരമാണ് എന്നുമുള്ള അവസ്ഥ വന്നിരിക്കുന്നു നമ്മുടെ മോടി(ദി)ഫൈഡ് ഇന്ത്യയിൽ!

ഇതിൽ നമ്മൾ മനസ്സിലാക്കേണ്ട വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യമുണ്ട്. ഗാന്ധിയെക്കുറിച്ചുള്ള രേഖകൾ നശിപ്പിക്കപ്പെട്ട അതേ മാസം തന്നെയാണ് അഥവാ 2014 ജൂലൈ മാസം തന്നെയാണ് ഗ്ലോബൽ ഹിന്ദു ഫൗണ്ടേഷൻ മാനവ വിഭവശേഷി മന്ത്രാലയത്തിന് കത്തയച്ച് 'നാഥുറാം വിനായക് ഗോഡ്സെയെ ദേശീയ പുരുഷനായി വാഴ്ത്തുകയും അപ്രകാരം തന്നെ പ്രസ്തുത വിവരങ്ങൾ പാഠപുസ്തകങ്ങളിൽ ചേർക്കുകയും ചെയ്യണം' എന്ന് പറഞ്ഞത്.

2015 ൽ ബി.ജെ.പി എം.പി സാക്ഷി മഹാരാജ് രാജ്യസഭയിൽ ഗോഡ്സെയെ ദേശാഭിമാനിയാക്കി വിശേഷിപ്പിച്ചു!

2014 ഡിസംബർ മാസത്തിൽ അഖില ഭാരതീയ ഹിന്ദു മഹാസഭ മീറത്തിൽ ഗോഡ്സെയുടെ പേരിൽ അമ്പലം പണിയാൻ തീരുമാനം എടുത്തു. വിവാദങ്ങൾ കാരണം അത് ഒഴിവാക്കി!

അതേസമയം തന്നെയാണ് ഉത്തർപ്രദേശിൽ ഗോഡ്സെയുടെ പ്രതിമ സ്ഥാപിക്കണം എന്ന് പറഞ്ഞ് ബീ.ജെ.പി അധ്യക്ഷൻ ലക്ഷ്മികാന്ത് ഭാജ്പയ് രംഗത്തു വന്നത്.

ഗാന്ധി ജയന്തി ദിവസത്തിൽ പ്രതീകാത്മകമായി ഗാന്ധിയുടെ മാറിടത്തിലേക്ക് വെടിയുതിർത്ത് വീണ്ടും പ്രജ്ഞ സിങ് ഠാക്കൂർ വിവാദം സൃഷ്ടിച്ചു. വീണ്ടും വീണ്ടും ഗാന്ധിയെ കൊല്ലാൻ അവർ നോക്കുന്നത് എന്തിനാണ്? അവർക്കറിയാം ചില രാജ്യസ്നേഹികളിലൂടെ ഗാന്ധി ഇന്നും ജീവിക്കുന്നുണ്ട് എന്ന്!

ഗാന്ധിഘാതകനെ ദേശഭക്തനെന്ന് വിശേഷിപ്പിച്ച് വെറുപ്പിന്റെ രാഷ്ട്രീയം ഛർദിക്കുന്നവർ ഒരു ഭാഗത്ത് ഉലകം ചുറ്റാൻ ശ്രമിക്കുമ്പോൾ രാഹുൽ ബജാജിനെപ്പോലെയുള്ള നീതിയുടെ ശബ്ദങ്ങൾ ഈ ഭാഗത്തും ഇല്ലെങ്കിൽ കാര്യങ്ങളുടെ അവസ്ഥ പറയാനുണ്ടാകുമോ...?

രാജ്യത്തെ സ്നേഹിക്കുന്ന, നാനാത്വത്തിൽ ഏകത്വം എന്ന ഐക്യത്തിന്റെ ആശയത്തെ ചേർത്ത് വെക്കുന്ന ഓരോ ഇന്ത്യക്കാരനും പറയാനാഗ്രഹിച്ച കാര്യങ്ങൾ തന്നെയാണ് വ്യവസായിയായ രാഹുൽ ബജാജ് പറഞ്ഞ് വെച്ചത്!

അദ്ദേഹത്തെപ്പോലെയുള്ള പ്രമുഖർ വസ്തുതകൾ മുന്നിൽ നിരത്തി ഇതുപോലെ പ്രതികരിക്കുമ്പോൾ ഹിന്ദുത്വ രാഷ്ട്രം കെട്ടിപ്പടുക്കാനുള്ള ഫാഷിസ്റ്റുകളുടെ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന് അൽപമെങ്കിലും വേഗത കുറക്കാൻ സാധിക്കും എന്ന് നമുക്ക് പ്രത്യാശിക്കാം. ●

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com



# അല്ലാഹു എല്ലാവരുടെയും ആരാധ്യൻ

**വി**ശുദ്ധ ക്വുർആനിലെ രണ്ടാം അധ്യായമായ 'അൽബക്വറ'യിൽ അല്ലാഹു പറയുന്നു: "ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അതു മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്" (2:21,22).

ഒരുപാട് ഗുണപാഠങ്ങൾ ഉൾക്കൊള്ളുന്ന വചനങ്ങളാണിവ. മുഴുവൻ മനുഷ്യരും ഉൾക്കൊള്ളുകയും മനസ്സിലാക്കുകയും ചെയ്യേണ്ട തത്ത്വങ്ങളും പാഠങ്ങളുമാണ് ആദ്യവചനം പഠിപ്പിക്കുന്നത്. മനുഷ്യർ ആരാധിക്കേണ്ടത് മനുഷ്യരെയും പ്രപഞ്ചത്തെയും സൃഷ്ടിച്ച ദൈവത്തെയാണ് എന്ന മഹാ തത്ത്വം.

അങ്ങനെ പറയാനുള്ള കാരണം, പലപ്പോഴും മനുഷ്യൻ ആരാധിക്കുന്നത് അവൻ തന്നെ സ്വയം സങ്കൽപിക്കുകയും സൃഷ്ടിക്കുകയും ചെയ്യുന്ന ആരാധനാമൂർത്തികളെയാണ്. ഏതെങ്കിലും ഒരു മതവിശ്വാസി തന്റെ ദൈവത്തെ ആരാധിക്കണം എന്ന് പറഞ്ഞാൽ മറ്റുള്ളവർ അതിനു തയ്യാറാവുകയില്ല. മാത്രമല്ല അവിടെ സങ്കുചിതത്വ ചിന്താഗതികളും പ്രയാസങ്ങളുമായിരിക്കും കടന്നുവരിക. എന്നാൽ ഇത്തരം പ്രതിസന്ധികൾക്കപ്പുറത്ത് എല്ലാ നിലയ്ക്കും മനുഷ്യന് സമാധാനവും ശാന്തിയും നൽകുന്ന ദൈവവിശ്വാസമാണ് ഇസ്‌ലാം പരിചയപ്പെടുത്തുന്നത്.

'ക്രൈസ്തവരുടെ ദൈവത്തെ' മുസ്‌ലിംകളോ 'മുസ്‌ലിംകളുടെ ദൈവത്തെ' ക്രൈസ്തവരോ 'ഹൈന്ദവരുടെ ദൈവത്തെ' ഇതര മതസ്ഥരോ ആരാധിക്കാൻ തയ്യാറാകണം എന്നില്ല; അതൊട്ട് സാധ്യവുമല്ല. എന്നാൽ ഇസ്‌ലാം പഠിപ്പിക്കുന്നത് മനുഷ്യരേ, നിങ്ങൾ 'നിങ്ങളെയും നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുപോയ ജനവിഭാഗങ്ങളെയും ആകാശഭൂമികളെയും സർവ ചരാചരങ്ങളെയും സൃഷ്ടിച്ച ദൈവത്തെ' ആരാധിക്കണം എന്നാണ്. എല്ലാ സങ്കുചിതത്വങ്ങളും ഇതോടുകൂടി ഇല്ലാതാവുകയാണ്. മതങ്ങളുടെയും ദേശങ്ങളുടെയും ഗോത്രവിഭാഗങ്ങളുടെയുമൊക്കെ പേരിൽ ആരാധിക്കപ്പെടുന്ന വ്യത്യസ്ത ദൈവങ്ങളുടെ പേരിലുള്ള കലഹങ്ങളും കലാപങ്ങളും ഇല്ലാതെയാക്കി എല്ലാവർക്കും ഒരുപോലെ ഉൾക്കൊള്ളാനും അംഗീകരിക്കാനും കഴിയുന്ന ദൈവ വിശ്വാസമാണ് ഇസ്‌ലാം പഠിപ്പിക്കുന്നത് എന്നർഥം.

അല്ലാഹു അറബികളുടെയോ മുസ്‌ലിംകളുടെയോ ദൈവമാണെന്ന് ക്വുർആൻ ഒരിടത്തും പരിചയപ്പെടുത്തിന്നില്ല എന്നത് ശ്രദ്ധേയമാണ്. എല്ലാ മനുഷ്യരുടെയും സ്രഷ്ടാവായിട്ടാണ് ഉപരിസൂചിത വചനങ്ങൾ അല്ലാഹുവിനെ പരിചയപ്പെടുത്തുന്നത്. ഭൂമിയെ വിരിപ്പാക്കുകയും ആകാശത്തെ മേൽപുരയാക്കുകയും ആകാശത്തുനിന്നും വെള്ളം ചൊരിഞ്ഞുതന്നിട്ട് അതിൽനിന്നും ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്തവൻ ആ അല്ലാഹു തന്നെയാണ്. ഈ അനുഗ്രഹങ്ങളാകട്ടെ മുഴുവൻ മനുഷ്യരും ആസ്വദിക്കുകയും ചെയ്യുന്നു.

ഈ അനുഗ്രഹങ്ങളൊക്കെ സംവിധാനിച്ചത് ഒരേയൊരു ദൈവമാണെന്നത് നിങ്ങൾ അംഗീകരിക്കുന്നുവെങ്കിൽ ആ ഏകനായ സ്രഷ്ടാവിനെ എല്ലാവരും ആരാധിക്കുകയും ഉൾക്കൊള്ളുകയും ചെയ്യേണ്ടതുണ്ട് എന്ന മാനവികമായ, വിശാലമായ, സങ്കുചിതത്വങ്ങൾ ഇല്ലാത്ത ഒരു ആദർശമാണ് ഇസ്‌ലാം മുന്നോട്ടുവെക്കുന്നത്. അത്കൊണ്ട് തന്നെ മതങ്ങളുടെ പേരിലും രാഷ്ട്രത്തിന്റെ അതിർവരമ്പുകളുടെ പേരിലും ഏതെങ്കിലും ജനവിഭാഗങ്ങൾ ആരാധിക്കുന്ന ദൈവങ്ങളുടെ പേരിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന എല്ലാ പ്രശ്നങ്ങളെയും ഈ ആദർശം ഇല്ലാതെയാക്കുന്നു. വിശുദ്ധ ക്വുർആൻ മാനവസമൂഹത്തിനു മുന്നിൽ സമർപ്പിക്കുന്ന ഏറ്റവും വലിയ സന്ദേശവും ഇതാണ് എന്ന് നാം മനസ്സിലാക്കുക.

ലോക രക്ഷിതാവ് ആരാണ് എന്ന ഫിർഔനിന്റെ ചോദ്യത്തിന് മൂസാനബി(عليه السلام) നൽകിയ ഉത്തരം ഏറെ ശ്രദ്ധേയമാണ്. മൂസാ നബി(عليه السلام) പറഞ്ഞു: "ലോകരക്ഷിതാവെന്നാൽ ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവാകുന്നു. നിങ്ങളുടെയും നിങ്ങളുടെ പൂർവപിതാക്കളുടെയും രക്ഷിതാവും അവൻ തന്നെ. കിഴക്കിന്റെയും പടിഞ്ഞാറിന്റെയും അവയ്ക്കിടയിലുള്ളതിന്റെയും രക്ഷിതാവും അവൻ തന്നെ."

മുൻവിധികൾ ഇല്ലാതെ ഇസ്‌ലാമിനെ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് മേൽപറഞ്ഞ ക്വുർആൻ വചനങ്ങൾ ഉപകാരപ്പെടും, തീർച്ച. ●

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com



# മലബാറിലെ സ്വാതന്ത്ര്യസമര ചരിത്രം

ബ്രിട്ടീഷ് അധിനിവേശത്തിനെതിരിൽ ഇന്ത്യയിൽനടന്ന സ്വാതന്ത്ര്യസമരത്തിലെ ഐതിഹാസിക അധ്യായമാണ് കേരളത്തിലെ മലബാർ മേഖലയിൽ നടന്ന സായുധ പോരാട്ടങ്ങൾ. മലബാർ കലാപം, മാപ്പിളലഹള എന്നിങ്ങനെ പലപേരുകളിൽ ചരിത്രം രേഖപ്പെടുത്തിയ ഈ സ്വാതന്ത്ര്യസമരം അതിന്റെ നൂറാം വാർഷികത്തിലേക്ക് അടുക്കുകയാണ്. 1921 ഫെബ്രുവരി മുതൽ 1922 ഫെബ്രുവരിവരെ മലബാർ ജില്ലയിലെ; പ്രധാനമായും ഏറനാട്, വള്ളുവനാട്, പൊന്നാനി, കോഴിക്കോട് താലൂക്കുകൾ കേന്ദ്രീകരിച്ച് നടന്ന ഈ സ്വാതന്ത്ര്യ പോരാട്ടങ്ങൾ, നമ്മുടെ രാജ്യത്തെ കൊള്ളയടിക്കാൻ വന്ന അധിനിവേശ ശക്തികൾ ഇന്ത്യൻ ജനതയിൽനിന്ന് നേരിട്ട ഏറ്റവും വലിയ പ്രതിരോധങ്ങളിൽ ഒന്നായിരുന്നു.

1921 ഫെബ്രുവരി 20ന് തൃശൂർ തേക്കിൻകാട് മൈതാനത്ത് നടന്ന ഖിലാഫത്ത് സമ്മേളനം ബ്രിട്ടീഷ് അനുയായികളായ ഒരുവിഭാഗം അലങ്കോലപ്പെടുത്തിയ സംഭവത്തോടെയാണ് ഒരുവർഷം നീണ്ട സമരപരമ്പരകൾക്ക് തുടക്കമാകുന്നത്. മാപ്പിളമാരുടെ നേതൃത്വത്തിലാണ് പോരാട്ടങ്ങൾ നടന്നതെങ്കിലും ഹിന്ദു സമുദായത്തിൽ പെട്ടവരും ഇതിൽ സജീവ പങ്കാളികളായിരുന്നു. മലബാർ കലാപത്തിന്റെ ഭാഗമായ വിവിധ പോരാട്ടങ്ങളിലായി 10,000ത്തോളം പേർ രാജ്യത്തിനായി വീരമൃത്യു വരിക്കുകയും 25,000ത്തിലധികം പേർ തുറുങ്കിലടക്കപ്പെടുകയും ചെയ്തു.

## കർഷകർ തിരികൊളുത്തിയ പോരാട്ടങ്ങൾ

1792ൽ ടിപ്പുസുൽത്താന്റെ പതനത്തോടെ മലബാർ പ്രദേശം ബ്രിട്ടീഷുകാരുടെ അധീനതയിൽ വന്നു. ടിപ്പു സുൽത്താൻ മലബാറിൽ നടപ്പാക്കിയ ഭൂപരിഷ്‌ക്കരണ, സാമൂഹിക പരിഷ്‌ക്കരണ നടപടികൾ ബ്രിട്ടീഷുകാർ റദ്ദാക്കി. അന്ന് നാടുഭരിച്ച പലരാജാക്കന്മാരും ഭൂപ്രഭുക്കന്മാരും ബ്രിട്ടീഷ് ആധിപത്യത്തിന് വഴങ്ങിക്കൊടുക്കുകയോ അവരുടെ നിയമവ്യവസ്ഥകൾ അംഗീകരിക്കുകയോ ചെയ്തു. ബ്രിട്ടീഷ് ഭരണം മലബാർ ഉൾപ്പെടെ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ആകെ തകിടംമറിച്ചു. കർഷകരാണ് ഇതിൽ കൊടിയ ദുരിതം അനുഭവിച്ചത്. അവരുടെ ജീവിത സാഹചര്യം തികച്ചും പരിതാപകരമായി മാറി. പാട്ടത്തിനെടുത്ത് കൃഷിചെയ്തും തുച്ഛമായ കൂലിക്ക് ജോലിചെയ്തും അവർക്ക് കുടുംബം പുലർത്തേണ്ടി വന്നു. അടിക്കടി നേരിടേണ്ടി വന്ന കുടിയൊഴിപ്പിക്കൽ, അന്യായമായ നികുതിപിരിവ്, ഉയർന്ന പാട്ടം തുടങ്ങിയവ ബ്രിട്ടീഷുകാരും ഭൂപ്രഭുക്കന്മാരും കർഷകർക്ക് മേൽ അടിച്ചേൽപിച്ചു. കടുത്ത ശാരീരിക പീഡനങ്ങളും ഏറ്റുവാങ്ങേണ്ടി വന്നു. ഇതിൽ സഹികെട്ട കർഷകരും മറ്റു ജനങ്ങളുമൊരുമിച്ച് ബ്രിട്ടീഷ് അധിനിവേശത്തിനെതിരെയും ജന്മിത്വ ചൂഷണത്തിനെതിരെയും പോരാടാൻ തീരുമാനിച്ചു.

1836മുതൽ 1853വരെ 22 സംഘടിത സ്വാതന്ത്ര്യ പോരാട്ടങ്ങൾ ബ്രിട്ടീഷ് രാജിനെതിരെ നടന്നു. 1843ലെ ചേരൂർ വിപ്ലവവും 1849ലെ മഞ്ചേരി കലാപവുമെല്ലാം ഇതിൽ ശ്രദ്ധേയമാണ്. ഇതിനെ തുടർന്നാണ് ബ്രിട്ടീഷുകാർ 1859ൽ 'മാപ്പിള ഔട്ട് റേജസ് ആക്റ്റ്' എന്ന നിയമം മലബാറിൽ നടപ്പിലാക്കുന്നത്. ചെറുതും വലുതുമായ പോരാട്ടങ്ങളായി വളർന്ന ഈ സായുധ സമരങ്ങൾ ഏറ്റവും സജീവമായത് 1921ലാണ്.

## ഖിലാഫത്ത് പ്രസ്ഥാനവും സമരങ്ങളും

മഹാത്മാ ഗാന്ധിയുടെ ആശിർവാദത്തോടെ അലിസഹോദരന്മാരുടെ നേതൃത്വത്തിൽ ദേശീയ തലത്തിൽ രൂപംകൊണ്ട ഖിലാഫത്ത് പ്രസ്ഥാനത്തോട് മലബാറിലെ സ്വാതന്ത്ര്യമോഹികൾ കണ്ണിചേർന്നു. ലോക മുസ്‌ലിംകളുടെ ആഗോള നേതൃത്വമായി അന്ന് അറിയപ്പെട്ടിരുന്ന തുർക്കി ഖിലാഫത്തിനെ ബ്രിട്ടീഷുകാർ അട്ടിമറിച്ചതിനോടുള്ള ഇന്ത്യൻ മുസ്‌ലിംകളുടെ പ്രതികരണം കൂടിയായിരുന്നു ഖിലാഫത്ത് പ്രസ്ഥാനം. 1920 ജൂൺ 14ന് മഹാത്മാ ഗാന്ധിയും മൗലാനാ ശൗക്കത്തലിയും കോഴിക്കോട് കടപ്പുറത്ത് പ്രസംഗിച്ചതോടെ ഖിലാഫത്ത് പ്രസ്ഥാനം മലബാറിൽ ശക്തിപ്രാപിച്ചു. ഏറനാട്, വള്ളുവനാട് താലൂക്കുകൾ ഉൾപ്പെടെ മിക്കപ്രദേശങ്ങളിലും ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ താലൂക്ക് സമിതിയും പ്രാദേശിക കമ്മിറ്റികളും രൂപവത്കരിക്കപ്പെട്ടു. ഭൂപ്രഭുക്കളിൽ നിന്നും ബ്രിട്ടീഷ് ഉദ്യോഗസ്ഥരിൽനിന്നും കൊടിയപീഡനം നേരിടുന്ന വെറും പാട്ടകുടിയാന്മാരുടെ മനുഷ്യാവകാശങ്ങൾക്കായി ഖിലാഫത്ത് പ്രസ്ഥാനം ശക്തമായി നിലകൊണ്ടു.

1921 ആഗസ്റ്റ് 19ന് ഖിലാഫത്ത് പ്രവർത്തകരെ അടിച്ചമർത്താനും നേതാക്കളെ പിടികൂടാനും ലക്ഷ്യംവെച്ച്, ജില്ലാമജിസ്‌ട്രേട്ട് ഒപ്പിട്ട 24 അറസ്റ്റ് വാറണ്ടുകളുമായി കളക്ടർ തോമസിന്റെയും ക്യാപ്റ്റൻ മെക്കന്റോയുടെയും ഡി.വൈ.എസ്.പി ഹിച്ച് കോക്കിന്റെയും സൂപ്രണ്ട് ആമുവിന്റെയും നേതൃത്വത്തിൽ പട്ടാളക്കാരുടെ സംഘം ട്രെയിനിൽ മലബാറിലേക്ക് പുറപ്പെട്ടു. 500ലധികമുള്ള ഈ പട്ടാളസംഘം പരപ്പനങ്ങാടിയിൽ ഇറങ്ങി. തിരൂരങ്ങാടിയിലേക്ക് മാർച്ച് ചെയ്തു.

20ന് പുലർച്ചയോടേ തിരൂരങ്ങാടി കിഴക്കേപള്ളിയും ചില ഖിലാഫത്ത് പ്രവർത്തകരുടെ വീടും ഇവർ വളഞ്ഞു. രാവിലെ പള്ളിയും ഖിലാഫത്ത് കമ്മറ്റി ഓഫീസും റെയ്ഡുചെയ്തു. മൂന്നുപേരെ അറസ്റ്റ് ചെയ്തു. മമ്പുറം പള്ളിയിൽനിന്നും മൂന്ന്പേരെ അറസ്റ്റ് ചെയ്തു. മമ്പുറം പള്ളി ബ്രിട്ടീഷുകാർ കയ്യേറിയെന്ന വാർത്ത നാടാകെ പടർന്നതോടെ മാപ്പിളമാർ പലയിടങ്ങളിലായി സായുധരായി ബ്രിട്ടീഷുകാർക്കെതിരെ സംഘടിച്ചു. തിരൂരങ്ങാടിയിൽ സംഘടിച്ച 2000ത്തോളം സമരക്കാർക്ക് നേരെ പട്ടാളം വെടിവെച്ചു. മുന്നൂറോളം പേർ രക്തസാക്ഷികളായി. തിരൂരങ്ങാടി പള്ളിക്ക് നേരെയും ബ്രിട്ടീഷ് പട്ടാളം ആക്രമണം അഴിച്ചുവിട്ടു. ഇതേസമയം, ആഗസ്റ്റ്22ന് പാണ്ടിക്കാട് വളരാടുള്ള പാണ്ടിയാട് നാരായണൻ നമ്പീശന്റെ തെക്കേക്കളം തറവാട്ടുമുറ്റത്ത് നൂറ്റമ്പതോളം ഖിലാഫത്ത് സമരനേതാക്കളുടെ സുപ്രധാനയോഗം ചേർന്നു.

ബ്രിട്ടീഷുകാർക്കെതിരെ രാജ്യത്തെ ഹിന്ദുക്കളും മുസ്‌ലിംകളും ഒന്നിക്കണമെന്ന നാഗ്പൂർ കോൺഗ്രസ്സ് സമ്മേളന തീരുമാനം നടപ്പാക്കുന്നതിന്റെ ഭാഗമായിരുന്നു ആ യോഗം. ഈ സമ്മേളനമാണ് ബ്രിട്ടീഷുകാർക്കെതിരെ സായുധസമരത്തിന് തീരുമാനമെടുക്കുന്നത്. ഇത് ജനങ്ങളെ അറിയിക്കാൻ അന്നേദിവസം വൈകിട്ട് പാണ്ടിക്കാട് അങ്ങാടിയിൽ 4000ൽ അധികംപേർ പങ്കെടുത്ത പൊതുസമ്മേളനവും സംഘടിപ്പിച്ചു. അധിനിവേശ ശക്തികളെ അക്ഷരാർഥത്തിൽ വിറപ്പിച്ച് മലബാറിന്റെ വിവിധ ഭാഗങ്ങളിൽ മുന്നേറിയ മാപ്പിളമാരുടെ പോരാട്ടങ്ങളെ ബ്രിട്ടീഷുകാർ ശക്തമായിത്തന്നെ നേരിടുകയുണ്ടായി. നിരവധി കൂട്ടക്കൊലകളാണ് ഇക്കാലയളവിൽ ബ്രിട്ടീഷ് പട്ടാളം നടത്തിയത്. നിരവധി ഗ്രാമങ്ങൾ അവർ ചുട്ടെരിച്ചു. സ്ത്രീകളെയും കുട്ടികളെയും പോലും അവർ കൂട്ടക്കൊലക്കിരയാക്കി.

**പൂക്കോട്ടൂർ യുദ്ധം**

1921 ഓഗസ്റ്റ് 26ന് മലപ്പുറം ജില്ലയിലെ പൂക്കോട്ടൂരിൽ മാപ്പിള പോരാളികളും ബ്രിട്ടീഷ് സൈന്യവും തമ്മിൽനടന്ന ഐതിഹാസിക പോരാട്ടമാണ് പൂക്കോട്ടൂർ യുദ്ധം. 1857ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന് ശേഷം ഇന്ത്യക്കാരുമായി ബ്രിട്ടീഷുകാർ നടത്തിയ ഏറ്റവും വലിയ യുദ്ധമായിരുന്നു ഇത്. 1921 ആഗസ്റ്റ് 20ന് കണ്ണൂരിൽനിന്ന് തങ്ങളെ നേരിടാൻ പട്ടാളം പുറപ്പെട്ടുവെന്ന വാർത്തയെ തുടർന്ന് പൂക്കോട്ടൂരിൽ മാപ്പിളമാർ സായുധരായി സംഘടിച്ചു. കോഴിക്കോട്-പാലക്കാട് റൂട്ടിൽ നിരവധി സ്ഥലങ്ങളിൽ പാലംപൊളിച്ചും മരങ്ങൾ മുറിച്ചിട്ടും ലഹളക്കാർ റോഡ് തടസ്സപ്പെടുത്തി. പട്ടാളം ഈ തടസ്സങ്ങൾ മാറ്റി പൂക്കോട്ടൂരിൽ ആഗസ്റ്റ് 26ന് എത്തി. ഇവർക്കെതിരെ ഗറില്ലാ പോരാട്ടമാണ് മാപ്പിള ലഹളക്കാർ കാഴ്ചവെച്ചത്.

മൂന്നു മണിക്കൂറിലധികം നീണ്ടുനിന്ന ഉഗ്രപോരാട്ടത്തിൽ നാനൂറിലധികം മാപ്പിളമാർ വീരമൃത്യു വരിച്ചു. നിരവധി മാപ്പിള സ്ത്രീകളും യുദ്ധത്തിൽ നേരിട്ട് പങ്കെടുക്കുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. നാല് ബ്രിട്ടീഷ് പട്ടാള ഓഫീസർമാരും കൊല്ലപ്പെട്ടു. യുദ്ധംവിജയിച്ച ആഹ്ലാദത്തിൽ മലപ്പുറത്തേക്ക് മടങ്ങുകയായിരുന്ന ബ്രിട്ടീഷ് പട്ടാളത്തിലെ എ.എസ്.പി ഗത്ബർഡ് ബക്സ്റ്റൺ ലങ്കാസ്റ്ററിനെ സമരപോരാളികൾ വഴിയിൽ ആക്രമിച്ചു കൊലപ്പെടുത്തി. ഇദ്ദേഹത്തിന്റെ ശവകുടീരം ഇപ്പോഴും മലപ്പുറം കുന്നുമ്മലിലെ സെമിത്തേരിയിൽ കാണാം.

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ തുല്യതയില്ലാത്ത ചെറുത്തുനിൽപിനും അതിജീവന പോരാട്ട സമരങ്ങൾക്കും സാക്ഷിയായ ഈ യുദ്ധത്തിന് നിലവിൽ 98 വയസ്സ് പിന്നിടുകയാണ്. യുദ്ധശേഷം ഈ പ്രദേശത്തെയാകമാനം നാമാവശേഷമാക്കിയ ബ്രിട്ടീഷ് പട്ടാളം പോരാളികളിൽ മിച്ചംവന്നവരെ അന്തമാനിലെ ബെല്ലാരിയിലേക്ക് നാടുകടത്തി. നിരവധിപ്പേരെ വെടിവെച്ചും കഴുമരത്തിലേറ്റിയും കൊലചെയ്തു.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ പൂക്കോട്ടൂരിലെ സെക്രട്ടറി ആയിരുന്ന വടക്കുവീട്ടിൽ മുഹമ്മദാണ് യുദ്ധത്തിന് നേതൃത്വം നൽകിയത്. വെള്ളക്കാരന്റെ കിരാതഭരണത്തിൽനിന്ന് മാതൃരാജ്യത്തെ മോചിപ്പിക്കാൻ പൂക്കോട്ടൂരിലെ യോദ്ധാക്കൾ ഹൃദയരക്തംകൊണ്ട് ചരിത്രമെഴുതിയ സമാനതകളില്ലാത്ത ഈ പോരാട്ടത്തെ ചരിത്രപുസ്തകങ്ങൾ ബോധപൂർവം വിസ്മരിക്കുകയാണ്. മതഭ്രാന്തന്മാരുടെ ലഹളയായും കലാപമായും ചിത്രീകരിക്കപ്പെടുമ്പോൾ യഥാർഥ ചരിത്രം പുറത്തുകൊണ്ടുവരിക ശ്രമകരമാണെന്നും പുതുതലമുറയിലെ ചരിത്രഗവേഷകന്മാർ അഭിപ്രായപ്പെടുന്നു.

ചരിത്രപ്രസിദ്ധമായ മലബാറിലെ മാപ്പിള ലഹളയെക്കുറിച്ച് ചരിത്രകാരന്മാരും നിരീക്ഷകരും പലതരത്തിലുള്ള അഭിപ്രായങ്ങളാണ് നിരത്തിയിട്ടുള്ളത്. ഇസ്‌ലാഹി പ്രസ്ഥാനത്തിന്റെ തലമുതിർന്ന നേതാവും പണ്ഡിതപ്രമുഖനും കാരണവരുമായിരുന്ന വെളിയങ്കോട് കെ.ഉമർ മൗലവി(റഹ്)യുടെ നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്. വിദൂര ഭവിഷത്തുകളെ ദീർഘവീക്ഷണം ചെയ്യാൻ കഴിയാതെ കേവലം ആവേശത്തിന്റെ മാത്രം പിൻബലത്തിൽ യുദ്ധക്കളത്തിലേക്ക് എടുത്തുചാടിയ മാപ്പിള മക്കളുടെ ദുരന്തപര്യവസാനത്തെക്കുറിച്ച് അദ്ദേഹത്തെ നിരീക്ഷണം ഇപ്രകാരമാണ്: 'ചുരുക്കത്തിൽ മലബാർ ലഹള മുസ്‌ലിംകൾക്ക് സംഭവിച്ച ചരിത്രപരമായ വലിയൊരു തെറ്റായിരുന്നു എന്നാണ് എന്റെ ദൃഢമായ അഭിപ്രായം. തിരുത്താൻ കഴിയാതെപോയ വിഡ്ഢിത്തം. ആത്മവീര്യവും രാജ്യസ്നേഹവും നിഷ്കളങ്കതയും ഹൃദയത്തിൽ ഒത്തുചേർന്ന പാവപ്പെട്ട സമുദായത്തെ ബ്രിട്ടീഷ് സൈന്യത്തിന്റെ തോക്കുകൾക്ക് മുന്നിലേക്ക് എറിഞ്ഞുകൊടുത്ത ക്രൂരവും ഭീകരവുമായ വിഡ്ഢിത്തം. നീണ്ട പതിറ്റാണ്ടുകൾക്ക് ശേഷം ഈ ദുരന്തത്തിനിരയായവരുടെ കുടുംബാദികൾക്ക് സർക്കാർ എറിഞ്ഞുകൊടുത്ത പെൻഷൻ പിച്ചക്കാശ് മാത്രം മിച്ചം!'


മലബാർ കലാപത്തിന്റെ മറവിൽ രൂപംകൊണ്ട കൊള്ളിവയ്പുകൾ, കൊലപാതകങ്ങൾ, കൊള്ളയടികൾ തുടങ്ങിയ ഖേദകരമായ സംഭവങ്ങളുമായി ഖിലാഫത്ത് നേതാക്കളായിരുന്ന വക്കം മൗലവി, കെ.എം.മൗലവി, ഇ.മൊയ്തു മൗലവി സാഹിബ് തുടങ്ങിവർക്ക് യാതൊരു വിധത്തിലുള്ള ബന്ധങ്ങളും ഉണ്ടായിരുന്നില്ല. മലബാർ കലാപത്തെ തുടർന്ന് ബ്രിട്ടീഷ് ഗവണ്മെന്റിന്റെ കണ്ണിലെ കരടായി പ്രഖ്യാപിക്കപ്പെട്ട കെ.എം.മൗലവി സാഹിബിന് ബ്രിട്ടീഷ് അധീന പ്രദേശത്തിന് പുറത്ത് തിരുവനന്തപുരം ജില്ലയിലെ വക്കത്തുള്ള തന്റെ ഭവനത്തിൽ സ്വീകരിച്ച് അഭയം നൽകിയ പാരമ്പര്യംകൂടി വക്കം മൗലവിയുടെ ജീവിതത്തിൽ നമുക്ക് കണ്ടെടുക്കാനാകും.

പൂക്കോട്ടൂർ ഖിലാഫത്ത് മെമ്മോറിയൽ യത്തീംഖാന, അറവാങ്കരയിലെ 1921 പൂക്കോട്ടൂർ യുദ്ധസ്മാരക ഗേറ്റ്, പിലാക്കലിലെ പൂക്കോട്ടൂർ യുദ്ധ രക്തസാക്ഷികളുടെ അഞ്ച് മക്ബറകൾ എന്നിവയാണ് പൂക്കോട്ടൂരിലും പരിസരപ്രദേശങ്ങളിലും ഈ ചരിത്രസംഭവങ്ങളെ ഓർമപ്പെടുത്തുന്ന സ്മാരകങ്ങൾ.

**('ഏറനാട്ടിലെ ഓർമകളും ഇസ്‌ലാഹി പ്രസ്ഥാനവും' എന്ന പി.വി ഉമ്മർകുട്ടി ഹാജിയുടെ ലേഖനത്തിന്റെ അനുബന്ധം)** ●

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com

ചരിത്രപഥം



# സഈദ്ബ്നു ആമിർ അൽജുമഹി رضي الله عنه

**ക്വു**റൈശി നേതാക്കന്മാരുടെ ആഹ്വാനം കേട്ട് തൻഈമിലേക്ക് പുറപ്പെട്ട നൂറുകണക്കിനാളുകളിൽ യൗവനത്തിന്റെ കരുത്തും ആവേശവും പേറി സഈദും ഉണ്ടായിരുന്നു. വഞ്ചനയിലൂടെ കീഴ്പെടുത്തിയ ഖുബൈബുബ്നു അദിയ്യ് رضي الله عنه വിനെ പരസ്യമായി ക്രൂശിക്കുന്നത് കാണാനുള്ള ആവേശത്തിലാണവർ. അബൂസുഫ്‌യാൻ, സ്വഫ്‌വാനുബ്നു ഉമയ്യ തുടങ്ങി ക്വുറൈശി പ്രമുഖരുടെ നീണ്ടനിരതന്നെ അവിടെയുണ്ട്.

ചങ്ങലയാൽ ബന്ധിക്കപ്പെട്ട തങ്ങളുടെ ശത്രുവിനെ നേരിൽ കാണാൻ സ്ത്രീകളും കുട്ടികളുമടക്കമുള്ളവർ തിരക്കുകൂട്ടിക്കൊണ്ടിരിക്കുന്നു. അവരുടെയുള്ളിൽ ബദ്‌റിൽ തങ്ങളുടെ കുടുംബാംഗങ്ങളെ കൊന്നവരോടുള്ള പകയും തങ്ങളുടെ മുഖ്യശത്രുവായ മുഹമ്മദിന് ശക്തമായ സന്ദേശം നൽകാൻ കിട്ടിയ ഇര ഏറ്റവും യോജിക്കുന്നതായി എന്ന സന്തോഷവും അലതല്ലുകയും ചെയ്യുന്നു.

ഖുബൈബി رضي الله عنه നെയും കൊണ്ടവർ ക്രൂശിക്കുവാനുദ്ദേശിക്കുന്ന സ്ഥലത്തേക്ക് നീങ്ങി. സഈദ് സംഘത്തിന്റെ മുൻനിരയിൽ തന്നെ സ്ഥാനമുറപ്പിച്ചു. ക്രൂശിക്കുവാൻ വേണ്ട മരത്തടി ഒരുക്കുന്ന തിരക്കിനിടയിലും സ്ത്രീകളുടെയും കുട്ടികളുടെയും ആരവങ്ങൾക്കിടയിലും ഒരു പതിഞ്ഞ ശബ്ദം അയാൾ കേട്ടു. "ക്രൂശിക്കുന്നതിനു മുമ്പ് രണ്ടു റക്അത്ത് നമസ്കരിക്കുവാൻ നിങ്ങളെന്നെ അനുവദിക്കണം."

ഖുബൈബ്ﷺ കഅ്ബയിലേക്കു തിരിഞ്ഞ് രണ്ടു റക്അത്ത് നമസ്കരിച്ചു. 'ഹാ! എന്തൊരു ഭംഗി! എന്തൊരു അച്ചടക്കമുള്ള ആരാധന'. സഈദിന്റെ മനസ്സിൽ അതൊരു ആന്ദോളനം സൃഷ്ടിച്ചു. ഖുബൈബ്ﷺ ക്വുറൈശികളുടെ നേരെ തിരിഞ്ഞു:

"മരണത്തെ പേടിച്ചാണ് മുഹമ്മദിന്റെ അനുയായി ദീർഘമായി നമസ്കരിക്കുന്നത് എന്ന് നിങ്ങൾ പറയില്ലായിരുന്നെങ്കിൽ ഞാൻ സുദീർഘമായി നമസ്കരിച്ചേനെ."

ആ കഠിനഹൃദയർ അദ്ദേഹത്തിന്റെ ഇരുകണ്ണുകളും കുത്തിപ്പൊട്ടിച്ചു. ശരീരത്തിൽ വാൾതലപ്പുകൾകൊണ്ട് മുറിവുകളുണ്ടാക്കി. അദ്ദേഹം വേദനകൊണ്ട് പുളയുന്നതിനിടയിൽ അവർ ചോദിച്ചുകൊണ്ടിരുന്നു:

"മുഹമ്മദിനെ ഇതിനു പകരമാക്കി രക്ഷപ്പെടാൻ നീ ആഗ്രഹിക്കുന്നുണ്ടോ?"

സ്വന്തം അനുയായി മുഹമ്മദിനെ തള്ളിപ്പറയുന്നതുപോലും അവർക്ക് ആനന്ദം നൽകിയിരുന്നു. ഖുബൈബിന്റെ മറുപടി: "മുഹമ്മദിന് ഇതല്ല, ഒരു മുള്ള് തറക്കുന്നതുപോലും ഞാൻ ഇഷ്ടപ്പെടുന്നില്ല."

ശത്രുക്കൾ അദ്ദേഹത്തെ കുരിശിലേറ്റി. അവരുടെ ആക്രോശങ്ങൾ ഉയർന്നുപൊങ്ങി: "കൊല്ലവനെ!"

സഈദുബ്നു ആമിർﷺ കണ്ടത് ആകാശത്തേക്ക് കണ്ണയച്ചുകൊണ്ട് മരണ വെപ്രാളത്തിനിടയിലുംമന്ത്രിക്കുന്ന ഖുബൈബിനെയാണ്.

"അല്ലാഹുവേ! അവരെ നീ എണ്ണിക്കണക്കാക്കേണമേ. അവരെ നശിപ്പിക്കേണമേ. ഒരാളെയും വെറുതെ വിടരുതേ."

ഖുബൈബ്ﷺവിന്റെ അവസാനശ്വാസവും നിലച്ചു. നിശ്ചലമായ ആ ശരീരത്തിൽ കുന്തമുനകളാൽ മുറിവുകളേൽക്കാത്ത ഒരു ഭാഗവുമുണ്ടായിരുന്നില്ല!

ഖുറൈശി ജീവിതം സാധാരണ നിലയിലേക്ക് മടങ്ങി. ഖുബൈബ്സംഭവവും വിസ്മൃതിയിലായിത്തീർന്നു. പക്ഷേ, യൗവനത്തിന്റെ മൂർധന്യതയിൽ തന്റെ കണ്ണിലും കാതിലും നിറഞ്ഞുനിന്ന ഖുബൈബിന്റെ ദാരുണമരണം സഈദിന്റെ മനസ്സിൽ വലിയ മുറിപ്പാടുകളുണ്ടാക്കി. കനവിലും നിനവിലും ഉറക്കത്തിലും ഉണർച്ചയിലുമെല്ലാം കൺമുന്നിൽ മായാതെ ഖുബൈബ്! കുരിശിലേറും മുമ്പുള്ള അദ്ദേഹത്തിന്റെ പരമശാന്തമായ നമസ്കാരം. കാതുകളിലാകട്ടെ ക്വുറൈശികൾക്കെതിരിലുള്ള ഖുബൈബിന്റെ പ്രാർഥനയും! തന്റെ മീതെ ആകാശത്തുനിന്ന് എന്തോ ശിക്ഷ ഇറങ്ങാൻ പോകുന്നെന്ന ഭയം സഈദിനെ പിടികൂടി.

അന്നുമുതൽ ഖുബൈബ്ﷺവിന്റെ രക്തസാക്ഷിത്വം സഈദിനെ മുമ്പ് പഠിച്ചിട്ടില്ലാത്ത പലതും പഠിപ്പിക്കുകയായിരുന്നു.

'ജീവിതം വിശ്വാസവും വിശ്വാസത്തിനുവേണ്ടി മരണം വരെ പൊരുതലുമാണ്.'

'വിശ്വാസം മനസ്സിൽ ആവാഹിച്ചാൽ ലോകത്ത് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും'.

അദ്ദേഹം പഠിക്കുകയായിരുന്നു. അതോടൊപ്പം അദ്ദേഹം അറിഞ്ഞു; തന്റെ അനുചരന്മാർ സ്വജീവനെക്കാൾ സ്നേഹിക്കുന്ന ആ മഹാനായ മനുഷ്യൻ ആകാശത്തുനിന്ന് വഹ്യ് നൽകപ്പെടുന്ന സത്യസന്ധനായ പ്രവാചകൻ തന്നെയാണെന്ന്. അവിടം മുതൽ അല്ലാഹു സഈദിന്റെ ഹൃദയത്തെ ഇസ്‌ലാമിന്റെ രാജകവാടത്തിലേക്ക് വിശാലമാക്കുകയായിരുന്നു.

മക്കയിലെ ജനക്കൂട്ടത്തിനിടയിൽ വെച്ച് സഈദ് ഇസ്‌ലാം പ്രഖ്യാപിച്ചു. ക്വുറൈശികളുടെ ആരാധ്യന്മാരെ ആരാധിക്കുവാനും അവർ കാട്ടിക്കൂട്ടുന്ന തിന്മകളിൽ പങ്കാളിയാകാനും ഇനി ഞാനില്ല എന്ന് തുറന്നുപറഞ്ഞു.

മുസ്‌ലിമായ സഈദ്ﷺ നബിﷺയുടെ മദീനയിലേക്ക് പലായനം ചെയ്തു. നബിﷺയുടെ കൂടെ സഹവസിച്ചു. ഖൈബർ യുദ്ധമടക്കം നിരവധി യുദ്ധങ്ങളിൽ പങ്കാളിയായി. നബിﷺയുടെ മരണശേഷം അബൂബക്കർﷺ, ഉമർﷺ എന്നിവരുടെ കൂടെ ഉറയിൽ നിന്നൂരിയ പടവാളായി അദ്ദേഹമുണ്ടായിരുന്നു.

സ്വതന്ത്രവും സ്വകാര്യവുമായി, ബഹളങ്ങളില്ലാതെ, പരലോകരക്ഷ മാത്രം മുന്നിൽ കണ്ട് ജീവിച്ച സ്വഹാബിയായിരുന്നു സഈദ്ബ്നു ആമിർﷺ. ഒരിക്കൽപോലും ഭൗതികവിഭവങ്ങൾ അദ്ദേഹത്തിന്റെ മനംകവർന്നില്ല.

നബിﷺയുടെ ആദ്യ രണ്ട് ഖലീഫമാരും അദ്ദേഹത്തിന്റെ സത്യസന്ധതയും തക്വ്‌വയും തിരിച്ചറിഞ്ഞവരും അദ്ദേഹത്തിന്റെ ഉപദേശങ്ങൾ തേടിയവരുമായിരുന്നു.

ഉമർﷺവിന്റെ ഭരണകാലം. സഈദ്ബ്നു ആമിർﷺ ഖലീഫയുടെ മുന്നിലെത്തി അദ്ദേഹത്തോട് പറഞ്ഞു: "അമീറുൽ മുഅ്മിനീൻ! താങ്കൾ ജനങ്ങളുടെ കാര്യത്തിൽ അല്ലാഹുവിനെ ഭയപ്പെടണം. ഒരിക്കലും ജനങ്ങളെ അല്ലാഹവിന്റെ കാര്യത്തിൽ ഭയപ്പെടരുത്. താങ്കളുടെ വാക്കും പ്രവൃത്തിയും തമ്മിൽ വൈരുധ്യമുണ്ടാകരുത്. വൈരുധ്യമുണ്ടാകാത്ത വാക്കും പ്രവൃ



ത്തിയും എത്ര ആനന്ദകരമാണ്! താങ്കളെ അല്ലാഹു ഏൽപിച്ച ജനങ്ങൾക്കു വേണ്ടി താങ്കൾ നിലകൊള്ളുക. താങ്കളിഷ്ടപ്പെടുന്നതെല്ലാം അവർക്കുവേണ്ടിയും ആഗ്രഹിക്കുക. താങ്കൾ വെറുക്കുന്നത് അവർക്കുവേണ്ടിയും വെറുക്കുക. സത്യത്തിന് മുൻതൂക്കം നൽകുക. അല്ലാഹുവിന്റെ വിഷയത്തിൽ ആരെയും ഭയപ്പെടാതിരിക്കുക.''

നീതിയുടെയും കരുത്തിന്റെയും പ്രതീകമായിരുന്ന ഉമർﷺവിനെ പോലും ഉപദേശിക്കുവാൻ മാത്രം പ്രാമുഖ്യമുള്ള സ്വഹാബിയായിരുന്നു സഈദ്ﷺ.

ഉമർﷺ സഈദിﷺനോട് ചോദിച്ചു: ''സഈദ്! ആർക്കാണ് ഇതിനെല്ലാം സാധിക്കുക?''

സഈദ്ﷺ പറഞ്ഞു: ''താങ്കളെ പോലുള്ളവർക്ക്! അതിനാണ് അല്ലാഹു മുഹമ്മദ് നബിﷺയുടെ സമൂഹത്തിന്റെ കാര്യം താങ്കളെ ഏൽപിച്ചത്.''

സഈദിനെ വിളിച്ച് ഉമർﷺ പറഞ്ഞു: ''സഈദ്, താങ്കളെ ഞാൻ ഹിംസിന്റെ ഉത്തരവാദിത്തം ഏൽപിക്കുകയാണ്.''

അദ്ദേഹം പറഞ്ഞു: ''അമീറുൽ മുഅ്മിനീൻ, ദയവായി എന്നെ പരീക്ഷണത്തിനു വിട്ടുകൊടുക്കരുത്.''

ഉമർﷺ ശബ്ദമുയർത്തി: ''എല്ലാ ഭാരവും ഞാൻ ഒറ്റക്ക് ചുമക്കണമെന്നാണോ താങ്കൾ പറയുന്നത്? അല്ലാഹുവാണേ സാധ്യമല്ല. എന്നെ സഹായിച്ചേ തീരൂ.''

ഹിംസിന്റെ ഉത്തരവാദിത്തം സഈദിﷺൽ ഏൽപിക്കപ്പെട്ടു. ഉമർﷺ ചോദിച്ചു: ''ബൈത്തുൽമാലിൽനിന്ന് താങ്കൾക്ക് എന്തെങ്കിലും വിഹിതം നിശ്ചയിക്കട്ടെയോ?''

സഈദ്ﷺ പറഞ്ഞു: ''വേണ്ട. അതെനിക്ക് അധികമായിരിക്കും.'' തുടർന്ന് അദ്ദേഹം ഹിംസിലേക്ക് പോയി.

അധികകാലം കഴിയും മുമ്പ് ഹിംസിൽനിന്ന് കുറച്ചുപേർ അമീറുൽ മുഅ്മിനീനെ കാണുവാൻ മദീനയിലെത്തി. ഉമർﷺ അവരോട് പറഞ്ഞു: ''നിങ്ങൾ ഹിംസിലെ ദരിദ്രരുടെ പേരുകൾ എനിക്ക് നൽകുക. ഞാനവർക്ക് സഹായങ്ങൾ എത്തിച്ചുതരാം.''

അവർ നൽകിയ പരമദരിദ്രരുടെ പേരുകളിൽ മുന്നിലുണ്ടായിരുന്നത് സഈദ്ബ്നു ആമിർﷺവിന്റെ പേരായിരുന്നു. ഉമർﷺ ചോദിച്ചു: ''ആരാണീ സഈദ്?''

അവർ പറഞ്ഞു: ''ഞങ്ങളുടെ അമീർ തന്നെ.''

ഉമർﷺ: ''അദ്ദേഹം പരമദരിദ്രനാണെന്നോ?''

അവർ പ്രതികരിച്ചു: ''അതെ, ദിവസങ്ങളോളം അദ്ദേഹത്തിന്റെ വീട്ടിൽ അടുപ്പു പുകയാത്തത് ഞങ്ങൾക്കറിയാം.''

ഉമർﷺ കരഞ്ഞു; അദ്ദേഹത്തിന്റെ സമൃദ്ധമായ താടിരോമങ്ങൾ പോലും കണ്ണീരിൽ കുതിരുമാറ്. പിന്നീട് ആയിരം ദീനാറടങ്ങുന്ന ഒരു സഞ്ചി അവരെ ഏൽപിച്ചു. എന്നിട്ട് പറഞ്ഞു: ''നിങ്ങൾ അദ്ദേഹത്തോട് എന്റെ സലാം പറയുക. എന്നിട്ടിത് കൈമാറുക. ഇത് അദ്ദേഹത്തിന്റെ പ്രാഥമിക ആവശ്യങ്ങൾക്കുള്ളതാണ്.''

യാത്രാസംഘം സഈദ്ബ്നു ആമിർﷺവിന്റെ അടുത്തെത്തി. അമീറുൽ മുഅ്മിനീന്റെ ഉപഹാരം കൈമാറി. അദ്ദേഹം അത് തുറന്നുനോക്കി. ദീനാറുകളാണെന്നു കണ്ട സഈദ്ﷺ അതിൽ തൊടാൻ പോലും കൂട്ടാക്കിയില്ല. അദ്ദേഹം പറഞ്ഞു: ''ഇന്നാ ലില്ലാഹ്....''

ഇതു കേട്ട ഭാര്യ വീടിനകത്തുനിന്ന് വല്ല അപകട വാർത്തയുമാണോ എ

ന്ന് ശങ്കിച്ചുകൊണ്ട് ചോദിച്ചു: "അമീറുൽ മുഅ്മിനീന് വല്ലതും പറ്റിയോ?"

സഈദ്ﷺ: "അതിനെക്കാൾ അപകടകരമാണിത്."

ഭാര്യ: "മുസ്‌ലിംകൾക്ക് വല്ലതും..?"

സഈദ്ﷺ: "അതിനെക്കാളും അപകടകരം."

ഭാര്യ: "എന്താണത്?"

സഈദ്ﷺ: "ഇതാ, എന്റെ പരലോകം നഷ്ടപ്പെടുത്തുന്നതിനായി ദുൻയാവ് എന്റെ വീട്ടിലെത്തിയിരിക്കുന്നു! ഞാനിതാ പരീക്ഷിക്കപ്പെടുന്നു."

ഭാര്യ: "എങ്കിൽ അതിൽനിന്നും നമുക്ക് ഉടനെ രക്ഷപ്പെടണം."

സഈദ്ﷺ: "നീ എന്നെ സഹായിക്കുമോ?"

ഭാര്യ: "തീർച്ചയായും"

അദ്ദേഹം അതെല്ലാം നാട്ടിലെ ദരിദ്രർക്കിടയിൽ വിതരണം ചെയ്തു. ദാരിദ്ര്യത്തിന്റെ ബലഹീനതകൾക്കിടയിലും വീട്ടിലിരിക്കുന്ന സ്വർണ ഉരുപ്പടി തന്റെ നമസ്‌കാരമടക്കമുള്ള ഇബാദത്തുകൾക്ക് വിഘാതമാകുമോ എന്ന് ശങ്കിച്ച് അവ ധർമം ചെയ്യാൻ ധൃതികാണിച്ച പുണ്യപ്രവാചകൻﷺയുടെ ഉത്തമനായ അനുചരൻ എത്ര നല്ല മാതൃക!

മറ്റൊരിക്കൽ ഉമർﷺ ഹിംസിലെത്തി. ഹിംസ് ചെറിയ കൂഫ എന്നാണറിയപ്പെട്ടിരുന്നത്. ഭരണാധികാരികളോട് അൽപം പ്രതിഷേധം കാണിക്കുന്നവർ അവിടങ്ങളിലുണ്ടായിരുന്നു. ഉമർﷺ ഹിംസുകാരോട് അവരുടെ അമീറിനെക്കുറിച്ച് അന്വേഷിച്ചു. സഈദ്ബ്നു ആമിർﷺവിനെക്കുറിച്ച് നാലു പരാതികളാണ് അദ്ദേഹത്തിന് ലഭിച്ചത്.

ഉമർﷺ പറയുന്നു: "ഞാനത് നാലും പരിശോധിച്ചു. ഒന്ന് മറ്റൊന്നിനെക്കാൾ വലുത്! അല്ലാഹുവേ എന്റെ വിശ്വസ്ത അനുയായിയെക്കുറിച്ച് എന്റെ മനസ്സിൽ തെറ്റായ ചിന്ത വരരുതേ." അദ്ദേഹത്തിന്റെ മനമുരുകി. അമീറുൽ മുഅ്മിനീൻ ഇരുകൂട്ടരെയും ഒന്നിച്ചിരുത്തി.

"എന്താണ് നിങ്ങളുടെ പരാതി?"

അവർ പറഞ്ഞു: "അദ്ദേഹം പകൽ കുറച്ചു കഴിഞ്ഞാണ് വീട്ടിൽനിന്ന് പുറത്തിറങ്ങാറ്."

ഉമർﷺ ചോദിച്ചു: "എന്താണ് സഈദ് ഈ പരാതിയുടെ നിജസ്ഥിതി?"

സഈദ്ﷺ അൽപ നേരത്തെ മൗനത്തിനു ശേഷം പറഞ്ഞു: "അല്ലാഹുവാണെ, എനിക്കത് പറയാൻ ബുദ്ധിമുട്ടുണ്ട്."

നിരപരാധിത്വം ബോധ്യപ്പെടുത്തൽ അനിവാര്യമാണെന്നറിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "എന്റെ വീട്ടിൽ വേലക്കാരില്ല. എന്നും രാവിലെ ഭക്ഷണമുണ്ടാക്കുന്നതിൽ ഞാൻ വീട്ടുകാരിയെ സഹായിക്കാറുണ്ട്. അതിനാലാണ് സമയം വൈകുന്നത്. അത് കഴിഞ്ഞാൽ ഞാൻ വുദൂഅ് ചെയ്ത് ജനങ്ങളുടെ മുമ്പിലെത്തും."

ഉമർﷺ: "എന്താണ് അടുത്ത പരാതി?"

അവർ പറഞ്ഞു: "അദ്ദേഹത്തെ രാത്രി കാണാൻ കഴിയാറില്ല."

ഉമർﷺ: "എന്താണ് സഈദ്?"

അദ്ദേഹം പറഞ്ഞു: "അമീർ, നേരത്തെ പറഞ്ഞതിനെക്കാൾ ബുദ്ധിമുട്ടുണ്ട് പറയാൻ."

പറയാൻ നിർബന്ധിതനായപ്പോൾ ആ സ്വഹാബി പ്രതികരിച്ചതിപ്രകാരം: "പകൽ ഞാൻ ജനങ്ങൾക്കു വേണ്ടി മാറ്റിവെക്കും. രാത്രി എന്റെ രക്ഷിതാവിനു വേണ്ടിയും."

ഹാ എത്ര മഹത്തരം!

ഉമർﷺ ചോദിച്ചു: "മറ്റെന്താണ്?"

അവർ പറഞ്ഞു: "മാസത്തിൽ ഒരു ദിവസം അദ്ദേഹത്തെ തീരെ പുറത്തുകാണാറില്ല"

ഉമർﷺ ചോദിച്ചു: "എന്താണ് സഈദ്?"

സഈദ്: "അമീറുൽ മുഅ്മിനീൻ! ഞാൻ സേവകനെ നിയമിച്ചിട്ടില്ല. എന്റെ കയ്യിൽ ഈ വസ്ത്രമല്ലാതെ മറ്റൊന്നില്ല. മാസത്തിലൊരിക്കൽ ഇത് അലക്കിയിടും. ഉണങ്ങുംവരെ വീട്ടിലിരിക്കും. ഉണങ്ങുമ്പോഴേക്കും വൈകുന്നേരമാകും."

ഉമർﷺ ചോദിച്ചു: "നാലാമത്തെ പരാതി?"

അവർ പറഞ്ഞു: "അദ്ദേഹം ആൾക്കൂട്ടത്തിനിടയിൽ നിൽക്കുമ്പോൾ പോലും ഇടക്കിടെ ബോധരഹിതനാകുന്നു. ഇത് ഞങ്ങൾക്ക് വല്ലാത്ത കുറച്ചിലാണ്."

സഈദ്ﷺ പറഞ്ഞു: "അമീറുൽ മുഅ്മിനീൻ! ഞാൻ മുശ്‌രിക്കായിരിക്കെ ഖുബൈബിനെ ശിക്ഷിക്കുന്ന സദസ്സിൽ മുൻനിരയിൽ പങ്കെടുത്തവനാണ്. ഓരോ ഖുറൈശിയും ക്രൂശിതനായി നിൽക്കുന്ന ഖുബൈബ് തിരിച്ചാക്രമിക്കില്ല എന്ന ഉറപ്പിൽ അദ്ദേഹത്തിന്റെ ദേഹത്ത് ആയുധങ്ങൾകൊണ്ട് വലിയ മുറിവുകൾ ഉണ്ടാക്കിക്കൊണ്ട് ആർത്ത് ചോദിച്ചു: 'നിന്നെ ഈ അപകടത്തിൽ ചാടിച്ച മുഹമ്മദിന് ഇങ്ങനെ വേദനിക്കാൻ നീ ഇഷ്ടപ്പെടുന്നുവോ?' അദ്ദേഹ

ത്തിന്റെ 'ഇല്ല, മുഹമ്മദിന് ഒരു മുള്ളുപോലും ഏൽക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല' എന്ന മറുപടി എന്റെ മനസ്സിലാണ് തറച്ചത്. ഖുബൈബ് രക്തംവാർന്ന്, വേദനതിന്ന് ഇഞ്ചിഞ്ചായി മരിക്കുന്നത് ഞാൻ നോക്കിനിന്നു. എനിക്കദ്ദേഹത്തെ രക്ഷിക്കാമായിരുന്നു. ഞാനത് ചെയ്തില്ല. കഠിനമായ ആ പാപം അല്ലാഹു എനിക്ക് പൊറുത്ത് തരുമോ? ഇതാലോചിക്കുമ്പോൾ എന്റെ ബോധം നഷ്ടപ്പെടുകയാണ് അമീർ."

ഇതു കേട്ട ഉമർﷺ പ്രതിവചിച്ചത് 'നാഥാ! നിനക്ക് സ്തുതി. എന്റെ സുഹൃത്തിന്റെ സത്യാവസ്ഥ നീ എനിക്ക് മനസ്സിലാക്കിത്തന്നല്ലോ' എന്നായിരുന്നു. ഉമർﷺ അദ്ദേഹത്തിന്റെ പ്രാഥമികാവശ്യങ്ങൾക്കുള്ള കുറച്ച് തുക വീണ്ടും വീട്ടിലെത്തിച്ചു. അതുകണ്ട ഭാര്യ സന്തോഷത്തോടെ പറഞ്ഞു: "നമുക്കൊരു വേലക്കാരനെ വെക്കാം. അത്യാവശ്യം സാധനങ്ങളും വാങ്ങാം."

സഈദ്ﷺ തിരിച്ചു ചോദിച്ചു: "അതിനെക്കാൾ ലാഭമുള്ളത് ചെയ്താലോ?"

ഭാര്യ: "അതെന്താണ്?"

സഈദ്ﷺ: "നമ്മൾ ഇത് അല്ലാഹുവിന്റെ മാർഗത്തിൽ ദരിദ്രർക്ക് കൊടുക്കുന്നു."

ഭാര്യ പറഞ്ഞു: "അത് കൂടുതൽ പുണ്യകരം തന്നെ."

തന്റെയൊരു കുടുംബക്കാരനെ വിളിച്ച് ആ പണം നാട്ടിലെ വിധവകൾക്കും അനാഥർക്കും അഗതികൾക്കും നൽകാൻ പറയുകയായിരുന്നു അദ്ദേഹം ചെയ്തത്!

പരലോകത്തിന്റെ മഹാധന്യതകൾക്കു മുന്നിൽ ദുൻയാവിന്റെ ഒരു ചെറിയ കറപോലും തന്റെ ദേഹത്ത് പുരളരുതെന്ന ഉത്തമബോധ്യത്തിന്റെ തെളിവുമായി ജീവിച്ച മഹാനായിരുന്നു സഈദ് ബ്നു ആമിർ അൽജുമഹിﷺ. ●

peaceradio
Tune to reality

ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ

**ഇ – മദ്രസ**
അന്നൂർ ആയ അല്ലാഹു
മുജീബ് സലഫി
09.12.19 തിങ്കൾ 6:30 PM 07:10 AM

**ആരോഗ്യ വിചാരം**
മൂത്രാശയ കാൻസറും വൻകുടൽ കാൻസറും
Dr Zubair (Physician Mediclinic Welfare Hospital) Noushad Calicut (Peace Radio)
09.12.19 തിങ്കൾ 09:25 PM

**ഇ – മദ്രസ**
അലസത വരുത്തുന്ന വിന
ഹസ്സൻ അൻസാരി
10.12.19 ചൊവ്വ 07:10 AM

**ഹൃദയ വസന്തം**
സൂറ: ഖാഫ് 20
അനസ് സ്വലാഹി
10.12.19 ചൊവ്വ 04:35 PM

**അടിത്തറകൾ**
ഖിയാമത്ത് നാളിന്റെ ഭയാനകതകൾ
ഫദ്‌ലുൽ ഹഖ് ഉമരി
10.12.19 ചൊവ്വ 09:00 PM

**നബി ചരിത്രം**
ഉമർﷺ ഇസ്‌ലാമിലേക്ക്
അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി
10.12.19 ചൊവ്വ 09:25 AM

**ഹൃദയ വസന്തം**
സൂറ: സ്വാഫാത്ത് 53-55
മുഹമ്മദ് കുട്ടി സലഫി
11.12.19 ബുധൻ 04:35 PM

**സവിശേഷം**
ആത്മാവ് വെടിഞ്ഞവരുടെ കൂട്ടുകാരൻ, ഭാഗം: 2
മടത്തിൽ അബ്ദുൽ അസീസ്
ഡോ. മുബീൻ കൊടിയത്തൂർ
15.12.19 ഞായർ 09:25 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com





# കുടുംബത്തോടൊപ്പം സന്തോഷത്തോടെ

മാതാപിതാക്കളും ഭാര്യാമക്കളുമൊക്കെയായി കൂട്ടുകുടുംബ ജീവിതം നയിക്കുന്നവരാണ് നാം. ചിലപ്പോൾ ഐശ്വര്യവും സമൃദ്ധിയും ജീവിതത്തിലുണ്ടായിരിക്കും. ചിലപ്പോൾ ദുഃഖവും ദാരിദ്ര്യവുമാവാം. സുഖവും ദുഃഖവും ഈ ലോക ജീവിതത്തിൽ മാറിമാറി വരുന്ന യാഥാർഥ്യങ്ങളാണ്. അല്ലാഹു തന്നതെന്തോ അതിൽ തൃപ്തിയടയുകയേ നിർവാഹമുള്ളൂ. അതാണ് ബുദ്ധിയും. അതാണ് നബി ﷺ നമ്മെ പഠിപ്പിച്ചത്.

വലിയ വീടും ജീവിതസൗകര്യങ്ങളും ധാരാളം സമ്പത്തും ഉണ്ടായാൽ മതിയോ കുടുംബ ജീവിതം ആനന്ദകരമാവാൻ? അഥവാ പ്രയാസങ്ങളും ദാരിദ്ര്യവും കൊണ്ട് വിഷമമനുഭവിക്കുന്നവർക്ക് കുടുംബ ജീവിതം ആസ്വദിക്കാൻ കഴിയുകയില്ലേ? യഥാർഥത്തിൽ സ്നേഹവും ഒരുമയും കുടുംബ ജീവിതത്തിൽ ഉറപ്പുവരുത്താനുള്ള മാനദണ്ഡം പണവും പ്രതാപവുമല്ല. മറ്റുചില കാര്യങ്ങൾ അതിനായി ശ്രദ്ധിക്കേണ്ടതുണ്ട്.

പച്ചവെള്ളവും ഉണങ്ങിയ കാരക്കയും മാത്രം കഴിച്ചു രണ്ടുമാസം വരെ നബിﷺയുടെ കുടുംബം കഴിഞ്ഞുകൂടിയ അവസരങ്ങളുണ്ടായിട്ടുണ്ട്. എന്നിട്ടും ആ തിരുകുടുംബത്തിൽ പൊട്ടലും ചീറ്റലും ഉണ്ടായില്ല. ഈ കൊടുംദാരിദ്ര്യത്തിനിടയിലും വല്ലവരും നബികുടുംബത്തിലേക്ക് ദാനമായി മാംസം എത്തിച്ചുകൊടുത്താൽ അത്കൊണ്ട് കറിവെച്ചതിൽ നിന്ന് മരിച്ചുപോയ ആദ്യഭാര്യ ഖദീജؓയുടെ കൂട്ടുകാരികൾക്ക് കുറച്ച് കൊടുത്തയക്കണേയെന്ന് നബിﷺ പത്നിമാരോട് പറയാറുണ്ടായിരുന്നു! വൃദ്ധയായി മരിച്ചു പോയ ഖദീജؓയെ താങ്കൾ ഇപ്പോഴും ഓർത്തിരിക്കുകയാണോ എന്ന് ആഇശؓ നബിﷺയോട് ഒരിക്കൽ ചോദിച്ചപ്പോൾ 'അവൾ എത്ര വൃദ്ധയായാലും എനിക്കവളെ മറക്കാൻ കഴിയില്ല' എന്നാണ് നബിﷺമറുപടി പറഞ്ഞത്! എന്തായിരുന്നു ആ മറക്കാനാവാത്ത ബന്ധത്തിന്റെ രഹസ്യം? അതെ, അതാണ് കുടുംബസ്നേഹം!

അല്ലാഹു പറയുന്നു: "അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് നിങ്ങൾക്കു സമാധാനമടയാൻ നിങ്ങളിൽ നിന്നു തന്നെ ഇണകളെ അവൻ സൃഷ്ടിച്ചു എന്നത്. എന്നിട്ട് അവൻ നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തു. നിശ്ചയം ചിന്തിക്കുന്നവർക്ക് ഏറെ ദൃഷ്ടാന്തങ്ങളുണ്ട്" (ക്വുർആൻ 30:21).

ആകാശ ഭൂമികളുടെ സൃഷ്ടി സംവിധാനം, മണ്ണിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചുവളർത്തിയത്, ജീവജാലങ്ങൾ, മനുഷ്യന്റെ വർണ- ഭാഷാ വൈവിധ്യങ്ങൾ, ഉറക്കം, ഇടി, മിന്നൽ, മഴ തുടങ്ങി പ്രപഞ്ചത്തിലെ അനേക സൃഷ്ടി വൈഭവങ്ങളെ എണ്ണിപ്പറഞ്ഞ കൂട്ടത്തിലാണ് ഭാര്യാഭർതൃ ജീവിതത്തിൽ അല്ലാഹു നിക്ഷേപിച്ചതും നിലനിർത്താൻ നമ്മോട് കൽപിച്ചതുമായ 'സ്നേഹം' എന്ന സമസ്യയെ ഒരു മഹാദൃഷ്ടാന്തമായി അല്ലാഹു എണ്ണിയത്. കുടുംബത്തിന്റെയും സമൂഹത്തിന്റെയും നിലനിൽപിൽ പരസ്പരമുള്ള സ്നേഹം മഹത്തായ പങ്ക് നിർവഹിക്കുന്നുണ്ട് എന്നർഥം.

അയ്യൂബ് നബിعليه السلامയുടെ കുടുംബ ജീവിതത്തിൽ നിന്ന് ഇബ്നുകഥീർ(റഹി) തന്റെ 'അൽ ബിദായഃ വന്നിഹായഃ' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ച ഒരുസംഭവം നാമിവിടെ ഓർക്കുക:

മൂസാനബിعليه السلامയുടെ കാലശേഷം ജീവിച്ച പ്രവാചകന്മാരിലൊരാളാണ് അയ്യൂബ് നബിعليه السلام. ധാരാളം കൃഷിയിടങ്ങളും ആടുമാടുകളും മക്കളും കൊണ്ട് സമൃദ്ധമായിട്ടാണ് ആദ്യകാലത്ത് അയ്യൂബ് നബിعليه السلام ജീവിച്ചത്. യഅ്ക്വൂബ് നബിعليه السلامയുടെ കുടുംബ മഹിമയും ഐശ്വര്യവും സൗന്ദര്യവുമുള്ള പ്രൗഢ ജീവിതം നയിച്ചുകൊണ്ട് തന്റെ ഭാര്യയും കൂടെയുണ്ടായിരുന്നു. അല്ലാഹുവോട് നന്ദികാണിച്ചും ശ്രേഷ്ഠ സ്വഭാവങ്ങൾ പുലർത്തിയും കൊണ്ടായിരുന്നു ഈ കുടുംബം കഴിഞ്ഞുകൂടിയത്. എന്നാൽ അല്ലാഹു ഈ കുടുംബത്തെ കടുത്ത പരീക്ഷണത്തിന് വിധേയമാക്കി.

മക്കളൊക്കെ നഷ്ടമായി. സമ്പത്തുക്കൾ മുഴുവൻ നശിച്ചു. അയ്യൂബ് നബിعليه السلامയെ മാരകമായ രോഗം ബാധിച്ചു. അദ്ദേഹത്തിന്റെ ശരീരത്തിലെ മാംസം ദ്രവിച്ചു. എല്ലുകളിൽ നിന്ന് മാംസം വേർപെട്ട് ദുർഗന്ധം വമിച്ചു തുടങ്ങി. കുടുംബങ്ങളും നാട്ടുകാരും അകന്നു. നാട്ടുകാർ ആ കുടുംബത്തെ ആൾതാമസമില്ലാത്ത സ്ഥലത്തേക്ക് മാറ്റിപ്പാർപിച്ചു. ഈ ഘട്ടങ്ങളിലെല്ലാം അയ്യൂബ് നബിعليه السلامയുടെ കൂടെ പരിചരണവും പ്രാർഥനയുമായി കൂടുതൽ സ്നേഹ വാത്സല്യത്തോടെ യുവതിയും സുന്ദരിയുമായ ഭാര ഉറച്ചു നിന്നു. സമ്പന്നരുടെ വീടുകളിൽ കൂലിവേല ചെയ്തുകൊണ്ടാണ് ആ വിശുദ്ധ സ്ത്രീ തന്റെ ഭർത്താവിന്റെ ഭക്ഷണത്തിനും ശുശ്രൂഷക്കും വഴി കണ്ടെത്തിയത്.

ഇതിന്നിടക്ക് ആ മഹതിയെ പലരും പ്രലോഭിപ്പിച്ചു. അയ്യൂബിعليه السلامയെ ഉപേക്ഷിച്ചാൽ പഴയ ആർഭാട ജീവിതം നൽകാമെന്ന് വാഗ്ദാനം ചെയ്തു. അല്ലാഹുവിനെ ഭയപ്പെട്ട്, ഭർത്താവിനെ സ്നേഹിച്ച് ജീവിക്കുന്ന ആ സ്ത്രീ ആരുടെ പ്രലോഭനത്തിന്നും വഴങ്ങിയില്ല. അവസാനം മഹാരോഗിയായ അയ്യൂബിനെ പരിചരിക്കുന്ന അവളെ വീട്ടുജോലിക്കടുപ്പിക്കരുതെന്ന് പറഞ്ഞ് പ്രമാണിമാർ ആ ദരിദ്ര കുടുംബത്തിന്റെ അന്നംമുടക്കി.

കൂലിത്തൊഴിൽ കൂടി നഷ്ടപ്പെട്ടപ്പോൾ ഇനിയെന്ത് വഴി എന്ന് അന്വേഷിച്ച് ആ സ്ത്രീ പരിഭ്രമിച്ചു. ഇതൊന്നും രോഗിയായ തന്റെ ഭർത്താവിനെ അറിയിക്കരുതെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. അവസാനം അവർ തീരുമാനിച്ചു. സമൃദ്ധമായി വളർന്നു നീണ്ട തന്റെ സുന്ദരമായ തലമുടി പകുതി ഭാഗം വെട്ടിയെടുത്ത് അങ്ങാടിയിൽ വിറ്റു. (അക്കാലത്ത് സൗന്ദര്യവർധനവിനു വേണ്ടി സമ്പന്ന സ്ത്രീകൾ മുടിവിലയ്ക്കുവാങ്ങി ഉപയോഗിക്കാറുണ്ടായിരുന്നു).

ഈ പണംകൊണ്ട് കുറച്ചുകാലം അവർ ഭർത്താവിനെ ശുശ്രൂഷിച്ചു. അത് തീർന്നപ്പോൾ ബാക്കി പകുതികു

ടി വിറ്റു. വേദനയിൽ പുളഞ്ഞുകഴിയുന്ന ഭർത്താവിനെ പരിചരിക്കുന്നതിന്നിടയിൽ ഒരിക്കൽ, തന്റെ ഭാര്യയുടെ തലമുടി നഷ്ടപ്പെട്ട കാര്യം അയ്യൂബ് നബിﷺ തിരിച്ചറിഞ്ഞു. അദ്ദേഹം അതിനെറ്റി അന്വേഷിച്ചപ്പോൾ അവർക്ക് കാര്യം തുറന്നു പറയേണ്ടിവന്നു. കടുത്ത ദാരിദ്ര്യവും കൊടുംവേദനയും ജനങ്ങളുടെ ബഹിഷ്കരണവും തന്റെ പ്രിയപ്പെട്ടവളുടെ ദയനീയാവസ്ഥയും എല്ലാം ആയപ്പോൾ ക്ഷമാലുവായ ആ പ്രവാചകന്റെ മനസ്സു വിങ്ങിപ്പൊട്ടി. അദ്ദേഹം റബ്ബിനോട് പ്രാർഥിച്ചു.

"അയ്യൂബിനെയും ഓർക്കുക, തന്റെ റബ്ബിനെ വിളിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർഥിച്ച സന്ദർഭം. എനിക്കിതാ കഷ്ടപ്പാട് ഇരട്ടിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനാണല്ലോ. അപ്പോൾ അദ്ദേഹത്തിന്ന് നാം ഉത്തരം നൽകി. അദ്ദേഹത്തെ ബാധിച്ച കഷ്ടപ്പാട് നാം അകറ്റി. അദ്ദേഹത്തിന്റെ കുടുംബാഗങ്ങളെയും അവരോടൊപ്പം അത്രയും പേരെ വേറെയും നാം അദ്ദേഹത്തിന്ന് നൽകുകയുംചെയ്തു. നമ്മുടെ പക്കൽ നിന്നുള്ള ഒരു കാരുണ്യവും ആരാധനാ നിരതരായിട്ടുള്ളവർക്ക് ഒരു സ്മരണയുമാണിത്" (ക്വുർആൻ 21:83,84).

കുടുംബ ജീവിതത്തിന്റെ ഉദാത്തമായ മാതൃകയാണിവിടെ നാം കണ്ടത്. സ്നേഹത്തിന്റെ ചരടിൽ കോർത്ത ഒരു കുടുംബം. സമൃദ്ധിയിലും ദുരിതത്തിലും അവരാ ബന്ധം കാത്തുസൂക്ഷിച്ചു. റബ്ബിന്റെ എല്ലാവിധ പരീക്ഷണങ്ങളെയും നന്ദിചെയ്തും ക്ഷമിച്ചും ആ കുടുംബം നേരിട്ടു. ദാരിദ്ര്യവും ദുരിതങ്ങളും അവരെ നിരാശരാക്കിയില്ല. ക്ഷമിച്ചും പ്രാർഥിച്ചും പരീക്ഷണങ്ങളെ അവർ അഭിമുഖീകരിച്ചു. അപ്പോൾ അല്ലാഹു അവർക്ക് ഇഹലോകത്ത് നിന്നുതന്നെ നന്മകൾ പകരം നൽകി.

ഇനി നാം നമുക്കിടയിലെ കുടുംബ ജീവിതത്തിലേക്ക് നോക്കുക. ആഢംബര വീടുണ്ടാക്കി അതിൽ താമസം തുടങ്ങുന്ന ദിവസം നാട്ടുകാരെയും കുടുംബങ്ങളെയും വിളിച്ചുകൂട്ടി വൻ സദ്യയൊരുക്കിയപ്പോൾ ആ സന്തോഷം പങ്കിടാൻ സ്വന്തം മാതാപിതാക്കൾക്ക് അവസരം കൊടുക്കാതെ പിണങ്ങി നടക്കുന്ന പ്രതാപികളായ മക്കളെ നമുക്കിടയിൽ കാണാം. റബ്ബ് കഴിഞ്ഞാൽ പിന്നീട് നാം പരിപാലിക്കേണ്ട ബന്ധങ്ങളിലൊന്ന് മാതാപിതാക്കളോടാണെന്ന സത്യം ഇവിടെ നാം മറക്കുന്നു.

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ ഒരാളോ രണ്ടുപേരും തന്നെയോ, നിന്റെയടുക്കൽ വെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്ന് പോലും പറയുകയോ കയർത്തു സംസാരിക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായവാക്കു പറയുക"(17:23).

ഈയിടെ, ഒരു പരിചിതന്റെ കൂടെ വന്ന രണ്ടു വയസ്സ് തോന്നിക്കുന്ന കൊച്ചുകുട്ടിയെ കണ്ടപ്പോൾ സ്നേഹത്തോടെ അവളുടെ നെറുകിൽ കൈവെച്ച് ഉപ്പച്ചി മിഠായി കൊണ്ടുവരാറുണ്ടോ എന്ന് കുശലം ചോദിച്ചപ്പോൾ കുഞ്ഞിന്റെ കണ്ണു നിറയുന്നത് കണ്ടു. കാര്യ പിടികിട്ടാതെ അന്വേഷിച്ചപ്പോൾ പരിചയക്കാരനായ കുട്ടിയുടെ പിതാമഹൻ ഗദ്ഗദത്തോടെപറഞ്ഞത് മകളുടെ കുട്ടിയാണെന്നും അവളുടെ ഉപ്പയും ഉമ്മയും പരസ്പരം പിണങ്ങിപ്പിരിഞ്ഞിട്ട് ആറ് മാസമായെന്നുമാണ്. സമ്പത്തും വിദ്യാഭ്യാസവുമെല്ലാം തികഞ്ഞ കുടുംബങ്ങളിലെ ഇത്തരം നൊമ്പരങ്ങൾ എത്രയാണ് നാട്ടിൽ!

കൊള്ളാവുന്ന മക്കളുണ്ടായിട്ടും അവരുടെ സ്നേഹത്തിന്നു വേണ്ടി വേദനയോടെ കാത്തിരിക്കുന്ന മാതാപിതാക്കൾ! മാതാപിതാക്കളും കുടുംബ സൗകര്യങ്ങളുമുണ്ടായിട്ടും മാതാവും പിതാവും പരസ്പര സ്നേഹത്തിൽ ജീവിക്കാത്തതിന്റെ പേരിൽ നിസ്സാഹയരായി അനാഥകളെപ്പോലെ കഴിഞ്ഞുകൂടുന്ന മക്കൾ. ഭാര്യയുണ്ടായിട്ടും ഒറ്റപ്പെട്ട് ജീവിക്കുന്ന ഭർത്താവും, ഭർത്താവുണ്ടായിട്ടും വിധവയെപ്പോലെ ജീവിതം തള്ളിനീക്കുന്ന ഭാര്യമാരും... ഇങ്ങനെയുള്ള ദയനീയാവസ്ഥ നമ്മുടെ കുടുംബങ്ങളിലുണ്ടായിക്കൂടാ.

"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ ഇണകളിൽ നിന്നും ഞങ്ങളുടെ സന്താനങ്ങളിൽ നിന്നും ഞങ്ങൾക്കു നീ കൺകുളിർമ നൽകുകയും ധർമനിഷ്ഠ പാലിക്കുന്നവർക്ക് ഞങ്ങളെ നീ മാതൃകകളാക്കുകയും ചെയ്യേണമേ" എന്ന പ്രാർഥന എത്ര അർഥവത്താണ്! അതിനാൽ നന്മ നിറഞ്ഞ, സ്നേഹം നിലനിൽക്കുന്ന ഒരു കുടുംബത്തിന്നായിരിക്കട്ടെ നമ്മുടെ ശ്രമങ്ങൾ. അതിന്നു വേണ്ടിയായിരിക്കട്ടെ നമ്മുടെ കൂട്ടുകടുംബത്തിന്റെ ഒത്തുചേരൽ. അല്ലാഹു അനുഗ്രഹിക്കട്ടെ-ആമീൻ. ●

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം



# ക്വുർആൻ ക്രോഡീകരണം

നബിﷺയും സ്വഹാബത്തും വിശുദ്ധ ക്വുർആൻ ഹൃദയത്തിൽ സൂക്ഷിച്ചപ്പോൾ തന്നെ എഴുത്തും വായനയും അറിയാവുന്നവരെക്കൊണ്ട് ലിഖിത രൂപത്തിലാക്കുവാനും ശ്രദ്ധിച്ചിരുന്നു. എഴുത്തും വായനയും അറിയുന്നവർ അക്കാലഘട്ടത്തിൽ താരതമ്യേന കുറവായിരുന്നിട്ടും അമ്പതോളം ആളുകൾ നബിﷺയുടെ എഴുത്തുകാരായിട്ടുണ്ടായിരുന്നു. എഴുതിവെക്കുവാനുള്ള സാധന സാമഗ്രികൾ കുറവായിരുന്നിട്ടും ഈത്തപ്പനയുടെ ഓലകൾ, പരന്ന എല്ലുകൾ, പാറകൾ, തോലുകൾ തുടങ്ങി പലതിലും അവർ ക്വുർആൻ എഴുതി സൂക്ഷിച്ചു.

ഓരോ ഘട്ടത്തിലും ഇറങ്ങുന്ന ക്വുർആൻ വചനങ്ങൾ എവിടെ, ഏതിന്റെ തുടർച്ചയായി, ഏത് അധ്യായത്തിൽ ചേർക്കണം എന്നിത്യാദി കാര്യങ്ങൾ നബിﷺയുടെ നിർദേശപ്രകാരമാണ് എഴുത്തുകാർ ചെയ്തത്.

ഉസ്മാൻ رضي الله عنه പറയുന്നു: "ക്വുർആൻ വചനങ്ങളിറങ്ങിയാൽ ഈ വചനം ഇന്നതൊക്കെ പരാമർശിക്കുന്നു, ഇന്നാലിന്ന അധ്യായത്തിൽ ചേർക്കുക എന്ന് നബിﷺ പറയുമായിരുന്നു" (അഹ്മദ്, അബൂദാവൂദ്, തിർമിദി).

ബറാഅ്ﷺ പറയുന്നു: "സൂറത്തുന്നിസാഇലെ 'ന്യായമായ വിഷമമില്ലാതെ (യുദ്ധത്തിന് പോകാതെ) ഒഴിഞ്ഞിരിക്കുന്ന വിശ്വാസികളും തങ്ങളുടെ ധനം കൊണ്ടും ദേഹം കൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യുന്നവരും തുല്യരാകുകയില്ല. തങ്ങളുടെ ധനം കൊണ്ടും ദേഹംകൊണ്ടും സമരം ചെയ്യുന്നവരെ ഒഴിഞ്ഞിരിക്കുന്നവരെക്കാൾ അല്ലാഹു പദവിയിൽ ഉയർത്തിയിരിക്കുന്നു. എല്ലാവർക്കും അല്ലാഹു നല്ല പ്രതിഫലം വാഗ്ദാനം ചെയ്തിരിക്കുന്നു. എന്നാൽ സമരത്തിൽ ഏർപ്പെടുന്നവർക്ക്ഒഴിഞ്ഞിരിക്കുന്നവരെക്കാളും കൂടുതലായി അല്ലാഹു മഹത്തായ പ്രതിഫലം നൽകുന്നതാണ്."(4:95) എന്ന വചനമിറങ്ങിയപ്പോൾ നബിﷺ പറഞ്ഞു: 'സൈദിനെ വിളിക്കൂ, എഴുതാനുള്ള സാമഗ്രികളുമായി വരാൻ പറയൂ.' എന്നിട്ട് പറഞ്ഞു: എഴുതുക" (ബുഖാരി).

ഇങ്ങനെ വാമൊഴിക്കു പുറമെ വരമൊഴിയായും ക്വുർആൻ ആദ്യകാലത്തുതന്നെ അഥവാ നബിﷺയുടെ ജീവിത കാലത്തുതന്നെ സുരക്ഷിതമായി ക്രോഡീകരിക്കപ്പെട്ടു. നബിﷺയുടെ എഴുത്തുകാരിൽ ക്വുർആൻ എഴുത്തുകാരായി അറിയപ്പെട്ടിരുന്നവരെ 'കുത്താബുൽ വഹ്‌യ്' അഥവാ 'ദിവ്യസന്ദേശ എഴുത്തുകാർ' എന്നാണ് പറയുന്നത്. അവരിൽ പ്രമുഖർ ഇവരാണ്: നാല് ഖലീഫമാർ, സൈദ്ബ്നു ഥാബിത്, ഉബയ്യുബ്നു കഅ്ബ്, അബ്ദുല്ലാഹിബ്നു മസ്ഊദ്, അബ്ദുല്ലാഹിബ്നു സഅ്ദ്ബ്നു അബിസ്സർഹ്, ആമിറുബ്നു ഫുഹൈറ, സുബൈറുബ്നുൽ അവ്വാം, അബ്ദുല്ലാഹിബ്നു സൈദ്, ഖാലിദുബ്നു സഈദിബ്നിൽ ആസ്, ഹൻദലത്തുബ്നു റബീഅ്, മുആദുബ്നു ജബൽ, അർക്വമുബ്നു അബിൽഅർഖം, ഥാബിത്ത് ബ്നു ഖൈസ്, ഖാലിദുബ്നുൽ വലീദ്, മുആവിയതുബ്നു അബീസുഫിയാൻ, മുഗീറത്തുബ്നു ശുഅ്ബ... മുതലായവർ. (ഇബ്നു കഥീർ, അൽ ബിദായ വന്നിഹായ).

ക്വുർആനിന്റെ ലിഖിതരൂപം നബിﷺയുടെ പക്കൽ സൂക്ഷിച്ചുപോന്നു. അതിനുപുറമെ സ്വഹാബിമാരിൽപെട്ട എഴുത്തും വായനയുമറിയാവുന്ന മറ്റു പലരും എഴുതി സൂക്ഷിച്ചിരുന്നു. ആദ്യ തലമുറക്കാർ കാര്യമായി അവലംബിച്ചിരുന്നത് അവരുടെ മനഃപാഠങ്ങളെയും നബിﷺയോട് നേരിട്ട് ചോദിച്ചറിയുന്ന രീതിയെയുമായിരുന്നു. കാരണം എഴുത്തും വായനയും അറിയുന്നവർ അവരിൽ വിരളമായിരുന്നു. എന്നാൽ അവരുടെ ഓർമശക്തിയും മനഃപാഠമാക്കുവാനുള്ള കഴിവും അറേബ്യൻ ചരിത്രത്തിൽ ശ്രുതിപ്പെട്ടതാണ്.

നബിﷺക്ക് ക്വുർആനായി അവതരിച്ച വചനങ്ങൾ ഓരോവർഷവും റമദാനിൽ മലക്ക് ജിബ്‌രീൽ(അ) ഓതിച്ചുനോക്കി മനഃപാഠം പരിശോധിക്കുമായിരുന്നു. പ്രവാചക വിയോഗത്തോടടുത്ത റമദാനിൽ രണ്ടു തവണ ഈ പ്രക്രിയ നടക്കുകയുണ്ടായി.

നബിﷺ പറഞ്ഞു: "നിശ്ചയം, ജിബ്‌രീൽ(അ) എന്റെ ക്വുർആൻ മനഃപാഠം ഒരോ വർഷവും പരിശോധിക്കുമായിരുന്നു. ഈ വർഷം രണ്ടു തവണ അദ്ദേഹം അങ്ങനെ പരിശോധിച്ചു. എന്റെ മരണം ആസന്നമായതായി ഞാൻ മനസ്സിലാക്കുന്നു" (ബുഖാരി, അഹ്മദ്).

നബിﷺയുടെ വിയോഗത്തിന് മുമ്പുതന്നെ നൂറുകണക്കിന് അനുചരന്മാരുടെ ഹൃദയങ്ങളിലും ഫലകങ്ങളിലുമായി ക്വുർആൻ ക്രോഡീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. എന്നാൽ അതിനെ ഒരു ഗ്രന്ഥരൂപത്തിൽ രണ്ടു ചട്ടകൾക്കുള്ളിലാക്കി ക്രോഡീകരിച്ചിരുന്നില്ല.

എന്തു കൊണ്ടെന്നാൽ, ക്വുർആൻ ഒറ്റയടിക്ക് ഇറങ്ങിയ ഗ്രന്ഥമല്ല. പ്രത്യുത നബിﷺയുടെ പ്രവാചകത്വ ജീവിതത്തിലെ 23 വർഷക്കാലത്തെ വ്യത്യസ്ത സന്ദർഭങ്ങളിൽ ഘട്ടം ഘട്ടമായാണ് അത് അവതരിച്ചത്. ക്വുർആനിന്റെ അവതരണം പൂർത്തീകരിക്കപ്പെടുന്നത് നബിﷺ മരണത്തോടുകൂടിയാണ്, അതിനുമുമ്പുള്ള കാലം വഹ്‌യ് ഇറങ്ങിക്കൊണ്ടിരിക്കുന്ന കാലമായതിനാൽ ഗ്രന്ഥരൂപത്തിലാക്കിയാൽ പൂർത്തീകരിക്കപ്പെടാത്ത ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതു പോലെ അപൂർണമായിരിക്കും. നിയമങ്ങൾ അവതരിക്കുന്ന കാലമായതുകൊണ്ട് തന്നെ സമൂഹത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും മറ്റുമനുസരിച്ച് നിയമങ്ങളിലെ പരിഷ്‌കരണങ്ങൾ വരികയും സ്വാഭാവികമാണ്.


"വല്ല ആയത്തും നാം ദുർബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം അതിനെക്കാൾ ഉത്തമമായതോ അതിന് തുല്യമായതോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞു കൂടേ; അല്ലാഹു എല്ലാകാര്യത്തിനും കഴിവുള്ളവനാണെന്ന്?"(2:106).

മാത്രമല്ല മനഃപാഠമാക്കിവെച്ച ക്വുർആൻ അവരുടെ പക്കലുണ്ട്. സംശയം തീർക്കാൻ പ്രവാചകൻﷺ അവരോടൊപ്പം ജീവിച്ചിരിക്കുന്നുമുണ്ട്. എഴുതിവെച്ചത് വായിക്കാനറിയുന്നവരായിരുന്നില്ല അവരിൽ ഭൂരിപക്ഷവും. അതുകൊണ്ടുതന്നെ ലിഖിത രൂപത്തിൽ ഒരു ഗ്രന്ഥമായി ക്വുർആൻ ക്രോഡീകരിക്കൽ അവരെ സംബന്ധിച്ചിടത്തോളം അത്രതന്നെ പ്രസക്തമായിരുന്നില്ല. എന്നാൽ നബിﷺയുടെ വേർപാടിന്റെ തൊട്ടടുത്തവർഷം (ഹിജ്റ:11) തന്നെ അബൂബക്കർ

സിദ്ദീകിؓന്റെ കാലത്തെ പ്രത്യേക സാഹചര്യത്തിൽ ക്വുർആൻ ഒരു ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കുകയും ചെയ്തു. ക്വുർആൻ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിച്ചതിന്റെ മഹത്ത്വം അല്ലാഹു അബൂബക്കറിؓന്ന് കരുതിവെച്ചതായിരുന്നു എന്ന് സാരം.

നബിﷺയുടെ വിയോഗത്തെ തുടർന്ന് അബൂബക്കറിؓന് ഖിലാഫത്ത് ഏറ്റെടുത്ത ശേഷം നേരിടേണ്ടിവന്ന ഒരു വിഷയമായിരുന്നു കള്ളപ്രവാചകത്വ വാദികളും മനഃപരിത്യാഗികളുമുണ്ടാക്കിക്കൊണ്ടിരുന്ന കുഴപ്പങ്ങൾ. അങ്ങനെ അവരെ നേരിടാൻ ഖലീഫയുടെ നേതൃത്വത്തിൽ സൈനിക നീക്കമുണ്ടായി. രൂക്ഷമായ പോരാട്ടത്തിൽ ഇരുപക്ഷത്തുനിന്നും നിരവധിപേർ കൊല്ലപ്പെട്ടു. 'യമാമ' യുദ്ധമെന്ന പേരിൽ അറിയപ്പെടുന്ന ഈ സൈനിക നീക്കത്തിലാണ് കള്ളപ്രവാചകനായ മുസൈലിമ വധിക്കപ്പെട്ടത്. മുസ്‌ലിംകളിൽ നിന്ന് ക്വുർആൻ മനഃപാഠമുള്ള എഴുപതിലധികം ആളുകൾക്ക് ജീവഹാനി സംഭവിച്ചു. ഇതിനോടനുബന്ധിച്ച് ഉമറുബ്നുൽ ഖത്വാബ്ؓ ദീർഘവീക്ഷണം ചെയ്തുകൊണ്ട് അബൂബക്കർ സ്വിദ്ദീക്വിؓനെ സമീപിച്ചു. എന്നിട്ടു പറഞ്ഞു: "യമാമ ദിവസത്തിൽ യുദ്ധം രൂക്ഷമാവുകയും നിരവധി ക്വുർആൻ പണ്ഡിതന്മാർ കൊല്ലപ്പെടുകയും ചെയ്തു. ഇതേപോലുള്ള സന്ദർഭങ്ങളിൽ ഇനിയും ഇത് ആവർത്തിച്ചേക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. ക്വുർആൻ നഷ്ടപ്പെടാൻ ഇടയായേക്കുമത്. അതിനാൽ ക്വുർആൻ ക്രോഡീകരിക്കാൻ താങ്കൾ നിർദേശിക്കണമെന്നാണ് എന്റെ അഭിപ്രായം" (ബുഖാരി).

അങ്ങനെ നീണ്ട ചർച്ചകൾക്കൊടുവിൽ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി അബൂബക്കർؓ ഉമർؓ നിർദേശിച്ചതുപോലെ ക്വുർആൻ ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കാൻ തീരുമാനിച്ചു. അതിനായി പ്രവാചകന്റെ വഹ്‌യ് എഴുത്തുകാരിൽ പ്രമുഖനും ചെറുപ്പക്കാരനുമായ സൈദ്ബ്നു ഥാബിത്തിؓന്റെ നേതൃത്വത്തിൽ ക്വുർആൻ ക്രോഡീകരിക്കാൻ ഖലീഫ അബൂബക്കർؓ നിർദേശിച്ചു. അതുപ്രകാരം സ്വഹാബത്ത് മുമ്പ് എഴുതിവെച്ചിരുന്ന ലിഖിതങ്ങളും മനഃപാഠവും ഒത്തുനോക്കി പരിശോധിച്ച് ഉറപ്പുവരുത്തി ക്വുർആൻ പകർത്തിയെഴുതി രണ്ട് ചട്ടകൾക്കുള്ളിലാക്കി. അങ്ങനെ ഗ്രന്ഥരൂപത്തിലാക്കിയ ക്വുർആനിന്റെ പ്രതി അബൂബക്കറിؓന്റെ കൈവശം സൂക്ഷിച്ചു. അദ്ദേഹത്തിന്റെ കാലശേഷം രണ്ടാം ഖലീഫയായ ഉമറിؓന്റെ കൈവശമായിരുന്നു സൂക്ഷിച്ചിരുന്നത്. അദ്ദേഹത്തിന്റെ വിയോഗാനന്തരം പ്രവാചകപത്നിയും ഉമറിؓന്റെ മകളും വിശ്വാസികളുടെ മാതാവുമായ ഹഫ്സؓയുടെ കൈവശമായിരുന്നു അതുണ്ടായിരുന്നത്. ഇമാം ബുഖാരി, ഇമാം അഹ്മദ് മുതലായ പണ്ഡിതന്മാർ ഈ വിഷയം വിവരിക്കുന്ന വിശദമായ റിപ്പോർട്ടുകൾ, അവരുടെ ഹദീഥ് സമാഹാരങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (വിശദവിവരത്തിന് ഇബ്നുഅബീദാവൂദിന്റെ കിതാബുൽ മസ്വാഹിഫ് നോക്കുക).



**സൈദിؓന്റെ സവിശേഷതകൾ**

സ്വഹാബികളുടെ കൂട്ടത്തിൽ നിന്ന് സൈദിؓനെ ഈ ദൗത്യത്തിന്ന് ഖലീഫ അബൂബക്കർؓ ചുമതലപ്പെടുത്താൻ ചില പ്രത്യേക കാരണങ്ങളുണ്ട്. അത് ഇപ്രകാരം സംക്ഷേപിക്കാം:

1. ക്വുർആൻ പരിപൂർണമായി ഹൃദിസ്ഥമാക്കിയ ചെറുപ്പകാരനായിരുന്നു അദ്ദേഹം.

2. സത്യസന്ധതയിലും വിശ്വാസ്യതയിലും ആർക്കും യാതൊരുവിധ സംശയവുമില്ലാത്ത വ്യക്തിയും നബിﷺയുടെ വഹ്‌യ് എഴുത്തുകാരിൽ പ്രമുഖനുമായിരുന്നു അദ്ദേഹം.

3. നബിﷺയുടെ അവസാന കാലത്ത് ക്വുർആൻ മനഃപാഠം ജിബ്‌രീൽؑ പരിശോധിച്ചതിന് പൂർണമായി സാക്ഷിയാവുകയും നബിﷺയിൽ നിന്നും നേരിട്ട് ക്വുർആൻ മുഴുവനും ഓതിക്കേൾക്കുകയും ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം.

4. വിവിധ ഭാഷകളിലും മറ്റും പ്രാഗത്ഭ്യം തെളിയിച്ച കഴിവുറ്റ പണ്ഡിതനുമായിരുന്നു.

5. ബുദ്ധികൂർമതയിലും ഭക്തിയിലും സൂക്ഷ്മതയിലുമെല്ലാം അറിയപ്പെട്ട വ്യക്തിയുമായിരുന്നു അദ്ദേഹം.

താനടക്കമുള്ള സ്വഹാബിമാർ നബിﷺയിൽ നിന്ന് നേരിട്ട് കേട്ടെഴുതിയ, തികഞ്ഞ ശുദ്ധിയും സൂക്ഷ്മതയും പുലർത്തിയ ലിഖിതങ്ങളും സ്വഹാബത്തിന്റെ മനഃപാഠങ്ങളും ഒത്തുനോക്കി ക്വുർആൻ ക്രോഡീകരണമെന്ന മഹത്തായ ദൗത്യം സൈദുബ്നു ഥാബിത്ؓ പൂർത്തിയാക്കി.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 69, ഭാഗം: 4

# ഹാക്ക്വ (യഥാർഥ സംഭവം)

(മക്കയിൽ അവതരിച്ചത്)

38. എന്നാൽ നിങ്ങൾ കാണുന്നവയെക്കൊണ്ട് ഞാൻ സത്യം ചെയ്ത് പറയുന്നു:
39. നിങ്ങൾ കാണാത്തവയെക്കൊണ്ടും
40. തീർച്ചയായും ഇത് മാന്യനായ ഒരു ദൂതന്റെ വാക്കു തന്നെയാകുന്നു.
41. ഇതൊരു കവിയുടെ വാക്കല്ല. വളരെ കുറച്ചേ നിങ്ങൾ വിശ്വസിക്കുന്നുള്ളൂ.
42. ഒരു ജ്യോത്സ്യന്റെ വാക്കുമല്ല. വളരെക്കുറച്ചേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ.
43. ഇത് ലോകരക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാകുന്നു.
44. നമ്മുടെ പേരിൽ അദ്ദേഹം (പ്രവാചകൻ) വല്ല വാക്കും കെട്ടിച്ചമച്ചു പറഞ്ഞിരുന്നെങ്കിൽ
45. അദ്ദേഹത്തെ നാം വലതുകൈ കൊണ്ട് പിടികൂടുകയും,
46. എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു.
47. അപ്പോൾ നിങ്ങളിൽ ആർക്കും അദ്ദേഹത്തിൽ നിന്ന് (ശിക്ഷയെ) തടയാനാവില്ല.
48. തീർച്ചയായും ഇത് (ഖുർആൻ) ഭയഭക്തിയുള്ളവർക്ക് ഒരു ഉൽബോധനമാകുന്നു.
49. തീർച്ചയായും നിങ്ങളുടെ കൂട്ടത്തിൽ (ഇതിനെ) നിഷേധിച്ചു തള്ളുന്നവരുണ്ടെന്ന് നമുക്കറിയാം.
50. തീർച്ചയായും ഇത് സത്യനിഷേധികൾക്ക് ഖേദത്തിന് കാരണവുമാകുന്നു.
51. തീർച്ചയായും ഇത് ദൃഢമായ യാഥാർഥ്യമാകുന്നു.
52. അതിനാൽ നീ നിന്റെ മഹാനായ രക്ഷിതാവിന്റെ നാമത്തെ പ്രകീർത്തിക്കുക.

فَلَآ أُقْسِمُ بِمَا تُبْصِرُونَ ٣٨
وَمَا لَا تُبْصِرُونَ ٣٩
إِنَّهُۥ لَقَوْلُ رَسُولٍ كَرِيمٍ ٤٠
وَمَا هُوَ بِقَوْلِ شَاعِرٍ قَلِيلًا مَّا تُؤْمِنُونَ ٤١
وَلَا بِقَوْلِ كَاهِنٍ قَلِيلًا مَّا تَذَكَّرُونَ ٤٢
تَنزِيلٌ مِّن رَّبِّ ٱلْعَٰلَمِينَ ٤٣
وَلَوْ تَقَوَّلَ عَلَيْنَا بَعْضَ ٱلْأَقَاوِيلِ ٤٤
لَأَخَذْنَا مِنْهُ بِٱلْيَمِينِ ٤٥
ثُمَّ لَقَطَعْنَا مِنْهُ ٱلْوَتِينَ ٤٦
فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَٰجِزِينَ ٤٧
وَإِنَّهُۥ لَتَذْكِرَةٌ لِّلْمُتَّقِينَ ٤٨
وَإِنَّا لَنَعْلَمُ أَنَّ مِنكُم مُّكَذِّبِينَ ٤٩
وَإِنَّهُۥ لَحَسْرَةٌ عَلَى ٱلْكَٰفِرِينَ ٥٠
وَإِنَّهُۥ لَحَقُّ ٱلْيَقِينِ ٥١
فَسَبِّحْ بِٱسْمِ رَبِّكَ ٱلْعَظِيمِ ٥٢

38-43). കാണുന്നതും കാണാത്തതുമായ എല്ലാ വസ്തുക്കളെയും കൊണ്ട് അല്ലാഹു സത്യം ചെയ്യുന്നു. ഇതിൽ എല്ലാ സൃഷ്ടികളും ഉൾക്കൊള്ളുന്നു. പരിശുദ്ധനായ അല്ലാഹുവും ഉൾക്കൊള്ളും.

ക്വുർആനുമായി വന്ന നബിﷺയുടെ സത്യതയെ ആണ് ഇവിടെ സ്ഥാപിക്കുന്നത്. പരിശുദ്ധ ദൂതൻ അല്ലാഹുവിൽ നിന്നും അത് എത്തിച്ചു. അദ്ദേഹത്തെ കവിയെന്നും മാരണക്കാരനെന്നും ശത്രുക്കൾ

ആരോപിച്ചു. ആരോപണങ്ങളിൽ അല്ലാഹു ദൂതനെ പരിശുദ്ധപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരമൊരു ആരോപണത്തിന് അവരെ പ്രേരിപ്പിച്ചത് അവരുടെ വിശ്വാസമില്ലായ്മയും ചിന്താശൂന്യതയുമാണ്. പ്രവാചകന്റെ അവസ്ഥയെ അവർ ശരിയായി വീക്ഷിക്കുകയും അദ്ദേഹത്തിന്റെ സ്വഭാവങ്ങളെയും ഗുണങ്ങളെയും കുറിച്ച് ഒന്ന് ആലോചിക്കുകയും ചെയ്തിരുന്നെങ്കിൽ സൂര്യനെപ്പോലെ അവർക്ക് വ്യക്തമാകും; അദ്ദേഹത്തിന്റെയും അദ്ദേഹം കൊണ്ടുവന്നതിന്റെയും സത്യത. (ഇത് ലോകരക്ഷിതാവിൽ നിന്ന് അവതരിപ്പിക്കപ്പെട്ടവയാകുന്നു) മനുഷ്യരുടെ വാക്കുകളോട് അത് യോജിക്കുന്നില്ല. മറിച്ച് സൃഷ്ടികൾക്ക് ഉപരിയായ, അവരെ പൂർണമായി നോക്കിവളർത്തുന്ന, മഹത്തായ വിശേഷണങ്ങളുള്ള, ഏറെ മഹത്ത്വമുള്ളവന്റെ വചനങ്ങളാണത്. അത് മാത്രമല്ല, ഇവരുടെ വിചാരങ്ങളൊന്നും അല്ലാഹുവിനോടും അവന്റെ യുക്തിജ്ഞാനത്തോടും യോജിക്കുന്നതേയല്ല.

44-47). (നമ്മുടെ പേരിൽ (പ്രവാചകൻ) വല്ല വാക്കും കെട്ടിച്ചമച്ചു പറഞ്ഞിരുന്നെങ്കിൽ) കളവായി കെട്ടിച്ചമക്കുക. (വല്ല വാക്കുകളും) കളവായ. (അദ്ദേഹത്തെ നാം വലതു കൈകൊണ്ട് പിടികൂടും). (എന്നിട്ട് അദ്ദേഹത്തിന്റെ ജീവനാഡി നാം മുറിച്ചുകളയുകയും ചെയ്യുമായിരുന്നു). ഹൃദയവുമായി ബന്ധിപ്പിച്ച ഒരു ഞരമ്പാണത്. അത് മുറിഞ്ഞാൽ മനുഷ്യൻ നശിക്കും. ഇനി പ്രവാചകനെക്കുറിച്ച് സങ്കൽപിച്ചാൽ -അതൊരിക്കലും ഉണ്ടാവില്ല- അല്ലാഹുവിൽ കളവ് കെട്ടിച്ചമച്ച് പറയുക എന്നത്. അല്ലാഹു ഉടൻ ശിക്ഷിക്കുകയും പ്രതാപിയും ശക്തനുമായ ഒരുത്തൻ പിടികൂടുന്ന വിധം പിടികൂടുകയും ചെയ്യും. കാരണം അവൻ എല്ലാറ്റിനും കഴിയുന്ന യുക്തിമാനാണ്. അല്ലാഹുവിന്റെ യുക്തി തേടുന്നത് അവന്റെമേൽ കളവ് പറയുന്നവർക്ക് യാതൊരു സാവകാശവും നൽകരുതെന്നാണ്. തനിക്ക് എതിര് പ്രവർത്തിക്കുന്നവരുടെ രക്തവും ധനവും തനിക്ക് അനുവദനീയമാക്കിയിട്ടുണ്ടെന്നാണല്ലോ അദ്ദേഹം വാദിക്കുന്നത്. എന്നതിനാൽ അദ്ദേഹത്തിനും അദ്ദേഹത്തെ പിൻപറ്റുന്നവർക്കും വിജയമാണുള്ളത്. എതിര് പ്രവർത്തിക്കുന്നവർക്ക് നാശവും. എന്നാൽ അല്ലാഹു തന്റെ ദൂതനെ അമാനുഷിക ദൃഷ്ടാന്തങ്ങൾ കൊണ്ട് ശക്തിപ്പെടുത്തിയെങ്കിൽ അദ്ദേഹം കൊണ്ടുവന്നതിന്റെ സത്യത വ്യക്തമായ തെളിവുകൾ കൊണ്ട് തെളിയിക്കുകയും ശത്രുക്കൾക്കെതിരെ സഹായിക്കുകയും അവരെ കീഴ്പ്പെടുത്താൻ സൗകര്യം നൽകുകയും ചെയ്തുവെങ്കിൽ അതുതന്നെ അദ്ദേഹത്തിന്റെ പ്രവാചകത്വത്തിനുള്ള മികച്ച സാക്ഷ്യമാണ്.

(അപ്പോൾ നിങ്ങളിൽ ആർക്കും അദ്ദേഹത്തിൽ നിന്ന് (ശിക്ഷയെ) തടയാനാവില്ല). അല്ലാഹു അദ്ദേഹത്തെ നശിപ്പിക്കുകയാണെങ്കിൽ അദ്ദേഹത്തിന് സ്വന്തമായോ അല്ലെങ്കിൽ മറ്റാർക്കെങ്കിലുമോ ശിക്ഷയിൽ നിന്നു അദ്ദേഹത്തെ തടയാനാവില്ല.

48). (തീർച്ചയായും) അതായത് പരിശുദ്ധക്വുർആൻ (ഭയഭക്തിയുള്ളവർക്ക് ഒരു ഉൽബോധനമാകുന്നു). അതിനെ മുൻനിർത്തിയാണ് അവരുടെ ഇഹപരജീവിത നന്മകളെക്കുറിച്ച് അവർ ചിന്തിക്കുന്നത്.

അത് മനസ്സിലാക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. മതപരമായ വിശ്വാസങ്ങളെയും തൃപ്തികരമായ സ്വഭാവത്തെയും മതനിയമങ്ങളെയും അത് അവരെ ഉൽബോധിപ്പിക്കുന്നു. അങ്ങനെ അവർ മാതൃകായോഗ്യരായ പണ്ഡിതന്മാരും അറിവുള്ള അടിമകളും സച്ചരിതരായ നേതാക്കളുമായി ത്തീരുന്നു.

49). (തീർച്ചയായും നിങ്ങളുടെ കൂട്ടത്തിൽ അതിനെ നിഷേധിച്ചുതള്ളുന്നവരുണ്ടെന്ന് നമുക്കറിയാം) ഇതിൽ നിഷേധിക്കുന്നവർക്ക് താക്കീതും ഭീഷണിയുമുണ്ട്. അവരുടെ നിഷേധത്തിന് വഴിയെ കഠിനമായ ശിക്ഷയുണ്ടാകും.

50). (തീർച്ചയായും ഇത് സത്യനിഷേധികൾക്ക് ഖേദത്തിന് കാരണവുമാകുന്നു). അവരോട് വാഗ്ദത്തം ചെയ്തത് കണ്ടിട്ടും അവർ അതിനെ നിഷേധിച്ചു. അതിന്റെ സന്മാർഗം സ്വീകരിച്ചതും ഇല്ല, അതിന് കീഴ്പ്പെട്ടതും ഇല്ല. അതിൽ അവർ അതിയായി ഖേദിക്കും. അതിനാൽ അവർക്ക് പ്രതിഫലം നഷ്ടപ്പെട്ടു. കഠിനമായ ശിക്ഷ ലഭിക്കുകയും എല്ലാ ബന്ധങ്ങളും മുറിഞ്ഞുപോവുകയും ചെയ്തു.

51). (തീർച്ചയായും ഇത് ദൃഢമായ യാഥാർഥ്യമാകുന്നു) വിജ്ഞാനത്തിന്റെ ഏറ്റവും ഉന്നത സ്ഥാനത്തുള്ളത്. വിജ്ഞാനത്തിന്റെ ഉന്നതസ്ഥാനം ദൃഢബോധ്യമാണ്. ദൃഢബോധ്യതക്ക് മൂന്ന് തലങ്ങളുണ്ട്. ഓരോന്നും അതിനു മുമ്പുള്ളതിന്റെ മേലെയാണ്. ഒന്നാമത്തെത് (علم اليقين) ദൃഢമായ അറിവ്. (കേൾക്കുന്ന വിവരങ്ങളിൽ നിന്ന് ലഭിക്കുന്ന അറിവാണത്). മറ്റൊന്ന് ( عين اليقين ) ദൃഢമായ കൺകാഴ്ച. (കാഴ്ചശക്തിയിലൂടെ നേടുന്ന അറിവ്). പിന്നീട് (حق اليقين) ദൃഢമായ യാഥാർഥ്യം. (നേരിട്ടുള്ള അനുഭവശക്തി കൊണ്ട് നേടുന്ന അറിവ്). ഇത് ക്വുർആനിന്റെ വിശേഷണമാണ്. ഖണ്ഡിതമായ തെളിവുകളിൽ ശക്തമായ അറിവുകളാണ് ക്വുർആനിലുള്ളത്. ദൃഢമായ യാഥാർഥ്യം അനുഭവിക്കുന്നവന് കരസ്ഥമാക്കാൻ കഴിയുന്ന വിശ്വാസപരമായ അറിവുകളും യാഥാർഥ്യങ്ങളുമാണ് അതിലുള്ളത്.

(52). (അതിനാൽ നീ നിന്റെ മഹാനായ രക്ഷിതാവിന്റെ നാമത്തെ പ്രകീർത്തിക്കുക). അവന്റെ മഹത്ത്വത്തിന് യോജിക്കാത്തതിൽ നിന്ന് നീ അവനെ പരിശുദ്ധപ്പെടുത്തുക. അവന്റെ മഹത്ത്വത്തിന്റെയും ഭംഗിയുടെയും പൂർണതയുടെയും വിശേഷണങ്ങൾ പറഞ്ഞ് അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുക.

**(സൂറഃ അൽഹാക്വ പൂർത്തിയായി)**

ടി.കെ.അശ്റഫ്
tkashraf100@gmail.com

WISDOM ഡയലോഗ് 2.0

# വിമർശകരുടെ അടിത്തറയിളക്കിയ ഡയലോഗ് 2.0

വിസ്ഡം യൂത്ത് ഡിസംബർ ഒന്നിന് കണ്ണൂർ കളക്ടറേറ്റ് മൈതാനിയിൽ സംഘടിപ്പിച്ച 'വിശുദ്ധ ക്വുർആൻ: ദൈവികം കാലികം' എന്ന വിഷയത്തിലുള്ള ഡയലോഗ് 2.0 എന്ന പ്രോഗ്രാം ക്വുർആൻ വിമർശകരുടെ അടിത്തറയിളക്കുന്നതായി. ക്വുർആനിനെക്കുറിച്ച് വിമർശനം ഉന്നയിക്കുന്ന നാസ്തികന്മാരുടെ ഇത്രയും കാലത്തെ കുതന്ത്രമാണ് ഡയലോഗ് തുറന്നു കാണിച്ചത്. തങ്ങൾ ചെയ്തുകൂട്ടിയ അപരാധങ്ങൾ ഇസ്‌ലാമിന്റെ പേരിൽ പ്രചരിപ്പിക്കുകയാണ് നാസ്തികർ ചെയ്തുവന്നിരുന്നത്. കൃത്രിമമായി പടച്ചുണ്ടാക്കിയ ഒരു ഭൂമികയിൽ നിന്നുകൊണ്ടാണ് അവർ ഇസ്‌ലാമിന് നേരെ വിമർശനങ്ങൾ ഉന്നയിച്ചിരുന്നത്. അവരുണ്ടാക്കിയ വാസ്തവ വിരുദ്ധമായ ധാരണകളെ കടപുഴക്കാതെ പ്രതിരോധത്തിൽ നിന്നുകൊണ്ടുള്ള മറുപടികൾ അവരുടെ ലക്ഷ്യങ്ങൾ നേടിക്കൊടുക്കാൻ സഹായകമാവുകയാണ് ചെയ്യുക. ഇസ്‌ലാമിക ആശയങ്ങളെ തെറ്റിദ്ധരിപ്പിക്കാനായി, പ്രമാണങ്ങളെന്ന വ്യാജേന തങ്ങൾ ഉയർത്തിക്കൊണ്ടുവരുന്ന ടെക്സ്റ്റുകളുടെ നിജസ്ഥിതി പരിശോധിക്കാതെയുള്ള പ്രതികരണങ്ങളിലാണ് നാസ്തികർ ജീവിച്ചുപോന്നിരുന്നത്. 'വിസ്ഡം ഡയലോഗ്' നാസ്തികരുടെ പ്ലാറ്റ്ഫോം തന്നെ പിടിച്ചുലയ്ക്കുകയായിരുന്നു!

ഇസ്‌ലാമും ശാസ്ത്രവും എന്നും പരസ്പര സംഘട്ടനത്തിലാണെന്ന ധാരണയുടെ പിൻബലത്തിലാണ് നാസ്തികർ ശാസ്ത്ര വാദികളായി ചമഞ്ഞ് ഇസ്‌ലാമിനെ വിമർശിക്കാറുള്ളത്. വിശുദ്ധ ക്വുർആനിലെ പല ആയത്തുകളും ശാസ്ത്രത്തിന് എതിരാണെന്നും അതിനാൽ ക്വുർആൻ ശരിയല്ലെന്നുമാണ് പലപ്പോഴുമുള്ള അവരുടെ വിമർശനം. എന്നാൽ ക്വുർആനികാശയങ്ങൾ ഒരു കാലത്തും ശാസ്ത്രത്തിന്റെ ശരിയായ കണ്ടെത്തലുകൾക്ക് എതിരു നിന്നിട്ടില്ല. ശാസ്ത്രീയമായ കണ്ടെത്തലുകളുടെ അപൂർണത കാരണം എത്തിച്ചേരുന്ന തെറ്റായ നിഗമനങ്ങളുമായി ക്വുർആൻ പൊരുത്തപ്പെടുകയില്ലയെന്നത് സത്യമാണ്. ക്വുർആനിലെ ശാസ്ത്ര സൂചനകൾ ശാസ്ത്രജ്ഞന്മാർക്ക് മുന്നോട്ടു നീങ്ങാനുള്ള വ്യക്തമായ ചൂണ്ടുപലകയാണ്. അതൊരിക്കലും ശാസ്ത്രവുമായി പരസ്പരം സംഘട്ടനത്തിലല്ല വർത്തിക്കുന്നത്.

എന്നാൽ നാസ്തികരാവട്ടെ, ദൈവനിരാസവാദത്തിനായി അവർ നടത്തുന്ന കണ്ടെത്തലുകൾക്ക് പരിക്കുണ്ടാക്കാൻ സാധ്യതയുള്ള നിരീക്ഷണങ്ങൾ നടത്തിയ ശാസ്ത്രജ്ഞന്മാരെ ക്രൂരമായി കൊല ചെയ്യുകയോ ജയിലിലടയ്ക്കുകയോ ചെയ്ത പാരമ്പര്യമാണ് അവർക്കുള്ളത്. സ്വതന്ത്ര അന്വേഷണങ്ങൾക്ക് കടിഞ്ഞാണിടുകയും ഞങ്ങളാണ് യഥാർഥ ശാസ്ത്ര പ്രചാരകരെന്ന് വിളിച്ചു കൂവുകയും ചെയ്യുകയായിരുന്നു നാസ്തികരുടെ രീതി.

വംശീയതയും വർഗീയതയും ഉള്ളിലൊളിപ്പിച്ചു നാസ്തികർ നടത്തുന്ന ഇടപെടലുകളുടെ തൊലി പൊളിക്കുന്നതായിരുന്നു വിസ്ഡം ഡയലോഗിലെ ഓരോ വിഷയാവതരണവും. ശാസ്ത്രീയമായ കണ്ടെത്തലുകളെ നാസ്തികർ അടിച്ചൊതുക്കിയ കാലത്ത്, ഇസ്‌ലാമിക പരിസരത്തുനിന്നുയർന്നുവന്ന ശാസ്ത്രജ്ഞന്മാർ ആധുനിക ശാസ്ത്രീയ വിജ്ഞാനീയങ്ങൾക്ക് അസ്തിവാരമിടുകയായിരുന്നു. ഈ യാഥാർഥ്യം പ്രമുഖ ചരിത്രകാരൻ എം.ജി.എസ് നാരായണന്റെ നിരീക്ഷണങ്ങളുടെ ചുവടുപിടിച്ച് അവതരിപ്പിച്ച ഡോക്യുമെന്ററിയും അനുബന്ധമായ കൂട്ടിച്ചേർക്കലുകളും നാസ്തികർ ചരിത്രത്തിലുണ്ടാക്കിയ മിഥ്യാധാരണകൾ പൊളിച്ചെഴുതുന്നതായിരുന്നു.

'മുഹമ്മദ് നബി: കുടുംബം, ധാർമികത' എന്ന വിഷയത്തിൽ തിരൂരിൽ സംഘടിപ്പിച്ച ആദ്യ ഡയലോഗ് തൊടുത്തുവിട്ട ചോദ്യങ്ങളോട് വസ്തുനിഷ്ഠമായി പ്രതികരിക്കാൻ നാസ്തികർക്ക് ഇതുവരെയും സാധിച്ചിട്ടില്ല. അതിന്റെ പിറകെയാണ് കണ്ണൂരിൽ വെച്ച് അവരുടെ അടിത്തറ തന്നെയിളക്കിയ രണ്ടാമത്തെ ഡയലോഗിന്റെ രംഗപ്രവേശനവും.

കാലത്തിന്റെ ചോദ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുമ്പോഴാണ് പ്രബോധന സംഘടനകൾക്ക് കാലാതിവർത്തിയായി നിലനിൽക്കാൻ സാധിക്കുന്നത്. പ്രബോധന രംഗത്തെ തുടിപ്പുകൾ നിരീക്ഷിക്കുന്ന യുവാക്കൾക്ക് കർമരംഗത്ത് ബാധ്യത നിർവഹിക്കാനുള്ള വേദിയായി വിസ്ഡം യൂത്ത് മാറിക്കഴിഞ്ഞു.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
14 DECEMBER 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

# നാലാം വയസ്സിലേക്ക്...

WISDOM
ISLAMIC ORGANIZATION



ഒറ്റ പ്രതി ₹12

വാർഷിക വരിസംഖ്യ: ₹624

പ്രചാരണ മാസത്തിൽ: ₹550

നേരിന്റെ വരമൊഴി

# നേർപഥം

വാരിക

പ്രമാണങ്ങൾക്കൊപ്പം || ഗുണകാംക്ഷയുടെ ശബ്ദം || നേരിന്റെ ആർജ്ജവം || വേറിട്ട വായനാനുഭവം

## വരി ചേരുക, വായിക്കുക...

## പ്രചാരണ മാസം
## 2019 നവംബർ: 15 - ഡിസംബർ: 15

#Nerpathamweekly

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com** | **www.nerpatham.com**